بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 5 | ലക്കം 13

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി മാർച്ച് 26/ഹി.ശം. 1399 അമാൻ 26/1441 ശഅ്ബാൻ 01

### അല്ലാഹുവിന്റെ വചനം

كُلُّ نَفۡسٍ ذَآئِقَةُ الۡمَوۡتِ ؕ وَاِنَّمَا تُوَفَّوۡنَ اُجُوۡرَكُمۡ يَوۡمَ الۡقِيٰمَةِ ؕ فَمَنۡ زُحۡزِحَ عَنِ النَّارِ وَاُدۡخِلَ الۡجَـنَّةَ فَقَدۡ فَازَ ؕ وَمَا الۡحَيٰوةُ الدُّنۡيَاۤ اِلَّا مَتَاعُ الۡغُرُوۡرِ ○

എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. പുനരുഥാന നാളിൽ മാത്രമാണ് നിങ്ങളുടെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നല്കപ്പെടുന്നത്. അപ്പോൾ ഏതൊരാൾ നരകാഗ്നിയിൽനിന്ന് അകറ്റപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവോ അയാൾ തീർച്ചയായും വിജയം പ്രാപിച്ചു. ഇഹലോക ജീവിതം വഞ്ചനയുടെ കരുക്കൾ മാത്രമാണ്.(3:186)

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഇസ്‌ലാമിന്റെ സത്യസന്ധതയുടെ ആത്മാവ് തന്നെയാണ് അന്യജനതകളെ ഇസ്‌ലാമിൽ വരുന്നതിനു നിർബന്ധിക്കുന്നതെന്ന കാര്യം ഇംഗ്ലീഷുകാരായ വലിയ വലിയ ഗവേഷകർക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## സ്വഭാവപരമായ അമാനുഷികത

"അല്ലാഹുവിൽനിന്ന് പരിഷ്കരണം ആഗ്രഹിക്കലും സ്വന്തം കഴിവുകൾ ചെലവഴിക്കലും തന്നെയാണ് സത്യവിശ്വാസത്തിന്റെ മാർഗം. ദൃഢവിശ്വാസത്തോടുകൂടി തന്റെ കരങ്ങൾ പ്രാർഥനയ്ക്കു വേണ്ടി ഉയർത്തുന്നവന്റെ പ്രാർഥന അല്ലാഹു ഒരിക്കലും തിരസ്കരിക്കുകയില്ല. അതിനാൽ അല്ലാഹുവിനോടു ചോദിക്കുക, ദൃഢവിശ്വാസത്തോടും സത്യസന്ധമായ ഉദ്ദേശ്യത്തോടുംകൂടി ചോദിക്കുക. വീണ്ടും ഞാൻ ഉപദേശിക്കുന്നത് സൽസ്വഭാവം പ്രകടിപ്പിക്കുക എന്നത് സ്വന്തം അമാനുഷികത(കറാമത്ത്) വെളിപ്പെടുത്തുക എന്നതാണ്. അമാനുഷികത ഉള്ളവനാകാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ ഓർത്തുകൊള്ളട്ടെ, ശയ്ത്താൻ അവനെ വഞ്ചനയിൽ ഇടുന്നു എന്നാണ്. കറാമത്ത് അഥവാ അമാനുഷികതകൊണ്ട് പൊങ്ങച്ചവും അഹങ്കാരവുമല്ല ഉദ്ദേശ്യം. കറാമത്തുകൊണ്ട് ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സത്യസന്ധതയും യാഥാർഥ്യവും മനസിലാകുകയും സന്മാർഗം ഉണ്ടാകുകയും ചെയ്യുന്നു. ഞാൻ നിങ്ങളോടു വീണ്ടും പറയുന്നു, പൊങ്ങച്ചവും അഹങ്കാരവും സ്വഭാവപരമായ അമാനുഷികതയിൽ പ്രവേശിക്കപ്പെട്ടിട്ടെയില്ല. അതിനാൽ ഇത് സാത്താനികമായ ദുർബോധനമാണ്. നോക്കൂ! ഭൂമി ലോകത്ത് കോടിക്കണക്കിന് മുസ്‌ലിമീങ്ങൾ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്നുണ്ട്. ഇവരെല്ലാം വാളിന്റെ ശക്തിയും ബലാൽക്കാരവും കൊണ്ട് ഉണ്ടായവരാണോ? അല്ല! ഇത് തികച്ചും തെറ്റാണ്. ഇസ്‌ലാമിന്റെ അമാനുഷികമായ സ്വാധീനമാണ് അവരെ വലിച്ചുകൊണ്ടുവന്നത്. അമാനുഷികതകൾ പല ഇനങ്ങളിലും തരങ്ങളിലുമുണ്ടാകുന്നു. അവയിലൊന്നാണ് സ്വഭാവപരമായ അമാനുഷികത. അത് എല്ലാരംഗത്തും വിജയമാണ്. മുസ്‌ലിമീങ്ങളായിട്ടുള്ളവർ കേവലം പുണ്യാത്മാക്കളുടെ അമാനുഷിക പ്രവൃത്തിതന്നെയാണ് നോക്കിക്കണ്ടത്. അതിന്റെ സ്വാധീനമാണ് അവരിൽ പതിഞ്ഞതും. അവർ ഇസ്‌ലാമിനെ മഹത്ത്വത്തിന്റെ ദൃഷ്ടിയോടെ നോക്കി. വാൾ നോക്കിയില്ല. ഇസ്‌ലാമിന്റെ സത്യസന്ധതയുടെ ആത്മാവ് തന്നെയാണ് അന്യജനതകളെ ഇസ്‌ലാമിൽ വരുന്നതിനു നിർബന്ധിക്കുന്നതെന്ന കാര്യം ഇംഗ്ലീഷുകാരായ വലിയ വലിയ ഗവേഷകർക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്." (മൽഫൂദാത്ത് വാള്യം 1, പേജ് 125, ഖാദിയാൻ 2018)

## അല്ലാഹുവിന്റെ അജയ്യമായ ശക്തി:

അല്ലാഹു അവന്റെ അജയ്യമായ ശക്തിയെക്കുറിച്ച് പരിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

"ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനായ അല്ലാഹു സമസ്തലോകത്തിന്റേയും നാഥനാകുന്നു. സർവ്വസ്തുതിയും അവനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ മാഹാത്മ്യവും അവനുള്ളതാണ്. സർവശക്തനും സർവതന്ത്രജ്ഞനും അവനത്രെ." (45: 37 - 38)

"സപ്താകാശങ്ങളും ഭൂമിയും അവയിൽ അധിവസിക്കുന്നവരുമെല്ലാംതന്നെ അവനെ വാഴ്ത്തുന്നു. ഭൂമിയിലെ സർവവസ്തുക്കളും അവനെ സ്തുതിച്ചുകൊണ്ട് സ്തോത്രം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, (അവയുടെ) സ്തോത്രം നിങ്ങൾക്ക് മനസ്സിലാകുന്നില്ല. അവൻ തീർച്ചയായും (നിങ്ങളുടെ) ദോഷങ്ങൾ മറച്ചുവയ്ക്കുന്നവനും (പാപങ്ങൾ) പൊറുത്തുതരുന്നവനുമാകുന്നു." (17:45)

അല്ലയോ എന്റെ ദാസരേ, "നിങ്ങളുടെ നാഥൻ നിങ്ങൾക്കായി കടലിൽ കപ്പലുകൾ ചലിപ്പിക്കുന്നു; നിങ്ങൾ അവന്റെ അനുഗ്രഹം തേടിപിടിക്കുന്നതിനുവേണ്ടി. തീർച്ചയായും അവൻ നിങ്ങളുടെമേൽ തുടരെത്തുടരെ കരുണ ചെയ്യുന്നവനാകുന്നു. കടലിൽ നിങ്ങൾക്ക് ആപത്തണയുമ്പോൾ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവരൊക്കെയും (നിങ്ങളുടെ മനസ്സിൽനിന്ന്) മാറി മറയുന്നു; അവനൊഴികെ. എന്നാൽ, അവൻ നിങ്ങളെ രക്ഷപ്പെടുത്തി കരയിലേക്ക് കൊണ്ടുവരുമ്പോൾ നിങ്ങൾ അവനിൽനിന്ന് തിരിഞ്ഞുകളയുന്നു. മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ. അവൻ എപ്പോഴെങ്കിലും നിങ്ങളെ കരയിൽത്തന്നെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ നിങ്ങളുടെമേൽ ചരൽ വർഷിക്കുകയോ ഇല്ലെന്നും അതിൽനിന്ന് (നിങ്ങൾ) പൂർണസമാധാനത്തിലാണെന്നും പിന്നീട് നിങ്ങൾക്കുവേണ്ടി ഒരു കാര്യനിർവാഹകനെ നിങ്ങൾക്ക് കണ്ടെത്താനില്ലെന്നും നിങ്ങൾ മനസ്സിലാക്കുന്നുവോ? അല്ലെങ്കിൽ, മറ്റൊരിക്കൽ നിങ്ങളെ കടലിലേക്ക് അവൻ മടക്കിവിടുകയും നിങ്ങളുടെമേൽ ഒരു ശക്തമായ കാറ്റിനെ അയച്ച് നിങ്ങളുടെ നിഷേധം കാരണത്താൽ നിങ്ങളെ അവൻ മുക്കിക്കൊല്ലുകയില്ലെന്നും നിങ്ങൾ മനസ്സുറപ്പിച്ചിരിക്കുകയാണോ? പിന്നീട് നിങ്ങൾക്കൊരു തുണക്കാരനേയും നമുക്കെതിരെ കണ്ടെത്താനാവുകയില്ല." (ഇത് അസാധ്യമാണെന്ന് കരുതുന്നുവോ?) (70: 67 - 70)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**താലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**താലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 9 തിങ്കളാഴ്ച: (തുടർച്ച...)

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: മീറ്റിംഗിൽ മുബലിഗുമാർ ഓരോ മാസവും ചെയ്ത ജോലികൾ പരസ്പരം ഷെയർ ചെയ്യേണ്ടതാണ്. തബ്‌ലീഗിനുവേണ്ടി എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കപ്പെട്ടതെന്നും എന്തു ഫലമാണുണ്ടായതെന്നും ഏതു മാർഗമാണ് കൂടുതൽ വിജയകരമായതെന്നും എല്ലാവരും അറിയണം. എല്ലാ മാസവും മീറ്റിംഗുകൾ കൂടുന്ന സ്ഥലങ്ങളിലാണ് ഫലങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്.

ഹുദൂർ പറഞ്ഞു: രാത്രിയുടെ അന്ത്യയാമത്തിൽ തഹജ്ജുദ് നമസ്കരിക്കുന്ന ശീലമുണ്ടാക്കാൻ ഞാൻ മുറബ്ബിമാരോടു പറഞ്ഞിരുന്നു. തഹജ്ജുദ് നമസ്കരിച്ചുവെന്ന് റിപ്പോർട്ടുകളിൽ എഴുതിത്തരുന്നുണ്ട്. ഭൂരിഭാഗവും സുബ്ഹി നമസ്കാരത്തിനു മുമ്പേ എഴുന്നേല്ക്കുകയും രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുകയും ചെയ്യുകയാണ് പതിവ്. അങ്ങനെ ഈ കോളം ഫിൽ ചെയ്യുന്നു. ഇത് തഹജ്ജുദല്ല. കുറഞ്ഞത് അരമുക്കാൽ മണിക്കൂർ മുമ്പേ ഉണരുക. തണുപ്പുകാലത്ത് കൂടുതൽ സമയം ലഭിക്കുന്നു. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ഇതിനുശേഷം ഊഴമനുസരിച്ച് എല്ലാ മുബല്ലിഗുമാരോടും അവരവരുടെ സെന്ററുകളിലെ നമസ്കാരങ്ങളുടെ ഹാജർനില പരിശോധിച്ചു. ഹുദൂർ പറഞ്ഞു: മസ്ജിദുകളിൽ നമസ്കാരങ്ങൾക്ക് ഹാജർ ആകുന്നില്ലെങ്കിൽ മസ്ജിദുകൾ നിർമിക്കുന്നതുകൊണ്ടുള്ള ഫലമെന്താണ്? ഏറ്റവുമാദ്യം ജമാഅത്തിന്റെ ഭാരവാഹികളെ കൊണ്ടുവരാൻ തുടങ്ങുക എന്നത് മുബല്ലിഗുമാരോടു ഹുദൂർ നിർദേശിച്ചു. കുറഞ്ഞപക്ഷം അൻസ്വാറിന്റേയും ഖുദ്ദാമിന്റേയും മജ്‌ലിസെ ആമില ഉൾപ്പെടുന്ന 45, 50 പേർ ഒരു നമസ്കാരത്തിൽ ഹാജർ ഉണ്ടാകേണ്ടതാണ്. ഹുദൂർ പറഞ്ഞു: ഭാരവാഹികളുടെ മാതൃക ഉണ്ടാകുകയാണെങ്കിൽ മറ്റുള്ളവരുടെ ശ്രദ്ധയും ഉണ്ടാകും. മസ്ജിദുകളുടെ അടുത്ത് താമസിക്കുന്നവർ മസ്ജിദുകളിൽ നമസ്കരിക്കാൻ വരണമെന്ന് ഹുദൂർ നിർദ്ദേശിച്ചു.

താങ്കൾ താങ്കളുടെ ഹൽഖയിലെ ജമാഅത്തുകളിൽ പറഞ്ഞിട്ടാണോ പോകുന്നതെന്ന് ഒരു മുബല്ലിഗിനോടു ഹുദൂർ തിരക്കി. ഹുദൂർ പറഞ്ഞു: ഇടയ്ക്ക് അവരോടു പറയാതെയും പോകുക. ഇപ്രകാരം ശരിയായ പരിശോധനയും ലഭ്യമാകുന്നതായിരിക്കും. നമസ്കാരങ്ങളിലെ ഹാജർനില എന്താണെന്ന് അറിയാൻ കഴിയും.

ഹുദൂർ ഒരു മുബല്ലിഗിന് നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: താങ്കൾ താങ്കളുടെ എല്ലാ ജമാഅത്തുകളിലും ഓരോ ആഴ്ചയിലും പോകാൻ ശ്രമിക്കേണ്ടതാണ്.

ഹുദൂർ മുബല്ലിഗുമാർക്ക് നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: യുവാക്കളെ മസ്ജിദുകളുമായി ബന്ധപ്പെടുത്തുക; അവർ ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം അറിയാൻ.

ഒരു മുബല്ലിഗ് ചോദിച്ചു: അദ്ദേഹം മഗ്‌രിബ് ഇശാഅ് നമസ്കാരം ജംആക്കിയാണ് നമസ്കരിക്കുന്നത്. അപ്പോൾ ഹുദൂർ പറഞ്ഞു: നമസ്കാരം മൂന്ന് വഖ്ത്തെയുള്ളൂവെന്ന് ജനങ്ങൾ മനസ്സിലാക്കാനിടവരരുത്. താങ്കൾ മഗ്‌രിബ് അതിന്റെ സമയത്തുതന്നെ നമസ്കരിപ്പിക്കുക. പിന്നീട് ആളുകൾ ഇശാഅഇന്റെ നേരത്ത് വരുമ്പോൾ, മഗ്‌രിബ് നമസ്കരിക്കാൻ അവരോടു പറയുക. പിന്നീട് താങ്കൾ ഇശാഅ് നമസ്കരിപ്പിക്കുക, മുബല്ലിഗ് കൃത്യസമയത്തുതന്നെ നമസ്കരിച്ചു കഴിഞ്ഞുവെന്ന് അപ്പോൾ ആളുകൾ അറിയും. അഞ്ചുനേര നമസ്കാരം അതാതിന്റെ സമയത്ത് നമസ്കരിക്കേണ്ടതാണ്. നമസ്കരിക്കാത്തവരോട്, തനിച്ചു നമസ്കരിക്കാൻ പറയുക. പിന്നീട് അതിനുശേഷം അസ്വ്ർ ആകട്ടെ അല്ലെങ്കിൽ ഇശാ നമസ്കാരമാകട്ടെ നമസ്കരിക്കുക. യുവാക്കളായ കുട്ടികൾ നമസ്കാരം മൂന്നല്ല അഞ്ചാണെന്ന് അറിയാനാണിത്. കുട്ടികൾ, യുവാക്കൾ നമസ്കാരം മൂന്നുനേരമാണെന്ന് മനസ്സിലാക്കിയാൽ അവരുടെ ശിക്ഷണം തെറ്റായി നടക്കുന്നുവെന്നാണ് അർഥം. നിങ്ങൾ നിങ്ങളുടെ മാതൃക കാണിക്കാൻ മുതിർന്നവരോടു പറയുക.

ഹുദൂർ പറഞ്ഞു: കൂടുതലാളുകൾ ഇശാഅ് നമസ്കാരത്തിനു വരികയാണെങ്കിൽ– അവർക്കാണെങ്കിൽ മഗ്‌രിബ് നമസ്കരിക്കുകയും വേണം. അവരിൽ ഒരാളെ താങ്കൾ ഇമാമായി നിശ്ചയിച്ചു മറ്റു ഏതെങ്കിലും സ്ഥലത്ത് മാറി ജമാഅത്തായി നമസ്കരിപ്പിക്കാൻ അയാളോടു പറയുക. ഇത് കണ്ടെങ്കിലും അല്പം നാണക്കേടു തോന്നുകയില്ലെന്ന് ആർക്കാണ് അറിയുക.

ഹുദൂർ പറഞ്ഞു: ജനങ്ങളെ, ഖുത്ബകളുമായും എം.ടി.എയുമായും ബന്ധിപ്പിക്കുക. ഭാരവാഹികളുടെ പിന്നാലെ നടന്ന് അവരേയും എം.ടി.എയുമായും ഖുത്ബകളുമായും ബന്ധിപ്പിക്കുക.

ഹുദൂർ പറഞ്ഞു: മസ്ജിദിന് അടുത്ത് താമസിക്കുന്ന ജമാഅത്തംഗങ്ങളും ഭാരവാഹികളും മസ്ജിദിൽനിന്ന് അധിക ദൂരമില്ലെങ്കിൽ അവരോടു രാവിലെ ജോലിക്കു പോകുമ്പോൾ നമസ്കരിച്ചിട്ടുപോകാൻ പറയുക. വീടുകളിൽനിന്ന് ജോലിക്ക് പുറപ്പെടുമ്പോൾ സുബ്ഹി നമസ്കാരം മസ്ജിദിൽ ജമാഅത്തായി നിർവഹിക്കുക. തണുപ്പുകാലത്ത് ഇതു സാധിക്കുന്നതാണ്.

ഹുദൂർ പറഞ്ഞു: എവിടെയൊക്കെയാണോ നമസ്കാര സെന്ററുകൾ ഉണ്ടാക്കിയിട്ടുള്ളത് അവിടെ ആരെയെങ്കിലും സ്ഥിരമായി ഇമാമായി നിശ്ചയിക്കേണ്ടതാണ്. ഇന്നയാൾ ഇവിടെ ഇമാമാണെന്ന് വരുന്നവർക്ക് അറിയാൻ കഴിയണം.

ഹുദൂർ പറഞ്ഞു: മസ്ജിദിൽനിന്ന് എവിടെയൊക്കെയാണോ ആളുകൾ ദൂരത്ത് താമസിക്കുന്നത് അവർക്ക് അവിടെ നമസ്കാര സെന്ററുകൾ ഉണ്ടാക്കുമ്പോൾ അവിടെ ആഴ്ചയിലെ ഏഴു ദിവസവും നമസ്കാരം നടക്കേണ്ടതാണ്. കുറഞ്ഞപക്ഷം ഏഴുദിവസം മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങൾ ജമാഅത്തോടുകൂടി നിർവഹിക്കുക.

ഹുദൂർ പറഞ്ഞു: ഇവിടെ എം.ടി.എ. കാണുന്ന ശീലം കുറവാണ്. വീടുകളിൽ എം.ടി.എയിലെ ജുമുഅ ഖുത്ബ തീർച്ചയായും ടിവിയിൽ കാണിക്കാൻ ഞാൻ പറഞ്ഞിരുന്നു. വീടുകളിലാകുമ്പോൾ നടക്കുകയും മറ്റും ചെയ്യുമ്പോഴും ചെവികളിൽ ശബ്ദം പതിയുന്നതാണ്. ഇതിലേക്ക് ശ്രദ്ധക്ഷണിക്കേണ്ട ആവശ്യമുണ്ട്. ചെവികളിൽ ശബ്ദം പതിയുമ്പോൾ, അതിനും സ്വാധീനമുണ്ടാകും. കുറഞ്ഞത് ഒരു മണിക്കൂർ നിത്യവും എം.ടി.എ. കാണാൻ ശ്രമിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: ജനങ്ങളെ നമസ്കാരവുമായി ബന്ധിപ്പിക്കുക. എം.ടി.എ മുഖേന ഖിലാഫത്തുമായി ബന്ധിപ്പിക്കുക; എന്നാൽ, ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. അതുപോലെതന്നെ ഒരുപാട് പ്രശ്നങ്ങൾ മുന്നിൽ വരികയും ചെയ്യും.

ഹുദൂർ ഇൻചാർജ് മുബല്ലിഗ് സാഹിബിനോടു പ്രബോധന പദ്ധതിയെക്കുറിച്ച് അന്വേഷിച്ചു. മുബല്ലിഗ് ഇൻചാർജ്ജ് സാഹിബ് പറഞ്ഞു. ദായിയീനെ ഇലല്ലായുടെ അംഗസംഖ്യ വർധിപ്പിക്കാൻ പ്ലാനുണ്ട്. അതിനുവേണ്ടി ശ്രമിച്ചുവരികയാണ്.

ഹുദൂർ ചോദിച്ചു. ജമാഅത്തുകൾ മുറബ്ബിമാരിൽനിന്ന് സഹായമെടുക്കുന്നുണ്ടോ? അതോ താങ്കൾ താങ്കളുടെ പരിപാടി ഉണ്ടാക്കിയിരിക്കുകയാണോ? മുറബ്ബിമാരും, സെക്രട്ടറി തബ്‌ലീഗും സെക്രട്ടറി തർബിയ്യത്തും തമ്മിൽ കോ–ഓർഡിനേഷനുണ്ടോ? അത്ഫാൽ തുടങ്ങിയവരുടെ പരിപാടികളിലും ക്ലാസുകളിലും താങ്കളിൽനിന്ന് സഹായം എടുക്കുന്നുണ്ടോ? ലജ്നയുമായി എന്തെങ്കിലും പരിപാടി നടന്നിട്ടുണ്ടോ?

അപ്പോൾ മുബല്ലിഗ് പറഞ്ഞു: ലജ്നയോടൊപ്പം ചോദ്യോത്തര പരിപാടി സംഘടിപ്പിച്ചിരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: ലജ്നയ്ക്കായി എന്തു പരിപാടി നടത്തുകയാണെങ്കിലും അത് പർദയുടെ പിന്നിൽ നിന്നായിരിക്കണം.

ഹുദൂർ പറഞ്ഞു: ശിക്ഷണപരമായ എന്ത് ഇഷ്യൂ താങ്കളുടെ മുന്നിൽ വന്നാലും, ജമാഅത്തിനെ സംബന്ധിച്ച് എന്തു പ്രത്യേകമായ തർബിയ്യത്തീ ഇഷ്യൂ വന്നാലും കേന്ദ്രത്തിൽ അയക്കുന്ന റിപ്പോർട്ടിൽ വേറെതന്നെ അതെഴുതേണ്ടതാണ്.

ഹുദൂർ പറഞ്ഞു: ഞാൻ ഉപസംഘടനകൾ മുഖേന ജർമനിയിലെ കാര്യങ്ങൾ പരിശോധിച്ചിരുന്നു. അതിനു ഫലമുണ്ടായിട്ടുണ്ട്. ഇത് നിർബന്ധമാണ്. ധാരാളം കാര്യങ്ങളും പ്രശ്നങ്ങളും എന്റെ മുമ്പിൽ വന്നിരുന്നു. ഒരു ചോദ്യപത്രമുണ്ടാക്കിയാണ് അവർ പരിശോധന നടത്തിയത് അവരുടെ പേരു പറയാതെ ഒരുപാട് ഇഷ്യൂ മുന്നിൽ വന്നു. ഈ ഇൻഫർമേഷൻ കാരണത്താൽ ജൽസയിൽ എന്റെ മൂന്നു പ്രസംഗം നടന്നു.

ഹുദൂർ പറഞ്ഞു: പേരു പറയാനാഗ്രഹിക്കാത്തവർ അത് പറയണ്ട. പക്ഷേ, എന്തെങ്കിലും തർബിയ്യത്തി ഇഷ്യൂസ് ഉണ്ടെങ്കിൽ അത് നിങ്ങളുടെ റിപ്പോർട്ടിൽ എഴുതി അയക്കുക.

പ്രസിഡണ്ടുമാരിൽനിന്നുള്ള സഹകരണത്തെ കുറിച്ച് ഹുദൂർ ചോദിച്ചു. ഒരു മുബല്ലിഗ് പറഞ്ഞു: പ്രസിഡണ്ടിൽനിന്ന് സഹകരണം കുറവാണ്. അപ്പോൾ ഹുദൂർ പറഞ്ഞു: താങ്കളെ ഇവിടെ തർബിയ്യത്തിനു വേണ്ടിയാണ് നിശ്ചയിച്ചിട്ടുള്ളത്. തർബിയ്യത്ത് നല്കേണ്ടത് താങ്കളുടെ ജോലിയാണ്. താങ്കൾ യുക്തിപൂർവ്വം മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കണം. ശുണ്ഠി പിടിക്കരുത്. ശുണ്ഠി പിടിച്ച് മറുപടിയും നല്കരുത്.

ഹുദൂർ പറഞ്ഞു: മുറബ്ബിമാരുടെ സഹകരണം ഭാരവാഹികൾക്കുണ്ടാകേണ്ടതാണ്. ഭാരവാഹികളുടെ പ്രശ്നം സഹകരണവുമായി ബന്ധപ്പെട്ടത് എല്ലായിടത്തുമുണ്ട്. ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എന്നോട് പരേതനായ അബ്ദുൽ മാലിക് ഖാൻ സാഹിബ് പറഞ്ഞിരുന്നു, അദ്ദേഹം കറാച്ചിയിൽ മുബല്ലിഗായിരുന്നു. അബ്ദുല്ലാഹ് ഖാൻ സാഹിബ് കറാച്ചിയിലെ അമീറായിരുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരവസരത്തിൽ പറഞ്ഞു: 'എപ്രകാരം മാലിക് ഖാൻ സാഹിബും അബ്ദുല്ലാഹ് ഖാൻ സാഹിബും പരസ്പരം സഹകരണത്തോടെ പ്രവർത്തിക്കുന്നുവോ അതേപ്രകാരം മറ്റുള്ള മുറബ്ബിമാർക്ക് എന്തുകൊണ്ട് പ്രവൃത്തിക്കാൻ സാധിക്കുകയില്ല.'

നമസ്കാരം ജംആക്കുന്നതിനെ സംബന്ധിച്ച് ഒരു മുറബ്ബി സാഹിബ് ചോദിച്ചു. ലണ്ടനിൽ നമസ്കാരം ജംആക്കുന്നുണ്ടെന്ന് ഇവിടെ ഏതോ ഒരു സുഹൃത്ത് പറഞ്ഞിരുന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു: പത്തുമാസത്തിലധികമായി ഞാൻ അഞ്ചുനേര നമസ്കാരം വെവ്വേറെയാണ് നമസ്കരിക്കുന്നത്. ചൂടുകാലത്ത് ഏകദേശം ഒന്നരമാസം മഗ്‌രിബ്–ഇശാഅ് നമസ്കാരവും തണുപ്പുകാലത്ത് ള്വുഹർ–അസ്വ്ർ നമസ്കാരവും ജംആക്കി നമസ്കരിക്കുന്നു. കാരണം ആ രണ്ട് നമസ്കാരത്തിനും ഇടയിൽ സമയം വളരെ കുറവാണ്. ഹുദൂർ പറഞ്ഞു, ഏതു സ്നേഹിതനാണോ ഇത് പറഞ്ഞത് അയാൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടതാണ്. (തുടരും) (ബദ്ർ വീക്കിലി, ഉർദു 7–14 മാർച്ച് 2019)

## ഖുത്ബ ജുമുഅ

# ഇസ്‌ലാം കളവ് പറയാൻ ഒരിക്കലും അനുവദിക്കുന്നില്ല.

നബി(സ)തിരുമേനി പ്രത്യേക സന്ദർഭങ്ങളിൽ കളവു പറയാൻ അനുവാദം നല്കിയിരുന്നുവോ?

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ പൊതുവെയുള്ള ഈ തെറ്റായ ധാരണയുടെ ദൂരീകരണം.

മദീന സർക്കാറുമായുള്ള ഉടമ്പടി ബനൂനദീറും ബനൂഖുറയ്ളയും ലംഘിച്ച കാരണത്താൽ അവർക്കെതിരിലുള്ള നടപടിയുടെ വിശദീകരണം.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്‌രി സ്വഹാബി ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ(റ)യുടെ വിശുദ്ധമായ ജീവിതത്തിന്റെ ചർച്ച.

കുഴപ്പമുണ്ടാക്കുന്നവനും ജനങ്ങളെ പ്രകോപിപ്പിക്കുന്നവനുമായിരുന്ന യഹൂദി നേതാവ് അബൂറാഫിഅ് എന്ന പേരിൽ അറിയപ്പെടുന്ന സല്ലാം ബിൻ അബീ അൽഹഖീഖിന്റെ വധവും അതിനുള്ള കാരണങ്ങളും

ഇസ്‌ലാമാബാദിനെ ആദ്യമായി ജനവാസയോഗ്യമാക്കുകയും അതുല്യമായി സേവനം നടത്തുകയും ചെയ്ത ബഹുമാന്യ താജ്ദീൻ സാഹിബിന്റെ വഫാത്തും അനുസ്മരണവും.

**ഖുത്ബ ജുമുഅ 2020 ഫെബ്രുവരി 14/1399 സുൽഹ് 17,**
**മസ്ജിദ് ബയ്ത്തുൽഫുത്തൂഹ്, മോർഡൻ, (സർറെ) യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഞാൻ മുഹമ്മദ് ബിൻ മസ്‌ലമയെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. അതിൽ കുറച്ചു വിവരിക്കാൻ ബാക്കിയുണ്ടായിരുന്നു. ഇന്ന് ഇൻശാ അല്ലാഹ് അതു വിവരിക്കുന്നതാണ്. കഅ്ബ് ബിൻ അശ്‌റഫിന്റെ വധവുമായി ബന്ധപ്പെട്ട് പറഞ്ഞിരുന്ന ഒരു കാര്യമിതാണ്, ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ അയാളെ ഒരു തന്ത്രം പ്രയോഗിച്ച് വീട്ടിൽനിന്നിറക്കി അകലെ കൊണ്ടുപോയി വധിച്ചു. അത് കളവല്ലെ? അതുപോലെതന്നെ ചില പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം ഒരു ഹദീഥിന്റെ അടിസ്ഥാനത്തിൽ മൂന്ന് അവസരത്തിൽ കളവു പറയൽ അനുവദനീയമാണ് എന്ന കാര്യവും പറഞ്ഞിരുന്നു. പക്ഷേ, വാസ്തവത്തിൽ അത് തെറ്റായ ഭാവനയാണ്. അല്ലെങ്കിൽ ഹദീഥിന്റെ തെറ്റായ വ്യാഖ്യാനമാണ്. എന്തായാലും ഞാൻ അത് വ്യക്തമാക്കിയിരുന്നു. അത് സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിവരിച്ചിട്ടുള്ളതാണ്. നബി(സ)തിരുമേനി കളവു പറയുന്നതിനും ദീൻ മറച്ചുവെക്കുന്നതിനുമുള്ള അനുവാദം നല്കിയിരിക്കുന്നു എന്ന ഒരു ക്രിസ്ത്യാനിയുടെ ആക്ഷേപത്തിനു മറുപടിയായി ഹദ്‌റത്ത് മസീഹ് മൗഊദ്(അ) 'നൂറുൽ ഫുർഖാനിൽ' വ്യക്തമായും വെളിച്ചം വീശിയിരിക്കുന്നു. അതിന്റെ കുറച്ചുഭാഗം, അതിൽനിന്നുള്ള ചില ഭാഗങ്ങൾ ഇപ്പോൾ വിവരിക്കുന്നതാണ്. അതുമുഖേന ഇസ്‌ലാം കളവു പറയുന്നതിന് ഒരിക്കലും അനുവാദം നല്കുന്നില്ലെന്ന് തികച്ചും വ്യക്തമാകുന്നതാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ക്രിസ്ത്യാനിയുടെ ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് പറയുന്നു: 'നബി(സ)തിരുമേനി കളവു പറയുന്നതിന് അനുവാദം നല്കിയിരിക്കുന്നുവെന്നുള്ളതാണ് ഒരു ആക്ഷേപം. തന്റെ മതത്തെ മറച്ചുവെക്കുന്നതിനുവേണ്ടി വിശുദ്ധ ഖുർആനിൽ വ്യക്തമായ കല്പന നല്കിയിരിക്കുന്നുവത്രെ. എന്നാൽ, ഇഞ്ചീൽ തന്റെ വിശ്വാസം മറച്ചുവെക്കുന്നതിന് അനുവാദം നല്കിയിട്ടില്ല. ഇതാണ് ആക്ഷേപം. ഇതിനുള്ള മറുപടിയിൽ അവിടന്ന് പറയുന്നു: 'എത്രമാത്രം സത്യസന്ധത നിലനിറുത്തുന്നതിന് വിശുദ്ധ ഖുർആനിൽ താക്കീതു ചെയ്തു പറഞ്ഞിട്ടുണ്ടോ ഇഞ്ചീലിൽ അതിന്റെ പത്തിലൊന്നുപോലും പറഞ്ഞിട്ടുണ്ടെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയില്ല.'

പിന്നീട് അവിടന്ന് പറയുന്നു: 'വിശുദ്ധ ഖുർആൻ കളവു പറയുന്നതിനെ ബിംബാരാധനയ്ക്കു സമമായി പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു: *ഫജ്തനിബുർരിജ്സ മിനൽ ഔഥാനി വജ്തനിബൂ ഖൗലസ്സൂരി* അതായത് ബിംബാരാധനയുടെയും കളവിന്റെയും മാലിന്യങ്ങളിൽനിന്ന് വിട്ടു നില്ക്കുക.' (22:31) മറ്റൊരു സ്ഥലത്ത് പറഞ്ഞു:

*യാ അയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ബിൽഖിസ്ത്വി ശുഹദാഅ ലില്ലാഹി വലൗ അലാ അൻഫുസിക്കും അവിൽവാലിദയ്നി വൽ അഖ്‌റബീന* വിശ്വസിച്ചവരേ! നിങ്ങൾ സത്യത്തിൽ നിലകൊള്ളുകയും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരാകുകയും ചെയ്യുവിൻ. നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ അതുകൊണ്ടു നഷ്ടമുണ്ടായാൽ പോലും. (4:136) അവിടന്ന് ഈ ആക്ഷേപകനെ സംബോധന ചെയ്ത് പറയുന്നു: 'അല്ലയോ ദൈവഭയമില്ലാത്തവനേ! ഇത്തരത്തിൽ സത്യം പറയാനുള്ള താക്കീതു ചെയ്തുകൊണ്ടുള്ള കല്പന ഇഞ്ചീലിൽ എവിടെയാണുള്ളതെന്ന് അതൊന്നു തുറക്കുകയും ഞങ്ങൾക്കൊന്ന് കാണിച്ചു തരികയും ചെയ്യുക'

വീണ്ടും അതേ ഫതഹ് മസീഹ് എന്നു പേരുള്ള ക്രിസ്ത്യാനിയെ സംബോധന ചെയ്ത് ഹദ്‌റത്ത് മസിഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനി മൂന്നു സ്ഥലത്ത് കളവു പറയാനുള്ള അനുവാദം നല്കിയിരിക്കുന്നു എന്ന് താങ്കൾ എഴുതിയിരിക്കുന്നു. താങ്കളുടെ അജ്ഞത കാരണത്താലാണ് താങ്കൾക്ക് ഈ തെറ്റു പറ്റിയത്. യാഥാർഥ്യമെന്താണെന്നാൽ ഒരു ഹദീഥിലും കളവു പറയാനുള്ള അനുവാദം ഒരിക്കലും നല്കിയിട്ടില്ല. ഹദീഥിലുള്ള പദം *ഇൻ ഖുതിൽത്ത വ ഉഖ്‌രിഖ്ത്ത* എന്നാണ്. അതായത് നീ വധിക്കപ്പെട്ടാലും തീയിലെരിക്കപ്പെട്ടാലും ഒരിക്കലും സത്യത്തെ ഉപേക്ഷിക്കരുത്. നിങ്ങളുടെ ജീവൻതന്നെ നഷ്ടപ്പെട്ടാലും വേണ്ടില്ല നിങ്ങൾ നീതിയേയും സത്യത്തേയും ഉപേക്ഷിക്കരുതെന്നാണ് ഖുർആനും പറയുന്നത്. നിങ്ങൾ വധിക്കപ്പെട്ടാലും തീയിലെരിക്കപ്പെട്ടാലും സത്യം മാത്രമേ പറയാവൂ എന്നു ഹദീഥും പറയുന്നു. അപ്പോൾ വിശുദ്ധ ഖുർആനും ഹദീഥുകൾക്കും എതിരായിട്ടുള്ള ഒരു ഹദീഥ് ഉണ്ടെങ്കിൽത്തന്നെ അതൊരിക്കലും അംഗീകരിക്കാവതല്ല. വിശുദ്ധ ഖുർആനും സ്വഹീഹായ ഹദീഥുകൾക്കും വിരുദ്ധല്ലാത്ത ഹദീഥുകൾ മാത്രമേ ഞങ്ങൾ സ്വീകരിക്കുകയുള്ളൂ.' അവിടന്ന് പറയുന്നു: 'ചില ഹദീഥുകളിൽ ദ്വൈർഥപദങ്ങൾ പ്രയോഗിക്കുന്നത് കുഴപ്പമില്ലെന്ന സൂചന ലഭിക്കുന്നുണ്ട്; അതായത് ചില ഉദ്ദേശ്യം വച്ചുകൊണ്ട് രണ്ടർഥമുള്ള പദങ്ങൾ വിവരിക്കുക. അതിനോടു വെറുപ്പുണ്ടാക്കുക എന്നുദ്ദേശ്യത്തോടെ 'കളവ്' എന്ന് പേരുവെക്കപ്പെട്ടിരിക്കുകയാണ്. ദ്വൈർഥപരമായ കാര്യം ഉണ്ടാകുമ്പോൾ അതിനെ എടുത്ത് എതിരാളികൾ വിദ്വേഷമുണ്ടാക്കുക എന്നുദ്ദേശ്യത്തോടുകൂടി കളവിന്റെ പേര് ചാർത്തിക്കൊണ്ടിരിക്കുകയാണ്.' അവിടന്ന് പറഞ്ഞു: 'ഒരു വിഡ്ഢിയും വിവരദോഷിയും അത്തരം പദം ഏതെങ്കിലും ഹദീഥുകളിൽ പരസ്പരം ദയാപൂർവം പെരുമാറുക എന്ന നിലയിൽ എഴുതിക്കണ്ടാൽ– അതായത് ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി ഏതെങ്കിലും പദം എളുപ്പമാക്കി

ഉപയോഗിക്കപ്പെടുക എന്നത് സർവസാധാരണമാണല്ലോ-അത് യഥാർഥ കളവെന്ന് മനസ്സിലാക്കുന്നതാകാം. എന്നാൽ, യഥാർഥത്തിൽ കളവല്ലാത്ത, പരസ്പരം ദയാപൂർവം പെരുമാറുക എന്ന നിലയിൽ പ്രയോഗിക്കുന്ന പദം കളവിന്റെ വർണത്തിൽത്തന്നെ ഗതിമുട്ടുന്ന നേരത്ത് ഉപയോഗിക്കാൻ പൊതുജനത്തിനു അനുവാദമുള്ളതായി ഹദീഥുകളിൽ കാണാം. കാരണം യഥാർഥ കളവ് ഇസ്‌ലാമിൽ വൃത്തികെട്ടതും നിഷിദ്ധവും ബിംബാരാധനയ്ക്ക് സമവുമാണെന്നുള്ള അഖണ്ഡിതമായ വിധിയെ മനസ്സിലാക്കത്തവൻ പരസ്പരം ദയാപൂർവം പെരുമാറുക എന്ന നിലയിൽ പ്രയോഗിച്ചിട്ടുള്ള പദം-അത് യഥാർഥത്തിൽ കളവല്ല- 'കളവു' തന്നെയെന്ന് മനസ്സിലാക്കുന്നു.

എന്നിരുന്നാലും വീണ്ടും ദ്യർഥപദപ്രയോഗങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവരാണ് ഉത്തമർ എന്നും എഴുതിയിരിക്കുന്നു. ഇസ്‌ലാമികമായ സാങ്കേതികാർഥത്തിൽ ദ്യർഥപദപ്രയോഗം എന്നു പറയുന്നത് കുഴപ്പമുണ്ടാകുമെന്ന ഭയത്താൽ ഒരു കാര്യത്തെ മറച്ചുവെക്കുന്നതിനുവേണ്ടി അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്ദേശ്യത്തോടെ ഒരു രഹസ്യമായ കാര്യം മറച്ചുവെക്കുക എന്നുദ്ദേശ്യത്തോടെ ബുദ്ധിമാന് മനസ്സിലാകുകയും അജ്ഞന് മനസ്സിലാകാതിരിക്കുകയും ചെയ്യാൻ- അവന്റെ ചിന്ത വേറെ വഴിയിലേക്ക് തിരിച്ചുവിടാൻ വേണ്ടി വിവരിക്കപ്പെടുന്നതിനാണ്. അത് പറയുന്ന ആളുടെ(ഉത്തമപുരുഷൻ) ഉദ്ദേശ്യമല്ലാത്തതും ചിന്തിച്ചതിനുശേഷം മനസിലാകുന്നതുമായ കാര്യമാണ്. പറയുന്നയാൾ പറഞ്ഞത് കളവല്ല, പ്രത്യുത സത്യം മാത്രമാണ്. ഒരു തരത്തിലുള്ള കളവും കലർന്നിട്ടില്ലാത്തതാണ്. മനസ് തരിമ്പും കളവിലേക്ക് ചാഞ്ഞുപോയിട്ടില്ല. അവിടന്ന് പറയുന്നു: 'ചില ഹദീഥുകളിൽ രണ്ടു മുസ്‌ലിമീങ്ങളെ തമ്മിൽ രഞ്ജിപ്പിലാക്കുന്നതിനും അല്ലെങ്കിൽ തന്റെ ഭാര്യയെ ഏതെങ്കിലും കുഴപ്പത്തിൽനിന്നും കുടുംബപരമായ വെറുപ്പുകളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷിക്കുന്നതിനും അല്ലെങ്കിൽ യുദ്ധത്തിൽ തങ്ങളുടെ ഉദ്ദേശ്യങ്ങൾ ശത്രുക്കളിൽനിന്ന് മറച്ചുവെക്കുന്നതിനും ശത്രുവിന്റെ ശ്രദ്ധ മറ്റൊരിടത്തേക്ക് ആക്കുന്നതിനും ദ്യർഥപദപ്രയോഗം കാണുന്നതുപോലെ! എന്നാൽ, ഇതിന്റെ ഗുണത്തോടുകൂടി ഇതിന് നിരവധി ഹദീഥുകൾ വേറേയുമുണ്ട്. ഇവയിൽനിന്ന് മനസ്സിലാകുന്നത് ദ്യർഥപദപ്രയോഗം തഖ്‌വയുടെ ഉന്നത നിലവാരത്തിനെതിരാണെന്നാണ്. എന്തായാലും വ്യക്തമായ സത്യം തന്നെയാണ് ഏറ്റവും ഉത്തമമായത്; അതു കാരണമായി വധിക്കപ്പെട്ടാലും വേണ്ടില്ല, തീയിലെരിക്കപ്പെട്ടാലും വേണ്ടില്ല.

പിന്നീട് അവിടന്ന് പറയുന്നു: ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനി കഴിവിന്റെ പരമാവധി ഇതിൽനിന്ന് വിട്ടുനിൽക്കാൻ കല്പിച്ചിരിക്കുന്നു. സംസാരത്തിന്റെ അർഥം അതിന്റെ ബാഹ്യമായ പ്രവർത്തിയും കളവുമായി സാദൃശ്യമുള്ളതാകാതിരിക്കാൻ അദ്ദേഹം തുടർന്നു പറയുന്നു: ജനാബ് സയ്യിദുൽ മുർസലീൻ(സ) ഉഹുദു യുദ്ധത്തിൽ തനിച്ചായ അവസ്ഥയിൽ നഗ്നമായ വാളുകൾക്ക് മുമ്പിൽ പറയുകയായിരുന്നു; ഞാൻ മുഹമ്മദാണ്. ഞാൻ അല്ലാഹുവിന്റെ നബിയാണ്. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.

ഇവിടെ ഇതുംകൂടെ വ്യക്തമാക്കട്ടെ. ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ അതേ ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ എഴുതി: 'ഇത് തെറ്റായി എഴുതപ്പെട്ടതാണ്. ഈ സംഭവം ഹുനയ്ൻ യുദ്ധത്തിലേതാണ്; ഉഹുദു യുദ്ധത്തിലേതല്ല.' വാസ്തവത്തിൽ ഇപ്പോൾ നമ്മുടെ റിസർച്ച് സെല്ലു തന്നെ സീറത്തുൽ ഹൽബിയായുടെ ഉദ്ധരണി എടുത്ത് അയച്ചിരിക്കുന്നു. അതിൽ എഴുതിയിരിക്കുന്നു: 'ഈ വാക്കുകൾ നബി(സ) തിരുമേനി ഹുനയ്നിലും ഉഹുദിലും രണ്ട് യുദ്ധങ്ങളിലും പറഞ്ഞിട്ടുണ്ട്.' അതുകൊണ്ട് ഇശാഅത്തിന്റെ വകുപ്പ്, നളാറത്തെ ഇശാഅത്തും ഈ അടിക്കുറിപ്പ് ഭാവിയിൽ എടുക്കേണ്ടതാണ്. മിക്കപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. ചിലപ്പോൾ തിടുക്കത്തിൽ പ്രവർത്തിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ വാക്കുകളുടെ ഉദ്ദേശ്യം പുറത്തെടുക്കുന്നതിന് അല്ലെങ്കിൽ സുഗമമാക്കുന്നതിന് അടിക്കുറിപ്പിൽ ഇതു തെറ്റാണ്, അല്ലെങ്കിൽ മറന്നിട്ടെഴുതിയതാണ് എന്ന് എഴുതുന്നു. വാസ്തവത്തിൽ ധാരാളം റിസർച്ച് ചെയ്യേണ്ട ആവശ്യമുണ്ട്; ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് എന്തായാലും ഇപ്പോൾ ഈ ഉദ്ധരണി എന്റെ മുമ്പിൽ വന്നിരിക്കുന്നു. ഈ വാക്കുകൾ ഹുനയ്നിലും ഉഹുദിലും നബി(സ) തിരുമേനി പറഞ്ഞിരുന്നുവെന്ന് വ്യക്തമായും എഴുതിയിരിക്കുന്നു. ഈ വിശദീകരണം ഇതു സംബന്ധമായും ഉണ്ടായിക്കഴിഞ്ഞു.

വീണ്ടും അവിടന്ന്(അ) പറയുന്നു: 'ഏതെങ്കിലും ഹദീഥിൽ ദ്യർഥപരമായ പദപ്രയോഗം പരസ്പരം ദയാപൂർവം പെരുമാറുക എന്ന നിലയിൽ കളവ് (കദിബ്) എന്ന പദംകൊണ്ട് വിവരിക്കപ്പെട്ടാലും അതു അങ്ങേയറ്റം വിഡ്ഢിത്തമാണ്. അതായത് വാക്കുകളെ സുഗമമാക്കുന്നതിന്, മനസ്സിലാക്കിക്കൊടുക്കുന്നതിന് എവിടെയെങ്കിലും 'കദിബ്' എന്ന പദം എഴുതിയിട്ടുണ്ടെങ്കിൽത്തന്നെയും അവിടന്ന്(സ) പറഞ്ഞു, 'ഇതു അങ്ങേയറ്റം വിവരമില്ലായ്മയാണ്; ആരെങ്കിലും അതിനെ യഥാർത്ഥ കദിബിൽ ഏറ്റിവച്ചാലും വേണ്ടില്ല; ഖുർആനും ശരിയായ ഹദീഥുകളും യോജിച്ചുകൊണ്ട് യഥാർഥ കളവിനെ അങ്ങേയറ്റം നിഷിദ്ധവും മലീമസവുമെന്ന് പറയുമ്പോൾ-ഉന്നത നിലവാരത്തിലുള്ള ഹദീഥുകൾ ദ്യർഥപരമായ പ്രശ്നത്തെ തുറന്നു വിവരിച്ചുകൊണ്ടിരിക്കുമ്പോൾ ഏതെങ്കിലും ഹദീഥിൽ ദ്യർഥപരമായ പദപ്രയോഗത്തിനു പകരം കദിബിന്റെ പദം വന്നാൽതന്നെ നഊദുബില്ലാഹ് അതുകൊണ്ടുള്ള ഉദ്ദേശ്യം യഥാർഥ കദിബ് എങ്ങനെയാകാനാണ്. പ്രത്യുത അത് അംഗീകരിക്കുന്നവന്റെ അതിസൂക്ഷ്മമായ ദൈവഭക്തിയുടെ അടയാളമായിരിക്കും. ആരെങ്കിലും ദ്യർഥപരമായ പദത്തെ കദിബിന്റെ രൂപത്തിൽ മനസ്സിലാക്കി പരസ്പരം ദയാപൂർവ്വം പെരുമാറുക എന്ന നിലയിൽ കദിബിന്റെ പദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ നമുക്ക് ഖുർആനും ശരിയായ ഹദീഥുകളും അനുസരിക്കേണ്ടത് നിർബന്ധമാണ്. ഇനി ഏതെങ്കിലും കാര്യം ഇതിനെതിരാണെങ്കിൽ, അതിനു വിരുദ്ധമായിട്ടുള്ള അർഥം നമ്മൾ ഒരിക്കലും സ്വീകരിക്കുകയില്ല.

വീണ്ടും അവിടന്ന്(അ) പറയുന്നു: 'വിശുദ്ധ ഖുർആൻ കളവ് പറയുന്നവരെ ശപിച്ചിരിക്കുന്നു. വീണ്ടും പറഞ്ഞു. കളവ് പറയുന്നവൻ ശയ്ത്താന്റെ സ്നേഹിതനാണ്. കളവ് പറയുന്നവൻ വിശ്വാസമില്ലാത്തവനാണ്. കളവ് പറയുന്നവരിൽ ശയ്ത്താന്മാർ ഇറങ്ങുന്നു.' ഇതുമാത്രമല്ല പറഞ്ഞു: 'നിങ്ങൾ കളവ് പറയരുത്.' എന്നല്ല ഇങ്ങനേയും പറഞ്ഞു: 'നിങ്ങൾ കളവ് പറയുന്നവരുമായുള്ള സുഹൃത്ബന്ധം ഉപേക്ഷിക്കുക. അവരെ സ്വന്തം പ്രിയപ്പെട്ടവനും സ്നേഹിതനും ആക്കാതിരിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. സത്യവാന്മാരുടെ കൂടെ താമസിക്കുക.' ഒരിടത്ത് പറയുന്നു: 'നീ എന്തെങ്കിലും സംസാരിക്കുമ്പോൾ, നിന്റെ സംസാരം സത്യം മാത്രമായിരിക്കണം. തമാശ എന്ന നിലയിലും നേരമ്പോക്ക് എന്ന നിലയിൽപോലും അതിൽ കളവുണ്ടാകരുത്.' (നൂറുൽ ഖുർആൻ, നമ്പർ 2, റൂഹാനീ ഖസാഇൻ, വാള്യം 9, പേജ് 402-408) (സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 310, ഗസ്വ ഉഹുദ്, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002) ആദ്യമേ വിവരിച്ചത് ഉദ്ധരിച്ചുകൊണ്ടുള്ള വിവരണമാണ് നടന്നുകൊണ്ടിരുന്നത്. അതിന്റെ വിശദീകരണമായി.

ഇനി ഞാൻ ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ബനൂനദീർ ഗോത്രക്കാർ നബി(സ)തിരുമേനിയുടെമേൽ ചക്കുകല്ല് വീഴ്ത്തി ചതിയിൽ കൊലപ്പെടുത്താൻ ശ്രമിച്ചപ്പോൾ അല്ലാഹു വെളിപാടു മുഖേന നബി(സ)തിരുമേനിക്ക് അതിനെക്കുറിച്ച് വിവരം നൽകിയിരുന്നു. അപ്പോൾത്തന്നെ നബി(സ) തിരുമേനി അവിടെ നിന്ന് എന്തോ ആവശ്യത്തിനുവേണ്ടി എഴുന്നേൽക്കുന്നപോലെ എഴുന്നേറ്റു മദീനയിലേക്കു പോയി. നബി(സ)തിരുമേനി പോയിക്കഴിഞ്ഞപ്പോൾ സ്വഹാബാക്കൾ അല്പനേരം കാത്തിരുന്നശേഷം പിറകെ പോയി മദീനയിൽ വന്നു. സ്വഹാബത്ത് മദീനയിലെത്തിയപ്പോൾ അവർക്കു മനസ്സിലായി നബി(സ) തിരുമേനി ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ വിളിപ്പിച്ചിരിക്കുന്നുവെന്ന്. ഹദ്‌റത്ത് അബൂബക്കർ(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ഞങ്ങളാരും അറിയാതെ എഴുന്നേറ്റു വന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'യഹൂദികൾ എന്നെ ചതിക്കാൻ ആഗ്രഹിച്ചിരുന്നു. അല്ലാഹു എനിക്ക് അതിനെക്കുറിച്ചുള്ള അറിവു നല്കിയപ്പോൾ ഞാൻ എഴുന്നേറ്റു വന്നതാണ്.'

അല്ലാഹു ഇതു സംബന്ധമായി ഈ ആയത്തിറക്കി:

*യാ അയ്യുഹല്ലദീന ആമനുദ്കുറൂ നിഅ്മത്തല്ലാഹി അലയ്ക്കും ഇദ് ഹമ്മ ഖൗമുൻ അൻയ്യബ്സുതൂ ഇലയ്ക്കും അയ്ദിയഹും ഫകയ്ഫ അയ്ദിയഹും അൻകും വത്തഖുല്ലാഹ വ അലല്ലാഹി ഫൽയതവക്കലിൽ മുഅ്മിനൂൻ* 'വിശ്വസിച്ചവരേ! ഒരുകൂട്ടർ നിങ്ങളുടെ നേരെ കൈയേറ്റം നടത്താൻ ഉദ്ദേശിച്ചപ്പോൾ നിങ്ങളുടെ മേലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്മരിക്കുക. അപ്പോൾ അവൻ നിങ്ങളിൽനിന്ന് അവരുടെ കൈകളെ തടഞ്ഞു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. സത്യവിശ്വാസികൾ (അവരുടെ കാര്യങ്ങൾ) അല്ലാഹുവിൽതന്നെ ഭരമേല്പിക്കേണ്ടതാണ്.' (5:12)

നബി(സ)തിരുമേനി ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ യഹൂദികളുടെ അടുത്തേക്ക് അയച്ചു. ആ സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ അവിടന്ന് പറഞ്ഞു: 'ബനൂനദീറിലെ യഹൂദികളുടെ അടുക്കൽ പോയി എന്നെ, നബി(സ)തിരുമേനിയാണ് നിങ്ങളുടെയടുക്കേലേക്കയച്ചതെന്ന് പറയുക. എന്റെ പട്ടണത്തിൽനിന്ന് പൊയ്ക്കൊള്ളണമെന്ന് പറയാൻ എന്നെ ഏല്പിച്ചയച്ചതാണ്.' അങ്ങനെ അദ്ദേഹം യഹൂദികളുടെയടുക്കൽ പോയി. കാരണം അവർ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. ഉടമ്പടികൾ ലംഘിച്ചിരുന്നു. അതുകൊണ്ട് അവർക്കുള്ള ശിക്ഷ നഗരത്തിൽനിന്ന് പുറത്തുപോകുക എന്നതായിരുന്നു. അദ്ദേഹം യഹൂദികളുടെ അടുത്തുപോയി. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി എന്നെ ഒരു സന്ദേശവുമായാണ് അയച്ചിരിക്കുന്നത്. പക്ഷേ, അതിനു മുമ്പേ നിങ്ങൾത്തന്നെ നിങ്ങളുടെ സഭകളിൽ പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യം നിങ്ങളെ ഓർമിപ്പിക്കുകയാണ്.' ഒരു പഴയകാല സംഭവം

നിങ്ങളെ ഓർമപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.' യഹൂദികൾ ചോദിച്ചു: 'അതെന്താണ് കാര്യം?' മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: 'ഞാൻ മൂസാക്കിറങ്ങിയ തൗറാത്തിനെ സത്യം ചെയ്തുകൊണ്ടു പറയുകയാണ്, ഹദ്‌റത്ത് മുഹമ്മദ് മുസ്തഫാ(സ) ആഗതനാകുന്നതിനു മുമ്പേ ഞാൻ നിങ്ങളുടെയടുക്കൽ വന്നിട്ടുണ്ടായിരുന്നു എന്നതോർമയുണ്ടല്ലോ. അപ്പോൾ നിങ്ങൾ തൗറാത്ത് നിങ്ങളുടെ മുന്നിൽ നിവർത്തി വെച്ചിട്ടുണ്ടായിരുന്നു. ആ സദസ്സിൽവച്ച് നിങ്ങളെന്നോടു പറഞ്ഞിരുന്നു, 'അല്ലയോ ഇബ്നു മസ്‌ലമ നീ ആഹാരം ആവശ്യപ്പെടുന്ന പക്ഷം ഞങ്ങൾ നിനക്ക് ആഹാരം നല്കാം. നീ യഹൂദിയാകാൻ ആഗ്രഹിക്കുകയാണെങ്കിൽ ഞങ്ങൾ നിന്നെ യഹൂദിയാക്കാം.' മുഹമ്മദ് ബിൻ മസ്‌ലമ പറയുന്നു: 'ഞാനന്ന് പറയുമായിരുന്നു, 'നിങ്ങളെനിക്കു ആഹാരം നൽകുക, എന്നെ യഹൂദിയാക്കരുത്. അല്ലാഹുവാണ! ഞാനൊരിക്കലും യഹൂദിയാകുകയില്ല.' അപ്പോൾ നിങ്ങളെനിക്ക് ഒരു പ്ലേറ്റിൽ ഭക്ഷണം തന്നു. നിങ്ങളെന്നോടു പറഞ്ഞിരുന്നു, താങ്കൾ ഈ മതം സ്വീകരിക്കാത്തത് ഇത് യഹൂദികളുടെ മതമായതുകൊണ്ടുമാത്രമാണ്. അതായത് യഹൂദികൾ മുഹമ്മദ് ബിൻ മസ്‌ലമയോടു പറഞ്ഞു, താങ്കൾ ഈ മതം സ്വീകരിക്കാത്തത് ഇത് യഹൂദികളുടെ മതമായതുകൊണ്ടുമാത്രമാണ്. അതായത് താങ്കൾ കേട്ടു വെച്ചിരിക്കുന്ന ആ ഋജുവായ മാർഗം താങ്കൾ ആഗ്രഹിക്കുന്നു. അബൂആമിർ റാഹിബ് അതിന്റെ സാക്ഷാത്കാരമല്ല. അതായത് താങ്കൾ കേട്ടുവെച്ചിരിക്കുന്നത് നബി വരാൻപോകുന്നുവെന്നാണ്. അബൂആമിർ റാഹിബ് അതിന്റെ സാക്ഷാത്കാരമാകാൻ തരമില്ല. പിന്നീട് അവിടന്ന് പറഞ്ഞു: 'നിങ്ങളുടെയടുക്കൽ പുഞ്ചിരിക്കുന്ന, യുദ്ധം ചെയ്യുന്ന ഒരാൾ വരാൻ പോകുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ചെമപ്പുണ്ട്. അദ്ദേഹം യമൻ ഭാഗത്തുനിന്ന്‌വരുന്നതായിരിക്കും. അദ്ദേഹം ഒട്ടകപ്പുറത്തു സഞ്ചരിക്കുന്നതായിരിക്കും. അദ്ദേഹം പുതപ്പ് പുതക്കുന്നതായിരിക്കും. അദ്ദേഹം ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവനായിരിക്കും. അദ്ദേഹത്തിന്റെ വാൾ അദ്ദേഹത്തിന്റെ തോളിലുണ്ടായിരിക്കും. നിങ്ങളുടെ അടുത്ത ബന്ധുവാണെന്നു തോന്നുംവിധം വളരെ യുക്തിപൂർവം അദ്ദേഹം സംസാരിക്കുന്നതായിരിക്കും. അല്ലാഹുവാണ! നിങ്ങളുടെ ഈ നാട്ടിൽ ഇനി തട്ടിപ്പറിക്കൽ നടക്കുന്നതായിരിക്കും. കൊലപാതകങ്ങളുണ്ടാകും. ശവങ്ങൾ വികൃതമാക്കപ്പെടുന്നതായിരിക്കും.' ഇത് കേട്ട് യഹൂദികൾ പറഞ്ഞു: 'ഞങ്ങളിങ്ങനെ പറയാറുണ്ടായിരുന്നു.' നിങ്ങൾ ഇങ്ങനെ പറയാറുണ്ടായിരുന്നുവെന്ന് പറഞ്ഞ് ഈ എല്ലാ കാര്യങ്ങളും അവരെ ഓർമപ്പെടുത്തി. അവർ പറഞ്ഞു, 'പക്ഷേ, ഇത് ആ നബിയല്ല.' അതായത് നബി(സ)തിരുമേനി ആ നബിയല്ല! ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: 'ഞാൻ നിങ്ങളെ ഓർമിപ്പിക്കണമെന്ന് വിചാരിച്ച കാര്യം ബോധ്യപ്പെടുത്തിക്കഴിഞ്ഞു. അതിൽനിന്ന് ഞാൻ വിരമിക്കുകയാണ്. പിന്നീട് അദ്ദേഹം അടുത്ത കാര്യം പറയാൻ പറഞ്ഞു: 'എന്നെ നബി(സ)തിരുമേനി അയച്ചതാണ്. നിങ്ങൾക്കുവേണ്ടി ഞാൻ ഉണ്ടാക്കിയ ഉടമ്പടി നിങ്ങൾ ലംഘിച്ചിരിക്കുന്നു എന്നും നിങ്ങളെന്നെ ചതിക്കാൻ ശ്രമിച്ചിരിക്കുന്നു എന്നും നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു.' ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ നബി(സ)തിരുമേനിക്കെതിരെ അവർ നടത്തിയ ഗൂഢപദ്ധതിയെ സംബന്ധിച്ച് യഹൂദികൾക്ക് വിവരം നല്കി. നബി(സ)തിരുമേനിയുടെമേൽ കല്ലുരുട്ടിയിടാൻ അംറ് ബിൻ ജഹാശ് മേൽക്കൂരയിൽ കയറിയത് എങ്ങനെയെന്നും പറഞ്ഞു. അപ്പോൾ അവർ ഒരു വാക്കുപോലും പറയാൻ കഴിയാതെ നിശബ്ദരായി. പിന്നീട് ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു:'നിങ്ങളോട് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത്, നിങ്ങൾക്ക് പത്തു ദിവസത്തെ ഒഴിവ് തന്നിരിക്കുന്നു. അതു കഴിഞ്ഞാൽ എന്റെ പട്ടണത്തിൽനിന്ന് പുറത്തു പോകണം. അതിനുശേഷം ഇവിടെ ആരെയെങ്കിലും കണ്ടുകഴിഞ്ഞാൽ അവന്റെ തല ഞാനെടുക്കുന്നതാണ്.' യഹൂദികൾ പറഞ്ഞു: 'ഇബ്നു മസ്‌ലമേ!ഈ സന്ദേശം ഔസ് ഗോത്രത്തിലെ ഒരാൾ കൊണ്ടുവരുമെന്ന് ഞങ്ങൾക്ക് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല.' ഹദ്‌റത്ത് മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു:'ഇപ്പോൾ മനസ്സ് മാറിക്കഴിഞ്ഞിരിക്കുകയാണ്.' അങ്ങനെ കുറച്ചു ദിവസം യഹൂദികൾ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരുന്നു. അവരുടെ യാത്രാമൃഗങ്ങൾ 'സൂജദർ' എന്ന സ്ഥലത്തായിരുന്നു. അവ കൊണ്ടുവരപ്പെട്ടു. സൂജദർ ഖുബായിലേക്കുള്ള ഭാഗത്ത് മദീനയിൽനിന്ന് 6 മൈൽ ദൂരത്തുള്ള ഒരു മേച്ചിൽസ്ഥലമാണ്. അവിടെയാണ് അവരുടെ മൃഗങ്ങൾ മേയാറുണ്ടായിരുന്നത്. അവിടെയുണ്ടായിരുന്ന മൃഗങ്ങളാണ് കൊണ്ടുവരപ്പെട്ടത്. അശ്ജഅ് ഗോത്രക്കാരിൽനിന്ന് ഒട്ടകങ്ങൾ വാടകക്കെടുക്കുകയും യാത്ര പുറപ്പെടാനുള്ള തയ്യാറെടുപ്പുകൾ പൂർണമാക്കുകയും ചെയ്തു. ഇത് ചരിത്രഗ്രന്ഥങ്ങളിലുള്ള ഉദ്ധരണിയാണ്. (സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 317–320 ഗസ്‌വ ബനൂനളീർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993)(സുബുലുൽഹുദാ വർറശാദ്(മുത്തർജ്ജിം) വാള്യം 4, പേജ് 754, പ്രസാധകർ സാവിയ പബ്ലീഷേഴ്സ് ലാഹോർ, 2013)(മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 132)

യഹൂദികളുടെ പെരുമാറ്റ രീതികൾ എങ്ങനെയായിരുന്നു? ഒരിടത്ത് ബനൂഖുറയ്ളാ വഞ്ചനകാണിച്ച സംഭവം വിവരിച്ചുകൊണ്ട്––ഇത് മുമ്പേ ഹദ്‌റത്ത് അമ്മാർ ബിൻ യാസിറിനെ സംബന്ധിച്ച് പ്രതിപാദിച്ചപ്പോൾ പറഞ്ഞിട്ടുള്ളതാണ്–ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഇപ്രകാരം എഴുതുന്നു: 'ബനൂഖുറയ്ളായുടെ കാര്യം തീരുമാനമാകാൻ പോകുകയായിരുന്നു. അവരുടെ വിശ്വാസവഞ്ചന അവഗണിച്ചുകളയാൻ പറ്റുന്നതായിരുന്നില്ല. ഖൻദഖ് യുദ്ധത്തിൽനിന്ന് തിരിച്ചെത്തിയ ഉടനെതന്നെ നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു:മുസ്‌ലിമീങ്ങൾക്കു ഇപ്പോൾ ആശ്വാസത്തിന്റെ നെടുവീർപ്പിടാനായി! എന്നാൽ, ബനൂഖുറയ്ളായുമായുള്ള കണക്ക് തീർക്കേണ്ടിയിരുന്നു. ബനൂഖുറയ്ളാ മുസ്‌ലിമീങ്ങളുമായുള്ള കരാർ ലംഘിക്കുകയാണ് ചെയ്തത്. ഈ യാഥാർഥ്യം അവഗണിച്ചു കൂടായിരുന്നു. ക്ഷീണിച്ചു അവശരായ സേനാവിഭാഗങ്ങളെയെല്ലാം നബി(സ)തിരുമേനി പുനഃസംഘടിപ്പിച്ചു. വിശ്രമിക്കാൻ സമയമായിട്ടില്ലെന്നവരോടു പറഞ്ഞു. അസ്തമയത്തിനു മുമ്പേതന്നെ ബനൂഖുറയ്ളായുടെ ശക്തി കേന്ദ്രങ്ങൾ അധീനപ്പെടുത്തണമെന്നു നബി(സ)തിരുമേനി ആജ്ഞാപിച്ചു. എങ്കിലും കരാർ ലംഘിക്കാൻ കാരണമെന്താണെന്ന് അന്വേഷിക്കാൻ ഹദ്‌റത്ത് അലിയെ ജൂതൻമാരുടെ അടുക്കൽ അയക്കുകയുണ്ടായി. പക്ഷേ, ബനൂഖുറയ്ളാ തങ്ങളുടെ ചെയ്തിയിൽ ഖേദം പ്രകടിപ്പിക്കാനോ മാപ്പു ചോദിക്കാനോ തയ്യാറുണ്ടായിരുന്നില്ല. നേരെ മറിച്ചു അവർ ഹദ്‌റത്ത് അലിയെയും മറ്റു മുസ്‌ലിം പ്രതിനിധി സംഘാംഗങ്ങളെയും അപമാനിക്കുകയും നബി(സ)തിരുമേനിയെയും കുടുംബിനികളെയും നിലവിട്ടു ശകാരിക്കുകയുമാണ് ചെയ്തത്. മുഹമ്മദിനെ തങ്ങൾ സാരമാക്കുന്നില്ലെന്നും തങ്ങൾ ഒരു കരാറും ചെയ്തിരുന്നില്ലെന്നും അവർ പറയാൻ ധൃഷ്ടരായി. ജൂത ന്മാരുടെ നിലപാടിനെ കുറിച്ച് നബി(സ)തിരുമേനിക്ക് റിപ്പോർട്ട് ചെയ്യാൻ ഹദ്‌റത്ത് അലി(റ)മടങ്ങിവരവെ, നബി (സ)തിരുമേനി യും സഖാക്കളും ജൂതകേന്ദ്രത്തിലേക്കു നീങ്ങുകയായിരുന്നു. ജൂതന്മാർ നബി(സ)തിരുമേനിയെയും ധർമദാരങ്ങളെയും പുത്രിമാരെയും അവഹേളിച്ചു കൊണ്ടിരുന്നു. ഇക്കാര്യം നബി(സ)തിരുമേനിയെ വേദനിപ്പിക്കുമെന്നു കരുതിയ ഹദ്‌റത്ത് അലി (റ) ജൂതന്മാരോടു പൊരുതാൻ തങ്ങൾക്ക് കഴിയുമെന്നും നബി(സ)തിരുമേനി യുദ്ധത്തിനു പുറപ്പെടേണ്ടതില്ലെന്നും അഭിപ്രായപ്പെട്ടു.

ഹദ്‌റത്ത് അലിയുടെ ഇംഗിതം മനസ്സിലാക്കിയ നബി(സ)തിരുമേനി ചോദിച്ചു: "അവരുടെ ശകാരം ഞാൻ കേൾക്കാതിരിക്കണം, അല്ലേ അലി?"

"നിശ്ചയമായും"അലി മറുപടി പറഞ്ഞു.

"എന്തുകൊണ്ട്?" നബി(സ)തിരുമേനി ചോദിച്ചു; "മൂസാനബി(അ)അവരുടെ സ്വന്തം ആളായിരുന്നിട്ടും എന്നേക്കാളധികം അവരിൽനിന്നു കഷ്ടതകളനുഭവിക്കേണ്ടി വന്നിട്ടില്ലേ?"

നബി(സ)തിരുമേനിയും സൈന്യവും മുന്നോട്ടു നീങ്ങി. ജൂതന്മാർ പ്രതിരോധത്തിനു തയ്യാറെടുക്കുകയും യുദ്ധം ആരംഭിക്കുകയും ചെയ്തു. അവരുടെ സ്ത്രീകളും പടയ്ക്കൊരുങ്ങി. ഏതാനും മുസ്‌ലിമീങ്ങൾ ഒരു ഭിത്തിയുടെ ചുവട്ടിൽ ഇരിപ്പുറപ്പിച്ചിരിക്കുകയായിരുന്നു. ഇതു കണ്ട ഒരു യഹൂദസ്ത്രീ അവരുടെനേരെ ഒരു വലിയ കല്ല് ഉരുട്ടിയിട്ടു. ഖല്ലാദ് എന്നു പേരായ ഒരു മുസ്‌ലിം തൽക്ഷണം മൃതിയടഞ്ഞു. കുറച്ചു ദിവസങ്ങളോളം ഉപരോധം നീണ്ടുനിന്നു. ഏറെക്കാലം യുദ്ധം നടത്താൻ തങ്ങൾക്കാവില്ലെന്നു ഒടുവിൽ അവർക്ക് ബോധ്യപ്പെട്ടു. അതിനാൽ ജൂതന്മാരുമായി സ്നേഹനിലയിൽ വർത്തിക്കുന്ന ഔസ് ഗോത്രത്തിലെ മുഖ്യനും ഒരു അൻസ്വാരിയുമായ അബൂലുബാബയെ തങ്ങളുടെ അടുക്കലേക്കയക്കാൻ അഭ്യർഥിച്ചു. ഒരു ഒത്തു തീർപ്പിനെ പറ്റി അദ്ദേഹവുമായി ആലോചന നടത്തുകയായിരുന്നു അവരുടെ ആവശ്യം. നബി(സ)തിരുമേനി അബൂലുബാബയെ ജൂതന്മാരുടെ അടുക്കലേക്കയച്ചു. ജൂതന്മാർ ആയുധം വെച്ചു കീഴടങ്ങുകയും നബി(സ) തിരുമേനിയുടെ വിധി സ്വീകരിക്കുകയുമല്ലേ വേണ്ടതെന്നദ്ദേഹം തിരുമേനിയോട് ചോദിച്ചു. അവർ അങ്ങനെയാണ് വേണ്ടതെന്നായിരുന്നു അബൂലുബാബയുടെ അഭിപ്രായം. അതേ അവസരത്തിൽത്തന്നെ കൊലയാണവർക്ക് നൽകേണ്ട ശിക്ഷയെന്ന് സൂചിപ്പിച്ചു കൊണ്ടു അദ്ദേഹം തന്റെ വിരൽ കഴുത്തു ഉരച്ചു കാണിക്കുകയുമുണ്ടായി. നബി(സ)തിരുമേനി ഇതു സംബന്ധിച്ചു ആരോടുമൊന്നും പറഞ്ഞില്ല. ജൂതന്മാരുടെ കുറ്റത്തിനു കൊലയല്ലാതെ മറ്റൊരു ശിക്ഷയും നൽകാനില്ലെന്നു ഭയപ്പെട്ട അബൂലുബാബ കരുതിക്കൂട്ടിയൊന്നുമല്ലാതെയാണ് ആ ആംഗ്യം കാണിച്ചതെങ്കിലും അതൊടുവിൽ ജൂതന്മാർക്ക് മാരകമായ ഒരു ശിക്ഷാ വിധിയായി തന്നെ പരിണമിക്കുകയാണുണ്ടായത്. ജൂതന്മാർ അബൂലുബാബയുടെ ഉപദേശം തള്ളിക്കളയുകയും നബി(സ)തിരുമേനിയുടെ വിധി സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. അതവർ സ്വീകരിച്ചിരുന്നുവെങ്കിൽ, അവർ അനുഭവിക്കേണ്ടിവരുമായിരുന്ന ഏറ്റവും വലിയ ശിക്ഷ മദീനയിൽ നിന്നു നിഷ്കാസനം ചെയ്യപ്പെടുകയെന്നതു മാത്രമായിരുന്നു. എന്നാൽ, ഹതഭാഗ്യരായ ജൂതന്മാർ നബി(സ)തിരുമേനിയുടെ വിധി സ്വീകരിക്കാൻ തയ്യാറായില്ല. പകരം

തങ്ങളുമായി സ്നേഹത്തിൽ വർത്തിക്കുന്ന ഔസ് ഗോത്രത്തിന്റെ തലവനായ സഅദ് ബിൻ മുആദിന്റെ വിധി സ്വീകരിച്ചുകൊള്ളുന്ന താണെന്നവർ പറഞ്ഞു. അദ്ദേഹം നിർദേശിക്കുന്ന ഏത് ശിക്ഷയും അനുഭവിക്കാൻ അവർ തയ്യാറായി. ജൂതന്മാർ പരസ്പരം പഴിച്ചു തുടങ്ങി. മുസ്‌ലിമീങ്ങളുമായുള്ള കരാർ തങ്ങളുടെ ആൾക്കാർ ലംഘിക്കുകയുണ്ടായിട്ടുണ്ടെന്നു ചിലർ ഏറ്റു പറഞ്ഞു. നേരെ മറിച്ച്, മുസ്‌ലിമീങ്ങളുടെ പെരുമാറ്റം അവർ സത്യസന്ധരും വിശ്വസ്തരുമാണെന്നും അവരുടെ മതം സത്യമാണെന്നും തെളിയിച്ചിരിക്കുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. അങ്ങനെ അഭിപ്രായപ്പെട്ടവർ ഇസ്‌ലാം മതമാശ്ലേഷിക്കാൻ സന്നദ്ധരുമായി. യഹൂദത്തലവന്മാരിൽ ഒരാളായ അംറ് ബിൻ സഅ്ദ് സ്വജനത്തെ ശകാരിക്കാൻ പോലും മടിച്ചില്ല. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ വിശ്വാസവഞ്ചനയാണ് ചെയ്തത്. നിങ്ങൾ പ്രതിജ്ഞയ്ക്ക് വിപരീതം ചെയ്തു. ഇനി ഇസ്‌ലാംമതമാശ്ലേഷിക്കുകയോ ജിസ്‌യ നൽകാൻ തയ്യാറാകയോ അല്ലാതെ നിങ്ങൾക്കൊരു രക്ഷയും ഇല്ല!'

അവർ പറഞ്ഞു: "ഞങ്ങൾ ഇസ്‌ലാംമതമാശ്ലേഷിക്കുകയില്ല. ജിസ്‌യ കൊടുക്കുകയുമില്ല. ജിസ്‌യ കൊടുക്കുന്നതിലും ഭേദം മരണം വരിക്കുകയാണ്."

അങ്ങനെയാണെങ്കിൽ, അവരുടെ കുറ്റത്തിൽ താൻ പങ്കാളിയല്ലെന്ന് അംറ് മറുപടി നൽകി. അതും പറഞ്ഞ് അദ്ദേഹം കോട്ടയിൽ നിന്നു പുറത്തുവന്നു. ഒരു മുസ്‌ലിം സൈന്യവിഭാഗത്തിന്റെ കമാൻഡർ ആയിരുന്ന മുഹമ്മദ് ബിൻ മസ്‌ലമയുടെ കണ്ണിലദ്ദേഹം പെട്ടു. അദ്ദേഹം ആരാണെന്നു ആ മുസ്‌ലിം സൈന്യാധിപൻ ചോദിക്കുകയുണ്ടായി. ആളെ തിരിച്ചറിഞ്ഞപ്പോൾ വേഗം പൊയ്ക്കൊള്ളാൻ അനുവാദം നൽകുകയും അതോടൊപ്പം ഇപ്രകാരം ഉറക്കെ പ്രാർഥിക്കുകയും ചെയ്തു;

"മാന്യന്മാരുടെ തെറ്റുകൾ മറച്ചു വെക്കാൻ എനിയ്ക്കു നീ ശക്തിയേകണേ ദൈവമേ!"

പ്രസ്തുത യഹൂദൻ സ്വജനത്തിന്റെ ചെയ്തിയിൽ വെറുപ്പും ഖേദവും പ്രകടിപ്പിച്ചിരുന്നുവെന്നും അത്തരക്കാർക്ക് പൊറുത്തു കൊടുക്കേണ്ടതു മുസ്‌ലിമീങ്ങളുടെ ധർമമാണെന്നു മത്രെ അദ്ദേഹം സൂചിപ്പിച്ചത്. അദ്ദേഹത്തെ കടന്നു പോകാനനുവദിച്ചുകൊണ്ടു താൻ ഒരു നല്ല കാര്യമാണ് ചെയ്തത്. അങ്ങനെയുള്ള നന്മ ചെയ്യാൻ ഇനിയുമിനിയും തനിക്കു ശക്തിയേകേണമേ എന്നദ്ദേഹം പ്രാർഥിക്കുകയും ചെയ്തു. മുഹമ്മദ് ബിൻ മസ്‌ലമയുടെ ഈ പ്രവൃത്തി നബി(സ)തിരുമേനി അറിയാനിടവന്നുവെങ്കിലും അവിടന്ന് അദ്ദേഹത്തെ പഴിക്കുകയല്ല ചെയതത്. മറിച്ച്, അദ്ദേഹത്തിന്റെ പ്രവൃത്തി അംഗീകരിക്കുകയാണുണ്ടായത്.'(ദീബാച്ചയെ തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20 പേജ് 282–284)

അതുകൊണ്ട് മുസ്‌ലിമീങ്ങൾ നബി(സ) തിരുമേനിയുടെ തഅ്ലീം തർബിയ്യത്തനുസരിച്ച് എപ്പോഴും നീതിയോടുകൂടിയാണ് പെരുമാറിയിരുന്നത്. ഖയ്ബർകാരുടെ ദ്രോഹങ്ങൾ ഉണ്ടായപ്പോൾ അതുകാരണം അബൂറാഫിഅ് യഹൂദി വധിക്കപ്പെട്ടു. അതിന്റെ സംഭവം ഇപ്രകാരമാണ്. വധിക്കുന്നതിനുവേണ്ടി അയച്ച സ്വഹാബത്തിന്റെ സംഘത്തിൽ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുമുണ്ടായിരുന്നു. അദ്ദേഹമാണ് അബൂറാഫിഅ് യഹൂദിയെ വധിച്ചത്. വധിച്ചത് ഒരാളായിരുന്നു. പക്ഷേ, അവിടെ പോയ സംഘത്തിൽ ഇദ്ദേഹവുമുണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സംഭവത്തിന്റെ വിശദീകരണം ചരിത്രഗ്രന്ഥങ്ങളിൽനിന്നെടുത്ത് ഇങ്ങനെ വിവരിച്ചിരിക്കുന്നു: ഏതെല്ലാം യഹൂദി നേതാക്കളുടെ ധിക്കാരപരവും പ്രകോപനപരവുമായ പ്രവർത്തനങ്ങൾക്കൊണ്ടോണോ ഹിജ്റ അഞ്ചാം വർഷത്തിന്റെ അവസാനത്തിൽ മുസ്‌ലിമീങ്ങൾക്കെതിരായി അഹ്സാബിലെ കൊടും ഫിത്നയുണ്ടായത് അതിൽ ഹുയ്യിഅ് ബിൻ അഖ്ത്വബ് ബനൂഖുറയ്ള്വയുമായി ചേർന്നു പ്രവർത്തിച്ച് തന്റെ ചെയ്തികൾക്ക് ശിക്ഷ ലഭിക്കേണ്ട ഘട്ടത്തിലെത്തിക്കഴിഞ്ഞിരുന്നു. എന്നാൽ, അബൂറാഫിഅ് എന്ന് സംജ്ഞാനാമമുള്ള സലാം ബിൻ അബി അൽഹുഖയ്ഖ് അപ്പോഴും ഖയ്ബറിൽ സ്വതന്ത്രമായി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. എന്നല്ല അഹ്സാബിലെ നിന്ദ്യപൂർണമായ പരാജയവും ബനൂഖുറയ്ള്വയുടെ ഭയാനകമായ പര്യവസാനവും അയാളുടെ ശത്രുത കൂടുതൽ വർധിപ്പിച്ചിരുന്നു. കാരണം ഗത്ഫാൻ ഗോത്രക്കാരുടെ വാസസ്ഥലം ഖയ്ബറിന്നടുത്തായിരുന്നു. ഖയ്ബറിലെ യഹൂദികളും നജ്ദിലെ ഗോത്രക്കാരും പരസ്പരം അയൽവാസികളായിരുന്നു. അതുകൊണ്ട് വലിയൊരു വ്യാപാരിയും അതിസമ്പന്നനുമായ അബൂറാഫിഅ് നജ്ദിലെ അപരിഷ്കൃതരും യുദ്ധക്കൊതിയന്മാരുമായ ഗോത്രങ്ങളെ മുസ്‌ലിമീങ്ങൾക്കെതിരെ പ്രകോപിപ്പിക്കുക എന്നത് തന്റെ പതിവാക്കിയിരുന്നു. നബി(സ) തിരുമേനിയോടുള്ള ശത്രുതയിൽ അയാൾ കഅ്ബ് ബിൻ അശ്റഫിന് തികച്ചും സമാനമായിരു ന്നു. നാം പറഞ്ഞുവരുന്നയാൾ അക്കാലഘട്ടത്തിൽ ഗത്ഫാൻകാർക്ക് നബി(സ)തിരുമേനിയ്ക്കെതിരെ ആക്രമണം നടത്തുന്നതിന് കണക്കറ്റ ധനം നൽകി സഹായിച്ചു. ചരിത്രത്തിൽ നിന്ന് സ്ഥാപിതമാകുന്നുണ്ട്, ശഅ്ബാൻ മാസത്തിൽ ബനൂസഅ്ദിന്റെ ഭാഗത്തുനിന്ന് മുസ്‌ലിമീങ്ങൾക്ക് ഭീഷണിയുണ്ടായി. അതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി ഹദ്റത്ത് അലിയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ മദീനയിൽ നിന്ന് യാത്രയാക്കിയിരുന്നു. അതിന്റെ പിന്നിലും യഹൂദികളുടെ കൈയായിരുന്നു. അവർ അബൂറാഫിഅ്ന്റെ നേതൃത്വത്തിലാണ് ഈ ഉപദ്രവങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്നത്. എന്നാൽ, അബൂറാഫിഅ് അതൊന്നും മതിയാക്കിയില്ല. അയാളുടെ ശത്രുതയുടെ അഗ്നി മുസ്‌ലിമീങ്ങളുടെ രക്തത്തിനു ദാഹിച്ചിരുന്നു. നബി(സ) തിരുമേനി അയാളുടെ കണ്ണിൽ മുള്ളുപോലെ തറച്ചുകൊണ്ടിരുന്നു. തുടർന്ന് അയാൾ അഹ്സാബ് യുദ്ധത്തിലെപോലെ നജ്ദിലെ ഗത്ഫാൻ ഗോത്രങ്ങളിലും മറ്റു ഗോത്രങ്ങളിലും ചുറ്റിക്കറങ്ങാൻ തുടങ്ങി. മുസ്‌ലിമീങ്ങൾക്കെതിരിൽ അവരെ ഒരു വൻസൈന്യത്തിന്റെ രൂപത്തിൽ സംഘടിപ്പിക്കാൻ ഒരുങ്ങി. കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ മുസ്‌ലിമീങ്ങളുടെ കൺമുന്നിൽ അഹ്സാബിന്റെ ചിത്രം തെളിഞ്ഞു വന്നു. അപ്പോൾ ഖദ്റജ് ഗോത്രത്തിലെ ഏതാനും അൻസ്വാർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: 'ഈ ഫിത്നകളുടെയെല്ലാം കാരണക്കാരനായ അബൂറാഫിയിനെ ഇല്ലായ്മ ചെയ്യുക എന്നതല്ലാതെ മറ്റൊരു പ്രതിവിധിയും ഇതിനില്ല.' നബി(സ) തിരുമേനി ആലോചിച്ചു, ഈ രാജ്യത്ത് വ്യാപകമായ രക്തച്ചൊരിച്ചിലുകൾ ഉണ്ടാകുന്നതിനേക്കാൾ എത്രയോ നല്ലത് കുഴപ്പവും ഫിത്നയും ഉണ്ടാക്കുന്ന ഒരാളെ വധിക്കുന്നതാണ്. അങ്ങനെ സ്വഹാബാക്കൾക്ക് അതിനുള്ള അനു മതി നൽകി. അബ്ദുല്ലാഹ് ബിൻ അതീഖ് അൻസ്വാരിയുടെ നേതൃത്വത്തിൽ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ(റ) ഉൾപ്പെടുന്ന നാല് ഖദ്റജി സ്വഹാബിമാരെ അബൂറാഫിഇന്റെ അടുക്കലേക്കയച്ചു. പോകുമ്പോൾ അവർക്ക് ശക്തമായ നിർദേശം നൽകി; സ്ത്രീകളെയും കുട്ടികളെയും ഒരു കാരണവശാലും വധിക്കരുത്. അങ്ങനെ ഹിജ്റ 6 റമദാൻ മാസത്തിൽ ഈ സംഘം പുറപ്പെട്ടു. വളരെ തന്ത്രപൂർവം അവരുടെ കൃത്യം നിർവഹിച്ചു തിരിച്ചെത്തി. അങ്ങനെ ആപത്തിന്റെ ആ കാർമേഘം മദീനയുടെ അന്തരീക്ഷത്തിൽനിന്ന് നിങ്ങിക്കിട്ടി.

ഈ സംഭവത്തിന്റെ വിശദീകരണം ബുഖാരിയിലുണ്ട്. ഇതിലെ നിവേദനം ഇക്കാര്യത്തിൽ വളരെ ശരിയായതാണ്. ഇതിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ബറാഅ് ബിൻ ആസിബ് നിവേദനം:

നബി(സ)തിരുമേനി തന്റെ സ്വഹാബത്തിന്റെ ഒരു സംഘത്തെ അബൂറാഫിഅ് യഹൂദിയുടെ അടുക്കലേക്കയച്ചു. അവരിൽ അബ്ദുല്ലാഹ് ബിൻ അത്തീക് അൻസ്വാരിയെ അമീറായി നിശ്ചയിച്ചു. അബൂ റാഫിഅ്ന്റെ സംഭവം ഇങ്ങനെയാണ്. അയാൾ നബി(സ) തിരുമേനിയെ കഠിനമായി വേദനിപ്പിച്ചിരുന്നു. നബിയ്ക്കെതിരിൽ ജനങ്ങളെ പ്രകോപിതരാക്കിയിരുന്നു. അവരെ സഹായിച്ചിരുന്നു. അബ്ദുല്ലാഹ് ബിൻ അത്തീക്കും അദ്ദേഹത്തിന്റെ കൂട്ടുകാരും അബൂ റാഫിയിന്റെ കോട്ടയ്ക്കരികിലെത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. അപ്പോൾ അബ്ദുല്ലാഹ് ബിൻ അത്തീക് തന്റെ കൂട്ടുകാരെ പിന്നിൽ വിടുകയും സ്വയം കോട്ടവാതിൽക്കലെത്തുകയും ചെയ്തു. ഒരാൾ എന്തോ ആവശ്യത്തിനുവേണ്ടി പുതപ്പ് പുതച്ച് കുത്തിയിരിക്കുന്നതുപോലെ അവിടെ കുത്തിയിരുന്നു. കോട്ടവാതിൽ അടയ്ക്കുന്ന വ്യക്തി അതിനടുത്തെത്തിയപ്പോൾ അബ്ദുല്ലയെ നോക്കി, 'ഈയാൾ' എന്ന് വിളിച്ചു. ഞാൻ കോട്ടയുടെ വാതിൽ അടയ്ക്കാൻ പോകുകയാണ്. നിങ്ങൾ ഉള്ളിൽ വരുന്നെങ്കിൽ പെട്ടെന്നു വരിക.' അബ്ദുല്ലാഹ് ചാദുർ പുതച്ച് വേഗം വാതിലിനുള്ളിൽ പ്രവേശിച്ച് ഒരു ഭാഗത്ത് ഒളിച്ചു. വാതിലടയ്ക്കുന്നയാൾ വാതിൽ അടയ്ക്കുകയും അതിന്റെ താക്കോൽ അടുത്തുള്ള ഒരു കൊളുത്തിൽ തൂക്കിയിടുകയും ചെയ്തു.

ഇതിനുശേഷം അബ്ദുല്ലാഹ് ബിൻ അത്തീക്കിന്റെ സ്വന്തം വിവരങ്ങളാണ്: 'ഞാൻ എന്റെ


**ഹദീഥുന്നബ്‌വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

സ്ഥലത്തുനിന്ന് പുറപ്പെട്ടു. ഏറ്റവുമാദ്യം ഞാൻ കോട്ടയുടെ വാതിൽ തുറന്നു; എന്തെങ്കിലും ആവശ്യം വന്നാൽ വേഗം ഓടി പുറത്തുകടക്കുന്നതിനുവേണ്ടി. ആ നേരത്ത് അബൂറാഫിഅ് മുകളിലത്തെ നാലുഭാഗത്തും ജനാലകളും വാതിലുകളുമുള്ള മുറിയിലിരിക്കുകയായിരുന്നു. അയാളുടെ ചുറ്റും ധാരാളമാളുകൾ ഇരിപ്പുണ്ടായിരുന്നു. അവർ പരസ്പരം സംസാരിക്കുകയായിരുന്നു. അവർ എഴുന്നേറ്റു പോകുകയും നിശബ്ദത പരക്കുകയും ചെയ്തപ്പോൾ അബൂറാഫിഅ് വീടിന്റെ ഗോവണി കയറി മുകളിൽ പോയി. ഞാൻ കടന്നുപോകുന്ന ഓരോ വഴിയിലേയും വാതിലുകൾ ഉള്ളിൽനിന്ന് അടച്ചടച്ചാണ് പോയത്. ഞാൻ അബൂറാഫിഅ്ന്റെ മുറിയിലെത്തിയപ്പോൾ, വിളക്കണച്ച് അയാൾ ഉറങ്ങാൻ പോകുകയായിരുന്നു. മുറി തികച്ചും ഇരുട്ടായിരുന്നു. ഞാൻ ഉറക്കെ അബൂറാഫിഅ്നെ വിളിച്ചു. അതിനു മറുപടിയായി ആരാണ്? എന്നയാൾ ചോദിച്ചു. ഞാൻ ആ ശബ്ദം വന്ന ഭാഗത്തേക്ക് ചാടി വാളുകൊണ്ട് ശക്തമായി വെട്ടി. എന്നാൽ, ഇരുട്ട് വളരെയധികമായിരുന്നു. ഞാൻ ആ നേരത്ത് പരിഭ്രമിച്ചിരുന്നു. അതുകൊണ്ട് വെട്ട് ദിശമാറിയാണ് കൊണ്ടത്. അബൂറാഫിഅ് ഉറക്കെ നിലവിളിച്ചു. അപ്പോൾ ഞാൻ മുറിയിൽനിന്ന് പുറത്തിറങ്ങി. അല്പനേരത്തിനുശേഷം ഞാൻ വീണ്ടും മുറിയിൽച്ചെന്ന് ശബ്ദം മാറ്റി, അബൂ റാഫിഅ്! എന്താണ് ബഹളം കേട്ടത്? എന്നു ചോദിച്ചു. എന്റെ മാറിയ ശബ്ദം അയാൾ തിരിച്ചറിഞ്ഞില്ല. 'നിന്റെ മാതാവ് നിന്നെ കളഞ്ഞുകുളിക്കട്ടെ!' എന്നെ ഇപ്പോൾ ആരോ വെട്ടിയിരിക്കുന്നു. ഈ ശബ്ദം കേട്ട് ഞാൻ അയാളിലേക്ക് ചാടി. വാളുകൊണ്ട് വെട്ടി. ഇപ്രാവശ്യം കൃത്യമായ സ്ഥലത്താണ് വെട്ടേറ്റത്. എന്നാൽ, അയാൾ മരിച്ചിരുന്നില്ല. അപ്പോൾ മൂന്നാമതും വെട്ടി അയാളെ വധിച്ചു.

'അതിനുശേഷം ഞാൻ വേഗം വേഗം വാതിൽ തുറന്ന് തുറന്ന് വീടിനു വെളിയിൽ വന്നു. പക്ഷേ, ഞാൻ ഗോവണിയിലൂടെ താഴേക്കിറങ്ങുമ്പോൾ കുറച്ച് ചുവടു മാത്രം ബാക്കിയുള്ളപ്പോൾ എല്ലാ സ്റ്റെപ്പും ഇറങ്ങി എന്നു എനിക്കു തോന്നി. ഞാൻ ഇരുട്ടിൽ വീണു. എന്റെ കാലിന്റെ പിൻഭാഗം പൊട്ടി. ഒരു നിവേദനത്തിലുള്ളത് ഇങ്ങനെയാണ്. പിൻകാലിന്റെ സന്ധി തെറ്റിപ്പോയി. എന്നാൽ, ഞാനത് എന്റെ തലപ്പാവുകൊണ്ട് കെട്ടി ഇഴഞ്ഞിഴഞ്ഞ് വെളിയിൽ വന്നു. എന്നാൽ, അബൂ റാഫിഅ് മരിച്ചുവെന്ന് തൃപ്തിവരാതെ ഇവിടെനിന്ന് ഞാൻ പോകുകയില്ലെന്ന് മനസ്സിൽ പറഞ്ഞു. അങ്ങനെ ഞാൻ കോട്ടയുടെ അടുത്തുതന്നെ ഒരിടത്ത് ഒളിച്ചിരുന്നു. നേരം വെളുത്തപ്പോൾ കോട്ടയുടെ ഉള്ളിൽനിന്ന്, വ്യാപാരിയായ അബൂറാഫിഅ് മരിച്ചിരിക്കുന്നുവെന്ന് ആരോ വിളിച്ചുപറയുന്നതുകേട്ടു.

'അതിനുശേഷം ഞാൻ എഴുന്നേറ്റു. പതുക്കെപ്പതുക്കെ എന്റെ കൂട്ടുകാരുടെ അടുക്കലെത്തി. പിന്നീട് ഞാൻ മദീനയിലെത്തി നബി(സ) തിരുമേനിയെ അബൂറാഫിഅ് വധിക്കപ്പെട്ട വിവരം അറിയിച്ചു. അവിടന്ന് എല്ലാ സംഭവങ്ങളും കേട്ടതിനുശേഷം എന്നോടു പറഞ്ഞു: 'താങ്കളുടെ കാല് മുന്നോട്ടുനീട്ടുക.' ഞാൻ എന്റെ കാല് മുന്നോട്ടു നീട്ടി. അവിടന്ന് ദുആ ചെയ്തുകൊണ്ട് തന്റെ പരിശുദ്ധകരം തടവി. അതിനുശേഷം എനിക്കൊന്നുംതന്നെ സംഭവിച്ചില്ല എന്നതുപോലെ തോന്നി.

മറ്റൊരു നിവേദനത്തിൽ പറയുന്നു: 'അബ്ദുല്ലാഹ് ബിൻ അത്തീക് അബൂറാഫിഅ്നെ ആക്രമിച്ചപ്പോൾ അയാളുടെ ഭാര്യ ഉറക്കെ നിലവിളിച്ചുകൂവാൻ തുടങ്ങി. അപ്പോൾ ഞാൻ അയാളുടെ ഭാര്യയുടെ നേർക്ക് വാളോങ്ങി. തൽക്ഷണം എനിക്ക് നബി(സ) തിരുമേനി സ്ത്രീകളെ വധിക്കുന്നത് വിരോധിച്ചിട്ടുണ്ടെന്ന കാര്യം ഓർമവന്നു. ഞാൻ അതിൽനിന്ന് പിൻവാങ്ങി.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: 'അബൂറാഫിയിനെ വധിക്കുവാൻ അനുവാദം നല്കിയതുമായി ബന്ധപ്പെട്ട ചർച്ചയുടെ പ്രത്യേക ആവശ്യം നമുക്കില്ല. കാരണം അബൂറാഫിയിന്റെ രക്തംകുടിക്കുന്ന ചെയ്തികൾ ചരിത്രത്തിലെ തുറന്ന ഏടുകളാണ്. ഇതുമായി സാദൃശ്യമുള്ള സംഭവത്തിൽ ഒരു വിശദമായ ചർച്ച കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെ സംബന്ധിച്ച് വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

ആ സമയത്ത് നാനാഭാഗത്തുനിന്ന് മുസ്ലിമീങ്ങൾ അങ്ങേയറ്റം ബലഹീനമായ അവസ്ഥയിൽ വിപത്തിൽ അകപ്പെട്ടിരിക്കുകയായിരുന്നു. രാജ്യം ഒന്നടങ്കം മുസ്ലിമീങ്ങളെ തുടച്ചു നീക്കാൻ തുനിഞ്ഞിറങ്ങിയിരുന്നു. ഇത്തരം സങ്കീർണമായ അവസ്ഥയിൽ അബൂറാഫിഅ് അറബ് ഗോത്രങ്ങളെ ഇസ്ലാമിനെതിരെ പ്രകോപനം കൊള്ളിക്കുകയായിരുന്നു.(ഞാൻ സംക്ഷിപ്തമാണ് കേൾപിക്കുന്നത്, പൂർണമായ ചരിത്രമല്ല വിവരിക്കുന്നത്. എന്തുകൊണ്ടാണ് അയാളെ കൊല്ലുന്നത് അനുവദനീയമായത്?). ഒരിക്കൽക്കൂടി അഹ്സാബ് യുദ്ധത്തിലേക്ക് അറേബ്യയിലെ അപരിഷ്കൃതരായ ഗോത്രങ്ങളെ സംഘടിപ്പിച്ച് മദീനയുടെമേൽ ആക്രമണം നടത്താൻ അയാൾ കോപ്പുകൂട്ടുകയായിരുന്നു. അറേബ്യയിൽ അന്ന് നീതി ലഭ്യമാകുന്നതിന് ഒരുവിധ ഭരണകൂടവും നിലവിലുണ്ടായിരുന്നില്ല. ഓരോ ഗോത്രവും സ്വതന്ത്രരും സ്വയം ഭരണാവകാശമുള്ളവരുമായിരുന്നു. അതുകൊണ്ട് തങ്ങളുടെ സുരക്ഷയ്ക്കായുള്ള പദ്ധതികൾ സ്വയം ആസൂത്രണം ചെയ്യുമെന്നല്ലാതെ മറ്റൊരു രീതിയുമുണ്ടായിരുന്നില്ല.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 721–724)

കഴിഞ്ഞ ഖുത്ബയിൽ ഇതിന്റെ വിശദീകരണവും വിവരിച്ചു കഴിഞ്ഞിട്ടുണ്ട്; എന്താണ് കാരണങ്ങളെന്ന്! ഭരണത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു ഭരണവും ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് നബി(സ)തിരുമേനിയുടെ ഭരണകൂടമായിരുന്നു. ഏതായിരുന്നാലും അത്തരം അവസ്ഥയിൽ സ്വഹാബാക്കൾ ചെയ്തത് തികച്ചും ഉചിതവും ന്യായമായതുമായിരുന്നു. യുദ്ധാവസരത്തിൽ ഒരു സമൂഹം മരണത്തെ മുഖാമുഖം കാണുമ്പോൾ ഇത്തരം തന്ത്രങ്ങൾ പ്രയോഗിക്കുക എന്നത് തികച്ചും അനുവദനീയമായി കണക്കാക്കപ്പെടുന്നു.

ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയെ തന്റെ ഖിലാഫത്ത് കാലത്ത് ജുഹയ്ന ഗോത്രത്തിൽനിന്ന് സക്കാത്ത് പിരിക്കാൻ നിയമിച്ചിരുന്നു. എപ്പോഴെങ്കിലും സക്കാത്ത് പിരിക്കുന്ന ആർക്കെങ്കിലും എതിരിൽ പരാതി കിട്ടിയാൽ ഹദ്റത്ത് ഉമർ(റ) അന്വേഷണത്തിന് ഇദ്ദേഹത്തെയാണ് അയച്ചിരുന്നത്. ഹദ്റത്ത് ഉമറിന് അദ്ദേഹത്തെ വളരെ വിശ്വാസമായിരുന്നു. അതുകൊണ്ട് സർക്കാരിന്റെ ടാക്സ് പിരിക്കുന്നതിനും ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയെ അയക്കാറുണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ വിവിധ പ്രദേശങ്ങളിലെ സങ്കീർണമായ കാര്യങ്ങൾ ശരിയാക്കുന്നതിന് നിശ്ചയിക്കപ്പെട്ട ആളുമായിരുന്നു. കൂഫയിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ കൊട്ടാരം നിർമിച്ചപ്പോൾ അത് പരിശോധിക്കുന്നതിന് ഉമറിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. അതു സംബന്ധമായി നിവേദനം ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ് ഒരു കൊട്ടാരമുണ്ടാക്കിയെന്ന് ഹദ്റത്ത് ഉമർ(റ) അറിഞ്ഞു. അതിനു വാതിൽ വെച്ചിരിക്കുന്ന കാരണത്താൽ ശബ്ദം കേൾക്കാൻ കഴിയുന്നില്ല. അങ്ങനെ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയെ അവിടേക്കയച്ചു. ഹദ്റത്ത് ഉമർ(റ) ഇച്ഛയനുസരിച്ച് എന്തെങ്കിലും ജോലി ചെയ്യാനാഗ്രഹിക്കുമ്പോൾ ഇദ്ദേഹത്തെയാണ് അതായത് മുഹമ്മദ് ബിൻ മസ്ലമയെയാണ് അയക്കാറുണ്ടായിരുന്നത്. ഹദ്റത്ത് ഉമർ അദ്ദേഹത്തോടു പറഞ്ഞു. സഅ്ദ്ന്റെ അടുക്കലെത്തി. അയാളുടെ വാതിൽ കത്തിക്കുക. അങ്ങനെ അദ്ദേഹം കൂഫയിലെത്തുകയും വാതിൽക്കലെത്തി തീക്കല്ല് ഉരച്ച് വാതിലിന് തീ കൊളുത്തുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് അറിഞ്ഞപ്പോൾ പുറത്തിറങ്ങി വന്നു. താനെന്തിനാണ് അതിന് തീ കൊളുത്തിയത് എന്ന കാര്യം മുഴുവനും അദ്ദേഹത്തോടു പറഞ്ഞു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 6, പേജ് 28 മുഹമ്മദ് ബിൻ മസ്ലമ)

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്തിനുശേഷം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമ ഏകാന്തവാസം സ്വീകരിച്ചു. ഒരു മരത്തിന്റെ വാൾ ഉണ്ടാക്കിച്ചു. നബി(സ)തിരുമേനി തനിക്ക് ഈ കൽപനയാണ് നല്കിയിരുന്നതെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമ വിവരിക്കുന്നു: 'നബി(സ)തിരുമേനി എനിക്കൊരു വാൾ ഉപഹാരമായി നല്കി. ഇതുകൊണ്ട് നീ മുശ്രിക്കീങ്ങളുമായി അവർ നിന്നോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതു വരെ ജിഹാദ് ചെയ്യുകയെന്നും എന്നാൽ, മുസ്ലിമീങ്ങൾ പരസ്പരം കൊല്ലാൻ തുടങ്ങുന്നതു നീ കാണുമ്പോൾ ഈ വാൾ ഏതെങ്കിലും കല്ലിൽ അടിച്ച് പൊട്ടിക്കുകയെന്നും അതിനുശേഷം നീ മരണംവരെ വീടിനകത്തിരിക്കുകയെന്നും അവിടന്ന് എന്നോടു പറഞ്ഞു.' അതുകൊണ്ട് അദ്ദേഹം അങ്ങനെ തന്നെ ചെയ്തു. കുഴപ്പങ്ങളിൽ നിന്നെല്ലാം അകന്നുനിന്നു. ജമൽ യുദ്ധത്തിലും സ്വിഫ്ഫീൻ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തില്ല.'(ഉസുദുൽഗാബ വാല്യം 4,

(ശേഷം പേജ് 16ൽ)

## ഹദീഥുന്നബ്വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

## ഖുത്ബ ജുമുഅ

അല്ലാഹുവിന്റെ കൃപയാലും അവന്റെ കാരുണ്യത്താലും ആ പ്രവചനപൂർത്തീകരണത്തിനായുള്ള ഒരു നീണ്ടകാല കാത്തിരിപ്പിനുശേഷം, അല്ലാഹു അതിനെ സംബന്ധിച്ച് തന്റെ ഇൽഹാമി (വെളിപാട്)ലൂടെയും അറിയിപ്പിലൂടെയും **'പ്രവചനം എന്നിലൂടെതന്നെ പുലർന്നിരിക്കുന്നു'** എന്ന് എന്നോടു പറഞ്ഞിരിക്കുന്നു.

ഇപ്പോൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ദൈവത്തിന്റെ പരിപൂർണ തീർപ്പു കല്പ്പിക്കപ്പെട്ടിരിക്കുകയാണ്. ഇസ്‌ലാം ദൈവത്തിന്റെ സത്യമതവും മുഹമ്മദ് റസൂലുല്ലാഹ്(സ)തിരുമേനി അല്ലാഹുവിന്റെ സത്യറസൂലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ദൈവത്തിൽനിന്നുള്ള സത്യാത്മാവുമാണെന്നത് അവരിൽ പ്രകടമായിക്കഴിഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് അഥ്ഥാനി(റ)യിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം പുലർന്നതിന്റേയും ആ പ്രവചനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടേയും അതുമായി ബന്ധപ്പെട്ട ജമാഅത്തംഗങ്ങളുടെ ഉത്തരവാദിത്വത്തിന്റേയും വിവരണം.

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്നെതിരിൽ ഉന്നയിക്കപ്പെട്ട ചില ആക്ഷേപങ്ങൾക്ക് മറുപടികൾ

'ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടുമെന്നതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വൈജ്ഞാനികമായ ശ്ലാഘനീയ കർമങ്ങളുടെ ഹ്രസ്വമായ ചർച്ച

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഗ്രന്ഥങ്ങളുടേയും ലക്ച്ചറുകളുയേടും പ്രസംഗങ്ങളുടേയും സമാഹാരമായ 'അൻവാറുൽ ഉലൂം'വായിക്കുന്നതിനുള്ള ആഹ്വാനം

മുൽത്വാനിലെ റഈസും മുൽത്വാൻ ജമാഅത്തിന്റെ മുൻഅമീറുമായ മലിക് ഉമർ ഘോഘർ സാഹിബിന്റെ ഭാര്യയുടേയും അസീസ് ജാഹിദ് ഫാരിസ് അഹ്മദിന്റേയും(വഖ്ഫെ നൗ)വേർപാടും അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ഫെബ്രുവരി 21/1399 സ്വുൽഹ് 21,**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ (സർറെ) യു,കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ)യെ കുറിച്ചുള്ള പ്രവചനം കാരണത്താൽ അഹ്മദിയ്യാ ജമാഅത്തിൽ ഫെബ്രുവരി 20 പ്രത്യേകമായ നിലയിൽ സ്മരിക്കപ്പെടുന്നു. ജമാഅത്തുകളിൽ മുസ്‌ലിഹ് മൗഊദ് ദിനയോഗങ്ങളും സംഘടിപ്പിക്കപ്പെടുന്നു. മുസ്‌ലിഹ് മൗഊദ് ദിനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ജന്മദിനം എന്ന നിലയിലല്ല, മറിച്ച് ഒരു പ്രവചനപുലർച്ച സ്മരിക്കുന്നതിനു വേണ്ടിയാണ് നാം ആഘോഷിക്കുന്നതെന്ന് ഞാൻ പലസ്ഥലത്തും വ്യക്തമാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. എങ്കിലും പുതിയതായി ജമാഅത്തിൽവരുന്നവർക്കും കുട്ടികൾക്കും വേണ്ടി വീണ്ടും വ്യക്തമാക്കുകയാണ്. ഇസ്‌ലാമിന്റെ മേന്മയും സത്യതയും സ്ഥാപിച്ചു കാണിക്കുന്നതിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജനനത്തിന് 3 വർഷം മുമ്പേ, അല്ലാഹു വെളിപാടു മുഖേന ഹദ്റത്ത് മസീഹ് മൗഊദി(അ)നു നല്കിയ പ്രവചനമാണിത്. അതിൽ ഇസ്‌ലാമിന്റെ സേവകനായ ഒരു വാഗ്ദത്ത സുതന്റെ ജനനത്തെ കുറിച്ചുള്ള സുവാർത്ത അടങ്ങിയിരുന്നു. അത് ശത്രുക്കൾക്ക് ഒരടയാളം എന്ന നിലയിലാണു സമർപിക്കപ്പെട്ടിട്ടുള്ളത്. ഇന്നലെ ഫെബ്രുവരി 20 ആയിരുന്നു. ഈ പ്രവചനത്തിന് 134 വർഷം ആയിരിക്കുന്നു. നൂറുവർഷത്തിലേറെയായി ഇതൊരു തിളക്കമാർന്ന അടയാളമാണ്. ഞാൻ പറഞ്ഞതുപോലെ ഇതുദ്ധരിച്ചുകൊണ്ട് ജമാഅത്തുകളിൽ യോഗങ്ങളും സംഘടിപ്പിക്കുന്നു. വിവിധ വശങ്ങളും വിവിധ പ്രത്യേകതകളും ഉൾക്കൊള്ളുന്ന വാഗ്ദത്ത സുതനെ കുറിച്ചുള്ള പ്രവചനത്തെ കുറിച്ച് ഒരു പരിധിവരെ യോഗങ്ങളിൽ പ്രതിപാദിക്കപ്പെടാറുണ്ട്. പക്ഷേ, ഒന്നോ രണ്ടോ മണിക്കൂർ നേരത്തേക്കുള്ള യോഗങ്ങളിൽ എല്ലാ പോയന്റുകളും അവയുടെ പ്രാധാന്യവും അത് പൂർത്തിയായതിലുള്ള അടയാളവും വിവരിക്കാൻ സാധിക്കുകയില്ല. യോഗത്തിൽ അത് പൂർണമായും വിശദീകരിക്കാൻ സധിക്കുകയില്ലെന്ന് വരുമ്പോൾ ഒരു ഖുത്ബയിൽ അതിന്റെ വിവിധ വശങ്ങൾ വിവരിക്കുക എന്നത് ഒരിക്കലും സാധ്യമല്ല. അതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നേരിട്ട് നല്കിയ വിശദീകരണങ്ങളിൽനിന്ന് ചില ഉദ്ധരണികൾ വിവരിക്കാമെന്ന് ഞാൻ വിചാരിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുള്ള കാര്യങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോൾ അതിന്റേതായ ആസ്വാദനവും ബോധവുമുണ്ടാകുന്നതാണ്. എന്തായാലും ഈ ഹ്രസ്വമായ ഉദ്ധരണികളിൽനിന്ന് ഈ പ്രവചനത്തിന് എത്രമാത്രം വിശാലതയുണ്ടെന്നും എത്രമാത്രം തേജോവിലാസത്തോടെയാണ് ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദത്ത സുതനിൽ പൂർത്തിയായതെന്നും ഊഹിക്കാൻ കഴിയും.

അതു വിവരിക്കുന്നതിനുമുമ്പേ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ പ്രവചനത്തിന്റെ വാക്കുകളും വിശദീകരണവും വിവരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പ്രവചനങ്ങളെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട്, എതിരാളികളോടു വാഗ്ദത്ത സുതനെ കുറിച്ചുള്ള പ്രവചനത്തെ സംബന്ധിച്ച് എന്തെല്ലാം പ്രവചനങ്ങളാണ് അതിലുള്ളതെന്ന് പറഞ്ഞുകൊണ്ട് പറയുന്നു: *ബി ഇൽഹാമില്ലാഹിത്തആലാ വ ഇഅ്‌ലാമിഹീ അസ്സവജല്ല* കരുണാമയനും ഉദാരനും സർവശക്തനും (ജല്ല ശാനു ഹൂ വ അസ്സ ഇസ്മുഹൂ)ആയ അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന, ഹോശിയാർപൂർ യാത്ര) നിനക്ക് അനുഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ

വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. അതിനാൽ നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു നല്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബശീറെന്നുമാണ്. അവന് പാവനമായ ആത്മാവ് നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ അതായത് നൂറുല്ലാഹ് ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ. അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തു വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (അതായത് സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് അല്ലാഹുവിന്റെ വചനമാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്ത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല).തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. *മള്ഹറുൽ അവ്വലി വൽആഖിരി മള്ഹറുൽഹഖ്ഖി വൽ അലാഇ കഅന്നല്ലാഹ നസല മിനസ്സമാഇ* വാത്സല്യ പുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ അവനുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. അതു വിധിച്ചുപോയ കാര്യമാകുന്നു. *വ കാന അംറൻമ്മഖ്ളിയ്യൻ.*"(ആയിനയെ കമാലാത്തെ ഇസ് ലാം, റൂഹാനീ ഖസാഇൻ, വാള്യം 5, പേജ് 647)

വാഗ്ദത്ത സുതന്റെ പ്രത്യേകതകളും വിവിധവശങ്ങളും വിവരിക്കുന്ന പ്രവചനത്തിലെ വാക്കുകളാണിത്. അല്ലാഹുവിനോടു അടയാളം തേടുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) തപോയജ്ഞം ചെയ്തു. അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന് നല്കിയ വെളിപാടിന്റെ വിശദീകരണങ്ങളാണ് ഞാൻ വിവരിച്ചത്. ഈ തപോയജ്ഞ സ്ഥലത്തിന്റെ ചിത്രം വരച്ചുകാണിച്ചുകൊണ്ടും അവിടെവച്ച് അവിടന്ന് ചെയ്ത ദുആകളുടെ സ്വീകാരത്തിന്റെ ഫലമായുണ്ടായ വെളിപാടിനെ പ്രതിപാദിച്ചുകൊണ്ടും –അതിന്റെ ഫലമായിട്ടാണല്ലോ അവിടന്ന് മുസ്‌ലിഹ് മൗഊദിനെ കുറിച്ച് പ്രവചനം ചെയ്തത്–ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഇന്നേക്ക് തികച്ചും 58 വർഷം മുമ്പേ( ഇതു വിവരിക്കുമ്പോൾ പ്രവചനത്തിന് 58 വർഷം പൂർത്തിയായിരുന്നു)–അതിന് ഇന്ന് 59 –ാം വർഷം ആരംഭിക്കുകയാണ് 1886 ഫെബ്രുവരി 20 ന് ഹോശിയാർപൂർ എന്ന ഈ പട്ടണത്തിൽ(അവിടന്ന് ഈ ഖുത്ബ അവിടെ നിർവഹിക്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: ഈ ഹോശിയാർപൂർ നഗരത്തിൽ)ഈ വീട്ടിൽ (അവിടന്ന് നിന്നിരുന്ന ഇടത്തേക്ക് ചൂണ്ടി)അതെന്റെ വിരലിനു മുമ്പിലുണ്ട്–എങ്ങനെയുള്ള ഒരു വീടാണുണ്ടായിരുന്നതെന്നാൽ ആളുകൾ അതിനെ ത്വവീല എന്നാണ് പറഞ്ഞിരുന്നത്. അതിന്റെ അർഥം യഥാർഥ താമസസ്ഥലമായിരുന്നില്ല എന്നാണ്. (അതായത് ഔദ്യോഗികമായുള്ള താമസസ്ഥലമല്ല) എന്നല്ല ഒരു റഈസിന്റെ കൂടുതലുള്ളവീടുകളിൽ ഒരു വീടായിരുന്നു. (കുടിഞ്ഞിലുകൾ ഉണ്ടാക്കാറുള്ളതുപോലെ)അതിൽ എപ്പോഴെങ്കിലും വല്ല അതിഥികളും താമസിച്ചാലായി, അല്ലെങ്കിൽ അതൊരു സ്റ്റോറായി ഉപയോഗിച്ചിരുന്നിരിക്കാം. അതുമല്ലെങ്കിൽ ആവശ്യം നേരിടുമ്പോൾ മൃഗങ്ങളെ കെട്ടിയിട്ടിട്ടുണ്ടാകാം." (അധികമുള്ള ഒരു സ്ഥലമായിരുന്നു. അധികമുള്ള മുറി വെളിയിലായിരുന്നു). അവിടന്ന് പറയുന്നു: ഖാദിയാനിലെ അറിയപ്പെടാത്ത ഒരു വ്യക്തി, അദ്ദേഹത്തെ ഖാദിയാൻവാസികളിൽത്തന്നെ എല്ലാവരും അറയിമായിരുന്നില്ല, ഇസ്‌ലാമിനേയും ഇസ്‌ലാംമതസ്ഥാപകരേയും ആളുകൾ എതിർക്കുന്നത് കണ്ട്, തന്റെ ദൈവത്തിന്റെ തിരുസന്നിധിയിൽ തനിച്ചിരുന്ന് ആരാധിക്കുന്നതിനും അവന്റെ സഹായത്തിന്റെയും പിന്തുണയുടെയും അടയാളം തേടുന്നതിനുമായി വന്നു. 40 ദിവസം ജനങ്ങളിൽനിന്നകന്ന് അദ്ദേഹം തന്റെ ദൈവത്തിനോടു ദുആകൾ ഇരന്നു. 40 ദിവസത്തെ ദുആകൾക്കുശേഷം ദൈവം അദ്ദേഹത്തിന് ഒരു അടയാളം നല്കി. ആ അടയാളം ഇതായിരുന്നു: 'ഞാൻ നിന്നോടു ചെയ്ത വാഗ്ദാനങ്ങൾ പൂർത്തീകരിക്കുമെന്ന് മാത്രമല്ല നിന്റെ നാമം ലോകത്തിന്റെ കോണുകളോളം എത്തിക്കുകയും ചെയ്യും. എന്നു മാത്രമല്ല, ഈ വാഗ്ദാനങ്ങൾ കൂടുതൽ മഹിമയോടുകൂടി പൂർത്തികരിക്കുന്നതിന് ഞാൻ നിനക്ക് ഒരു മകനെ നല്കുന്നതായിരിക്കും. അവൻ ചില പ്രത്യേക ഗുണങ്ങൾ ചാർത്തപ്പെട്ടവനായിരിക്കും. അവൻ ഇസ്‌ലാമിനെ ലോകത്തിന്റെ കോണുകളോളം പ്രചരിപ്പിക്കുന്നതായിരിക്കും. ദൈവികഗ്രന്ഥത്തിന്റെ ജ്ഞാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതായിരിക്കും. കാരുണ്യത്തിന്റേയും കൃപയുടേയും അടയാളമായിരിക്കും. ഇസ്‌ലാമിക പ്രചാരണത്തിന് നിർബന്ധമായ ആത്മീയവും ഭൗതികവുമായ അറിവുകൾ അവന് പ്രദാനം ചെയ്യപ്പെടുന്നതായിരിക്കും. ഇപ്രകാരം തന്നെ അല്ലാഹു അവന് ദീർഘായുസ് പ്രദാനം ചെയ്യുന്നതായിരിക്കും. എത്രത്തോളമെന്നാൽ അവൻ ലോകത്തിന്റെ അറ്റങ്ങളോളം കീർത്തി പ്രാപിക്കുന്നതായിരിക്കും."

(ഇന്ന് ഏതേതെല്ലാം രാജ്യത്ത് അഹ്മദിയ്യാ ജമാഅത്തുണ്ടോ ഈ പ്രവചനത്തിന്റെ പ്രസിദ്ധിയും ആ മഹാനായ പുത്രന്റെ പ്രസിദ്ധിയുമാണത്) (ദഅ്‌വാ മുസ്‌ലിഹ് മൗഊദ് കെ മുത്തഅല്ലിഖ് പുർ ശൗക്കത്ത് ഇഅ്‌ലാൻ, അൻവാറുൽ ഉലൂം വാള്യം 17 പേജ് 146–147)

ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ ശത്രുക്കൾ ഇതെന്തൊരു പ്രവചനമാണെന്ന് പറഞ്ഞ് ആക്ഷേപപിക്കാൻ തുടങ്ങി. തനിക്ക് ഒരു മകൻ ഉണ്ടാകുമെന്ന് ആർക്കും വിളംബരം ചെയ്യാൻ കഴിയുമെന്ന് അവർ പറഞ്ഞു. അതിന് മറുപടിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കി. അത് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) പറയുന്നു: ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ ശത്രുക്കൾ അതിനെതിരിൽ ആക്ഷേപങ്ങളുടെ ഒരു പരമ്പര തന്നെ തുടങ്ങി. അപ്പോൾ 1886 മാർച്ച് 22 ന് അവിടന്ന് മറ്റൊരു വിജ്ഞാപനം പുറപ്പെടുവിച്ചു. തനിക്കൊരു പുത്രനുണ്ടാകുമെന്നുള്ള പ്രവചനത്തെ എങ്ങനെ വിശ്വസിക്കാൻ കഴിയുമെന്ന് പറഞ്ഞ് ശത്രുക്കൾ ആക്ഷേപം ഉന്നയിക്കുന്നു. ആളുകൾക്ക് എപ്പോഴും ആൺകുട്ടികളുണ്ടാകാറില്ലേ? ആൺകുട്ടികൾ ഉണ്ടാകാത്തവർ ഒന്നു ഒറ്റയോ ഉണ്ടാകാം. അല്ലെങ്കിൽ ഒരാൾക്ക് പെൺകുട്ടികൾ മാത്രമുണ്ടാകാം. ഇല്ലെങ്കിൽ പൊതുവെ ആളുകൾക്ക് ആൺകുട്ടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അവരുടെ ജനനത്തെ ആരും പ്രത്യേക അടയാളമെന്ന് പറയാറില്ല. ഇനി താങ്കൾക്കും ആൺകുട്ടി ജനിക്കുകയാണെങ്കിൽ അതിൽനിന്ന് ആ മാർഗത്തിലൂടെ അല്ലാഹുവിന്റെ ഏതെങ്കിലും പ്രത്യേകമായ അടയാളം പ്രത്യക്ഷപ്പെട്ടുവെന്ന് സ്ഥാപിതമാകുന്നതെങ്ങനെ? ഹദ്റത്ത് മസീഹ് മൗഊദ്(അ) ആളുകളുടെ ഈ ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് മാർച്ച് 22 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ എഴുതി: 'ഇത് പ്രവചനം മാത്രമല്ല. മറിച്ച് ഒരു മഹത്തായ ദൈവികാടയാളമാണ്. ഇത് ഉൽകൃഷ്ടനായ അല്ലാഹു ഉദാരനും വളരെ കൃപയുള്ളവനും കരുണാമയനുമായ നമ്മുടെ നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യവും മഹത്ത്വവും വെളിപ്പെടുത്തുന്നതിന് പ്രകടിപ്പിച്ചതാണ്.' പിന്നീട് അതേ വിജ്ഞാപനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ എഴുതി: *ബി ഫള്‌ലിഹീ തആലാ വ ഇഹ്‌സാനി*

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

*ഹീ വബിബറക്കത്തി* ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ്(സ) ഉൽകൃഷ്ടനായ അല്ലാഹു ഈയുള്ളവന്റെ ദുആ സ്വീകരിച്ച് എങ്ങനെയുള്ള അനുഗ്രഹത്തോടുകൂടിയ ആത്മാവ് അയക്കുമെന്നാണോ വാഗ്ദാനം ചെയ്തത് അവന്റെ ബാഹ്യമായതും ആന്തരികമായതുമായ ബർക്കത്തുകൾ മുഴുവൻ ലോകത്തും പരക്കുന്നതായിരിക്കും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'കാര്യമെന്താണെന്നുവച്ചാൽ അവിടന്ന് തനിക്കൊരു മകൻ ഉണ്ടാകുമെന്നു പറഞ്ഞാൽ തന്നെയും ഈ വാർത്ത അതിന്റെ സത്തയിൽ ഒരു പ്രവചനമായിരിക്കും. കാരണം ലോകത്തിൽ ഒരു വിഭാഗം ജനത്തിന് അവർ എത്ര തന്നെ എണ്ണത്തിൽ കുറവാണെങ്കിലും ശരി, കുട്ടികൾ തന്നെ ഉണ്ടാകാറില്ല. രണ്ടാമതായി, ഈ പ്രവചനം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രായം 50 കവിഞ്ഞിരുന്നു. ആയിരക്കണക്കിന് ആളുകളെ നമുക്ക് കാണാം, 50 വയസ്സിനു ശേഷം കുട്ടികൾ ജനിക്കുന്ന പരമ്പരതന്നെ അവർക്ക് അവസാനിച്ചുപോകുന്നു. ചിലയിടങ്ങളിൽ വെറും പെൺകുട്ടികൾ മാത്രമായിരിക്കും ജനിക്കുന്നത്. പിന്നെ ചില സ്ഥലങ്ങളിൽ ആൺകുട്ടികൾ ജനിക്കുമെങ്കിലും ജനിച്ചു കുറച്ചു കാലത്തിനു ശേഷം മരണപ്പെടുകയും ചെയ്യുന്നു. ഈ എല്ലാ സംശയങ്ങളും അവിടെ നിലനില്ക്കുന്നുണ്ടായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ആൺകുട്ടിയുടെ ജനനത്തെ കുറിച്ച് ഒരു സുവാർത്ത നല്കുകയെന്നത് ഒരു മനുഷ്യന്റെ കഴിവിൽപ്പെട്ട കാര്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ് താൽകാലികമായി ആ ആക്ഷേപങ്ങൾ സമ്മതിച്ചുകൊണ്ട് പറയുന്നു: 'ഇനി ഇത് അംഗീകരിച്ചാലും അതായത് ആൺകുട്ടി ജനിക്കുമെന്ന വാർത്ത പ്രവചനമെന്നു പറയപ്പെടാൻ സാധിക്കില്ല എന്നു സമ്മതിച്ചാലും ചോദ്യമിതാണ്, വെറും ഒരു മകൻ ജനിക്കുമെന്ന വാർത്ത ഞാനെപ്പോഴാണ് നല്കിയത്? എനിക്ക് മകനുണ്ടാകുമെന്ന് ഞാൻ പറഞ്ഞിട്ടില്ല. പ്രത്യുത ഞാൻ പറഞ്ഞത് അല്ലാഹു എന്റെ ദുആകൾ സ്വീകരിച്ചുകൊണ്ട് അനുഗ്രഹപൂർണനായ ഒരു ആത്മാവിനെ അവൻ അയക്കുമെന്ന വാഗ്ദാനമാണ് നല്കിയിരിക്കുന്നത്; അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ ഭൂലോകം മുഴുവനും വ്യാപിക്കുന്നതായിരിക്കും.' (അൽമൗഊദ്, അൻവാറുൽഉലൂം വാള്യം 17, പേജ് 529–530).

ഞാൻ പറഞ്ഞതുപോലെ ഇന്ന് ലോകം സാക്ഷിയാണ്. ആ വാഗ്ദത്തപുത്രൻ ലോകത്തിന്റെ അറ്റങ്ങളോളം കീർത്തിപ്രാപിച്ചിരിക്കുന്നു. ഹിന്ദുസ്താന് പുറത്തും അല്ലെങ്കിൽ ഖാദിയാനു പുറത്തുള്ള ലോകത്തിലെ എല്ലാ മിഷനും അവിടത്തെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. ധാരാളം മിഷൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ സ്ഥാപിതമായിരുന്നു. അതേ പരമ്പര, അതേ വ്യവസ്ഥിതിയുടെ പരമ്പര ഇന്നുവരേയും നടന്നുവരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: മുസ്‌ലിഹ് മൗഊദ് (വാഗ്ദത്ത പരിവർത്തനകാരി) പിന്നീടു വരുന്ന ഏതെങ്കിലും കാലഘട്ടത്തിലായിരിക്കും ജനിക്കുകയെന്ന് ചിലയാളുകൾ ആക്ഷേപം ഉന്നയിക്കാറുണ്ട്. മുന്നൂറു വർഷത്തിനുശേഷം! ഏതുകാരണത്താലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അടയാളം തേടിയിരുന്നതെന്നും എന്തുകൊണ്ട് അവിടത്തെ കാലഘട്ടത്തിൽത്തന്നെ ഇവൻ ജനിക്കുകയും അടയാളം പുലരുകയും ചെയ്യേണ്ടതായിരുന്നുവെന്നും വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതെങ്കിലും തലമുറയിൽനിന്ന് 300, 400 വർഷങ്ങൾക്കു ശേഷമാണു മുസ്‌ലിഹ് മൗഊദ് വരികയെന്ന് ചിലയാളുകൾ പറയുന്നു." ഇവിടേയും തലമുറയെ കുറിച്ചാണ് പറയുന്നത്. അതായത് 300, 400 വർഷങ്ങൾക്കു ശേഷമാണു മുസ്‌ലിഹ് മൗഊദ് വരികയെന്ന്! ഈ കാലഘട്ടത്തിൽ വരാൻ സാധ്യതയില്ലത്രെ! എന്നാൽ, അവരിൽ ആരുംതന്നെ ദൈവത്തെ ഭയപ്പെടുന്നില്ല. പ്രവചനത്തിൽ പറയപ്പെട്ട വാക്കുകൾ ശ്രദ്ധിക്കുകയോ അതിൽ ചിന്തിക്കുകയോ ചെയ്യുന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് എഴുതുന്നു: 'ഇക്കാലത്ത് ഇസ്‌ലാമിന് അടയാളം കാണിക്കുവാനുള്ള ശേഷിയില്ലായെന്ന ആക്ഷേപമുയരുന്നു. ഇസ്‌ലാം സത്യപൂർണമെങ്കിൽ അടയാളം കാണിക്കട്ടെയെന്ന് പണ്ഡിറ്റ് ലേഖറാം ആക്ഷേപിച്ചു. ഇസ്‌ലാം സത്യമെങ്കിൽ അടയാളം കാണിക്കട്ടെ എന്ന് ഇന്ദ്രമൻ ആക്ഷേപിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുകയും പറയുകയും ചെയ്യുന്നു: 'എന്റെ അല്ലാഹുവേ! അടയാളം ആവശ്യപ്പെടുന്നവരെ ഇസ്‌ലാമിൽ വിശ്വാസമുള്ളവരാക്കുംവിധം നീ അടയാളം കാണിച്ചാലും. ഇന്ദ്രമൻ മുറാദാബാദിയെ പോലുള്ളവർ ഇസ്‌ലാമിനെ അംഗികരിക്കുന്ന വിധത്തിലുള്ള അടയാളം കാണിച്ചാലും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'ഈ ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ് അല്ലാഹുവിന്റെ സന്നിധിയിൽ ഇങ്ങനെ ദുആ ചെയ്തപ്പോൾ ഇന്നേക്കു 300 വർഷത്തിനു ശേഷം നിനക്കു ഞാൻ ഒരു മകനെ നല്കുന്നതാണെന്നും അവൻ ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള തെളിവായിരിക്കമെന്നുമാണ് അല്ലാഹു അദ്ദേഹത്തോടു പറഞ്ഞതെന്നും ഈ ആക്ഷേപകർ ഞങ്ങളോടു പറയുന്നു. ഇത് ബുദ്ധിപൂർവകമാണെന്ന് ലോകത്തിലെ ഏതെങ്കിലുമൊരു വ്യക്തി അംഗീകരിക്കുമോ? ഇത് ബുദ്ധിക്ക് ഒട്ടും അംഗീകരിക്കാൻ പറ്റാത്ത കാര്യമാണ്. 'ഇതെങ്ങനെയുള്ള കാര്യമാണെന്നാൽ കഠിനമായ ദാഹമുള്ള ഒരാൾ ഒരാളുടെ വീട്ടുപടിക്കൽ പോകുകയും, 'സഹോദരാ എനിക്ക് നല്ല ദാഹമുണ്ട് ദൈവത്തെ ഓർത്ത് കുറച്ചുവെള്ളം തരിക' എന്നുപറയുകയും ചെയ്യുമ്പോൾ വീട്ടുകാരൻ സാഹിബേ! നിങ്ങൾ പരിഭ്രമിക്കേണ്ട, ഞാൻ അമേരിക്കയിലേക്ക് കത്തെഴുതിയിട്ടുണ്ട്, ഈ വർഷത്തിന്റെ അവസാനത്തോടെ അവിടെനിന്ന് ഉന്നതനിലവാരത്തിലുള്ള എസ്സൻസ് വരും, ശർബ്ബത്ത് വരും അടുത്ത വർഷം ശർബ്ബത്തുണ്ടാക്കി താങ്കളെ കുടിപ്പിക്കാം എന്നു പറയുന്നതുപോലെയാണിത്! ഒരു ഭ്രാന്തൻപോലും അത്തരം കാര്യം പറയുകയില്ല. ഒരു ഭ്രാന്തൻപോലും അത്തരം കാര്യം അല്ലാഹുവും റസൂലും പറഞ്ഞുവെന്ന് പറയുകയില്ല. പണ്ഡിറ്റ് ലേഖറാമും മുൻശി ഇന്ദ്രമൻ മുറാദാബാദി യും ഖാദിയാനിലെ മറ്റു ഹിന്ദുക്കളും പറഞ്ഞിരുന്നത്, ഇസ്‌ലാമിന്റെ ദൈവം ലോകത്ത് അടയാളങ്ങൾ കാണിക്കുന്നതിനു കഴിവുള്ളവനാണ് എന്ന വാദം കളവും അടിസ്ഥാനരഹിതവുമാണെന്നായിരുന്നു. ഇതിൽ എന്തെങ്കിലും യാഥാർഥ്യമുണ്ടെങ്കിൽ ഞങ്ങൾക്ക് അടയാളം കാണിച്ചുതരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ മുന്നിൽ കുനിയുകയും പറയുകയും ചെയ്യുന്നു: 'അല്ലാഹുവേ! ഞാൻ നിന്നോടു ദുആ ഇരക്കുകയാണ്, കാരുണ്യത്തിന്റെ അടയാളം നീ എനിക്കു കാണിച്ചുതന്നാലും.നീ എനിക്ക് ശക്തിപ്രഭാവത്തിന്റെയും സാമീപ്യത്തിന്റെയും അടയാളം പ്രദാനം ചെയ്താലും.' അതുകൊണ്ട് ഈ അടയാളം ആ ആളുകൾ ജീവിച്ചിരിക്കുന്ന ഏറ്റവും അടുത്തകാലത്ത് പ്രകടമാകേണ്ടിയിരുന്നതാണ്. പിന്നീട് അങ്ങനെ തന്നെ സംഭവിച്ചു. 1889 ൽ eighteen eighty nine ൽ അല്ലാഹുവിന്റെ പ്രവചനം അനുസരിച്ച് എന്റെ ജനനമുണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദിനോട് അടയാളം ചോദിച്ച ആളുകൾ ജീവനോടെ ഉണ്ടായിരുന്നു. പിന്നീട് ഞാൻ വളരുന്നതിനനുസരിച്ച് അല്ലാഹുവിന്റെ അടയാളങ്ങൾ അധികമധികമായി വെളിപ്പെടുവാനും തുടങ്ങി.' (മെ ഹീ മുസ്‌ലിഹ് മൗഊദ് കി പേശ്ഗോഇ കാ മിസ്ദാഖ് ഹൂം, അൻവാറുൽ ഉലൂം വാള്യം 17, പേജ് 222–223)

അതുകൊണ്ട് ഈ അടയാളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽത്തന്നെ, ഇസ്‌ലാമിനെ ആക്ഷേപിച്ച ആളുകൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ വെളിപ്പെടേണ്ടത് നിർബന്ധമായിരുന്നു. അങ്ങനെ അതു വെളിപ്പെടുകയുണ്ടായി.

ഈ പ്രവചനത്തിന്റെ ഉദ്ദേശ്യങ്ങളെന്തായിരുന്നുവെന്ന് നമ്മൾ മനസ്സിലാക്കിയിരിക്കേണ്ടതും വളരെ സുപ്രധാന കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഈ ഉദ്ദേശ്യങ്ങളുടെ ലഭ്യത എന്തുകൊണ്ടാണ് അനിവാര്യമായത്. കുറച്ചു ഞാനിപ്പോൾ വിവരിച്ചു. എന്തുകൊണ്ട് അവിടത്തെ ശാരീരികവും രക്തപരവുമായ ബന്ധമുള്ള മക്കളിൽപെട്ട ഈ മകനിൽ ഈ അടയാളം പൂർത്തിയാകേണ്ടത് നിർബന്ധമായിരുന്നു. ഈ ഉദ്ദേശ്യങ്ങൾ സ്മരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു.

"ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 1886 ഫെബ്രുവരി 20ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പറയുന്നു: ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ള ഈ പ്രവചനത്തിന് പല ഉദ്ദേശ്യങ്ങളുമുണ്ടെന്ന് അല്ലാഹു എന്നിൽ വെളിപ്പെടുത്തി. ഒന്നാമതായി ഈ പ്രവചനം ചെയ്യപ്പെട്ടത്, മരണത്തിൽനിന്ന് രക്ഷപ്പെട്ട് ജീവിതം ആഗ്രഹിക്കുന്നവരും ഖബ്റുകളിൽ അമർന്നു കിടക്കുന്നവരും വെളിയിൽ വരിക എന്നതാണ്. അതായത് ആത്മീയമായി മരിച്ചുകഴിഞ്ഞിട്ടുള്ളവർ ജീവനുള്ളവരാകുക. ഈ പ്രവചനം 400 വർഷത്തിനുശേഷം പൂർത്തിയാകാനുള്ളതാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ അവിടന്ന് കൂടുതൽ വ്യക്തമാക്കുന്നു. അതിന്റെ അർഥം ഇങ്ങനെയായിരിക്കും, ഞാൻ ഈ പ്രവചനം ചെയ്തിരിക്കുന്നത് ഇന്ന് ജീവിക്കാനാഗ്രഹിക്കുന്നവർ മരിക്കുന്നെങ്കിൽ മരിച്ചുകൊണ്ടിരിക്കട്ടെ. 400 വർഷത്തിനുശേഷം അവരെ ജീവിപ്പിക്കുന്നവരായിരിക്കും എന്നാകും. ഈ വാക്യം വ്യക്തമായും നിരർഥവും തെറ്റുമാണ്. അവിടന്ന്(അ) പറയുന്നു: 'ഈ തപോയജ്ഞം ചെയ്യപ്പെട്ടത്, ഇസ്‌ലാംമതത്തെ നിഷേധിക്കുന്നവർക്ക് മുമ്പിൽ അല്ലാഹുവിന്റെ ഒരു ജീവസുറ്റ അടയാളം വെളിപ്പെടുത്തണമെന്നതാണ്. നബി(സ) തിരുമേനിയുടെ അമാനുഷികത നിഷേധിച്ചുകൊണ്ടിരിക്കുന്നവർക്ക് പുതിയതും പ്രബലവുമായ തെളിവ്– ഇപ്പോഴും അല്ലാഹു ഇസ്‌ലാമിനേയും നബി(സ)തിരുമേനിയേയും പിന്തുണച്ചുകൊണ്ട് തന്റെ അടയാളങ്ങൾ പ്രകടിപ്പിക്കുന്നുവെന്നുള്ള തെളിവ്– ആ വെളിപാടു പരമായ വാക്കുകൾ ഈ പ്രവചനത്തിന്റെ ഉദ്ദേശ്യത്തിലും ലക്ഷ്യത്തിലും വെളിച്ചം വീശുന്നു. ജീവിക്കാനാഗ്രഹിക്കുന്നവർ മരണത്തിന്റെ പിടിയിൽനിന്ന് മോക്ഷം പ്രാപിക്കാനും ഖബ്റിൽ കിടക്കുന്നവർ വെളിയിൽ വരാനും എന്നാണ് അല്ലാഹു പറഞ്ഞത്. ഇനി മുസ്‌ലിഹ് മൗഊദ് 300, 400 വർഷത്തിനു ശേഷമാണ് വരുന്നതെന്ന ഇക്കൂട്ടരുടെ വീക്ഷണം ശരിയാണെന്ന് കരുതിയാൽതന്നെ ഈ വാക്യത്തിന്റെ വ്യാഖ്യാനം ഇങ്ങനെയായിരിക്കും. അതായത് ഈ പ്രവചനം

ചെയ്യപ്പെട്ടത് ഇന്ന് ജീവിക്കാനാഗ്രഹിക്കുന്നവർ മരിച്ചുകൊണ്ടിരിക്കട്ടെ, 400 വർഷത്തിനുശേഷം അവരുടെ തലമുറകളിൽനിന്നുള്ള ചിലരെ ജീവിപ്പിക്കുന്നതായിരിക്കും എന്നായിരിക്കും. എന്നാൽ, ഈ വാക്യത്തെ ആരെങ്കിലും ശരിയായി അംഗീകരിക്കുമോ? രണ്ടാമതായി ഈ പ്രവചനം ചെയ്യപ്പെട്ടത് ഇസ്‌ലാം മതത്തിന്റെ മേന്മ പ്രകടമാകുന്നതിനും ദൈവഗ്രന്ഥത്തിന്റെ പെരുമ ജനങ്ങളിൽ വ്യക്തമാകുന്നതിനും വേണ്ടിയാണ്. ഇതിൽനിന്ന് ഇക്കാലത്തെ ജനങ്ങളിൽ ഇസ്‌ലാമിന്റെ മേന്മ പ്രകടമല്ലെന്നത് വ്യക്തമാണ്. ഇതുപോലെ ദൈവഗ്രന്ഥത്തിന്റെ പെരുമയും ഇപ്പോൾ ജനങ്ങളിൽ പ്രകടമല്ല. എന്നാൽ, ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ഇന്നേക്ക് 300 വർഷത്തിനുശേഷമോ 400 വർഷത്തിനു ശേഷമോ– ഇവർ മരിച്ചുപോകുകയും ഇവരുടെ മക്കളും മരിച്ചുപോകുകയും, അവരുടെ മക്കളും മരിച്ചുപോകുകയും ചെയ്യുമ്പോൾ ജനങ്ങളിൽ പ്രകടമാകുന്നതിനുവേണ്ടിയാണ് ഈ പ്രവചനം ചെയ്തതെന്നാണ് ഇക്കൂട്ടർ പറയുന്നത്. അന്ന് പണ്ഡിറ്റ് ലേഖ്റാം ഉണ്ടാകുകയില്ല. ഇന്ദ്രമൻ മുറാദാബാദിയും ഉണ്ടാകുകയില്ല. അവരുടെ മക്കളും ഉണ്ടാകുകയില്ല. അവരുടെ മക്കളുടെ മക്കളും ഉണ്ടാകുകയില്ല. ആ കാലത്ത് ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങളിൽ പ്രകടമാകുന്നതായിരിക്കുമത്രെ! പറയുക! ഏതെങ്കിലും വ്യക്തി ഈ അർഥങ്ങളെ ശരിയായി മനസ്സിലാക്കുമോ? അവരിൽ ബുദ്ധി എന്തെങ്കിലുമുണ്ടോ?

മൂന്നാമതായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'സത്യം അതിന്റെ എല്ലാ അനുഗ്രങ്ങളോടുംകൂടി വരുന്നതിനും അസത്യം അതിന്റെ സകല മാലിന്യത്തോടും കൂടി ഓടിപ്പോകുന്നതിനുമാണ് ഈ പ്രവചനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ അർഥം സത്യം ഇക്കാലത്ത് ബലഹീനവും അസത്യം ശക്തവുമാണെന്നാണ്. ബുദ്ധിപരവും വൈജ്ഞാനികവുമായ നിലയിൽ ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ന്യായപൂർത്തി വരികയും ഇസ്‌ലാം സത്യമാണെന്ന് വിശ്വസിക്കാൻ ജനങ്ങൾ നിർബന്ധിതരായിത്തീരുകയും, അതിനെതിരിൽ എത്രത്തോളം മതങ്ങളാണോ എഴുന്നേറ്റുനില്ക്കുന്നത് അതെല്ലാം അസത്യമാണെന്ന് കാണിക്കുകയും ചെയ്യാൻ അല്ലാഹു ഈ പ്രവചനത്തിലൂടെ ആഗ്രഹിക്കുന്നു.

ഈ പ്രവചനത്തിന്റെ നാലാമത്തെ ഉദ്ദേശ്യം വിവരിക്കപ്പെട്ടിരിക്കുന്നത് "താൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാക്കുന്നതിനും" വേണ്ടിയുള്ളതാണെന്നാണ്. ഇത് ചിന്തിക്കേണ്ട കാര്യമാണ്. ആളുകൾ അല്ലാഹുവിനെ ഏതുരീതിയിലാണ് സർവശക്തനാണെന്ന് മനസ്സിലാക്കുക. മുന്നൂറു വർഷത്തിനുശേഷമോ നാന്നൂറു വർഷത്തിനുശേഷമോ ഒരു അടയാളം പ്രത്യക്ഷമാകുന്നതുമുഖേന ഇസ്‌ലാമിന്റെ ദൈവം സർവശക്തനാണെന്ന് അംഗീകരിക്കാൻ ജനങ്ങൾ നിർബന്ധിതരാകുമത്രെ! ഇത്തരം പ്രവചനത്തിന് ലേഖ്റാം എന്തു പ്രാധാന്യം നല്കാനാണ്? അക്കാലത്ത് ഇസ്‌ലാംമതത്തിനുമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നവരിലും നബി(സ)തിരുമേനിയുടെ അടയാളങ്ങളെ കളവാക്കികൊണ്ടിരിക്കുന്നവരിലും ഇസ്‌ലാം ഒരു ചത്തമതമാണെന്ന് പറഞ്ഞവരിലും എന്ത് ന്യായപൂർത്തിവരാനാണ്. നിങ്ങൾ 400 വർഷത്തിനുശേഷമായിരിക്കുമോ അല്ലാഹു സർവശക്തനാണെന്ന് മനസ്സിലാക്കാൻ തുടങ്ങുന്നത്. 400 വർഷത്തിനുശേഷം പൂർത്തിയാകാൻ പോകുന്ന പ്രവചനംകൊണ്ട് ആ ആളുകൾ അല്ലാഹുവിനെ എങ്ങനെയാണ് സർവശക്തനായി മനസ്സിലാക്കുക. 400 വർഷത്തിനുശേഷം അങ്ങനെ സംഭവിക്കുമെന്ന് പറയുന്ന നാവുകൊണ്ടുള്ള വാദത്തെ തങ്ങൾ അംഗീകരിക്കില്ല എന്നായിരിക്കും അവർ പറയുക. ഇതു എല്ലാവർക്കും പറയാവുന്നതാണ്. ഞങ്ങളുടെ മുമ്പിൽ അടയാളം കാണിക്കുമ്പോഴാണ് എന്തെങ്കിലും കാര്യമുണ്ടാകുക. അങ്ങനെ ഇസ്‌ലാമിന്റെ ദൈവം സർവശക്തനാണെന്ന് സ്ഥാപിതമാകണം. അതിനാൽ ഈ അടയാളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽത്തന്നെ പൂർത്തിയാകണമായിരുന്നു.

അഞ്ചാമത്തെ ഉദ്ദേശ്യമായി പറയപ്പെട്ടിരിക്കുന്നത്, ഞാൻ നിന്നോടൊപ്പമുണ്ടെന്ന് അവർ വിശ്വസിക്കുന്നതിനും; അതായത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പമുണ്ടെന്ന് അവർക്ക് വ്യക്തമാകണം. ഇനി ഈ പ്രവചനം 400 വർഷത്തിനുശേഷമാണ് പുലരേണ്ടതെന്നാണെങ്കിൽ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പമുണ്ടെന്ന് ഇക്കാലത്തെ ആളുകൾ എങ്ങനെ വിശ്വസിക്കാനാണ്?

ആറാമത്തെ ഉദ്ദേശ്യമായി പറഞ്ഞിരിക്കുന്നത്, അല്ലാഹുവിൽ വിശ്വസിക്കാത്തവർക്കും അല്ലാഹുവിനേയും അവന്റെ മതത്തേയും അവന്റെ ഗ്രന്ഥത്തേയും അവന്റെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യേയും നിഷേധിക്കുന്നവർക്കും നിഷേധദൃഷ്ടിയാൽ നോക്കുന്നവർക്കും വ്യക്തമായ ദൃഷ്ടാന്തം കിട്ടുന്നതിനാണ് ഈ പ്രവചനമെന്നാണ്. ഇതിന്റെ അർഥവും ഇങ്ങനെതന്നെയാണ്. എന്റെ ജീവിതകാലത്ത് ഇസ്‌ലാമിനെ കളവാക്കുന്നവർ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്ത് അവരുടെ മുമ്പിലാണ് ഈ പ്രവചനം ചെയ്യുന്നത്, അവർക്ക് ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന്റെ സുവ്യക്തമായ വലിയൊരു അടയാളം കിട്ടുന്നതായിരിക്കും; പക്ഷേ, കിട്ടുന്നത് 400 വർഷത്തിനു ശേഷമായിരിക്കുമത്രെ! അന്നാണെങ്കിൽ ഇക്കാലത്തുള്ളവരോ എന്നല്ല അവരുടെ മക്കളോ മക്കളുടെ മക്കളോ ആരും ജീവിച്ചിരിപ്പുണ്ടാകുകയില്ല! ഇതും ബുദ്ധിപരമായ കാര്യമൊന്നുമല്ല.

ഏഴാമതായി വിവരിക്കുന്നത് കുറ്റവാളികളുടെ വഴി പ്രകടമാകുന്നതിനുവേണ്ടിയാണ് ഈ പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നത്; അവരാണ് കള്ളവാദികൾ എന്നറിയാൻ. 400 വർഷത്തിനുശേഷം വരുന്നവരെ, ഇക്കാലത്തുള്ളവർ എങ്ങനെ അറിയാനാണ്. അതായത് അവർ (കുറ്റവാളികൾ) കള്ളം പറയുകയായിരുന്നുവെന്ന്. (അൽമൗഊദ്, അൽവാറുൽഉലൂം, വാള്യം 17, പേജ് 542–544)

അതുകൊണ്ട് ഈ പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം മക്കളുമായി ബന്ധപ്പെട്ടതായിരുന്നു. 'നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും' എന്ന വാക്കുകൾ പ്രവചനത്തിലുള്ളതുപോലെ. ഇത് അദ്ദേഹത്തിന്റെ മകനെക്കുറിച്ചായിരുന്നു. തേജോവിലാസത്തോടുകൂടി അത് പൂർത്തിയായി. 52 വർഷംവരെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖിലാഫത്ത് തിളക്കമാർന്ന ഒരു അടയാളംപോലെ ലോകത്ത് വെളിപ്പെട്ടു. അവിടത്തെ വൈജ്ഞാനികമായ പ്രവൃത്തികളെ അത്യന്തം അംഗീകരിക്കുന്നു. അതിന്റെ വിശദീകരണം ജമാഅത്തിന്റെ സാഹിത്യങ്ങളിലുണ്ട്. അത് വിവരിക്കുകയാണെങ്കിൽ കുറേ സമയം വേണ്ടിവരും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹുഥ്ഥാനീ(റ) താൻതന്നെയാണ് മുസ്‌ലിഹ് മൗഊദ് എന്ന് 1944–ൽ വിളംബരം ചെയ്തുകൊണ്ട്–ആദ്യം ആക്ഷേപിച്ചിരുന്നത് അവിടന്ന് വിളംബരം ചെയ്തില്ല എന്നാണ്– പറഞ്ഞു: 'ഞാൻ പറയുന്നു, അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്ത് പറയുന്നു, ഞാൻ തന്നെയാണ് മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിന്റെ സാക്ഷാത്കാരം. ഞാൻ കറ്റുകെട്ടോടെ പണിയെടുത്തിരിക്കുന്നുവെന്നും അല്ലെങ്കിൽ ഇക്കാര്യത്തിൽ ഞാൻ വ്യാജവും അസത്യവുമാണ് കൈക്കൊണ്ടിരിക്കുന്നതെന്നും ധരിക്കുന്നവൻ ഞാനുമായി ഇക്കാര്യത്തിൽ മുബാഹല(ശാപപ്രാർഥന) ചെയ്യട്ടെ. അല്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ ചോദിച്ചുകൊണ്ട് 'ഞാൻ കളവോടു കൂടിയാണ് പ്രവൃത്തിക്കുന്നതെന്ന്' അല്ലാഹു തന്നോടു പറഞ്ഞിരിക്കുന്നുവെന്ന് അയാൾ സത്യം ചെയ്ത് വിളംബരം ചെയ്യട്ടെ. അപ്പോൾ അല്ലാഹു താൻതന്നെ തന്റെ ദൈവികാടയാളങ്ങൾകൊണ്ട് ആരാണ് സത്യവാദിയെന്നും കള്ളവാദിയെന്നുമുള്ള തീരുമാനം കല്പിക്കുന്നതായിരിക്കും." അവിടത്തെ ശത്രുക്കളും ജമാഅത്തിന്റെ ഉള്ളിൽ ഇതിൽനിന്ന് വേർപെട്ടുപോകാൻ തയ്യാറായി നിലിക്കുന്നവരുമൊന്നും മത്സരത്തിന് മുന്നോട്ടു വന്നില്ല.' അവിടന്ന് പറയുന്നു: മിസ്രി സാഹിബ് പറഞ്ഞതുപോലെ സ്വപ്നം സത്യമാണെന്ന് അവർ പറയുന്നുണ്ടെങ്കിൽ (ചിലയാളുകൾ മുർത്തദ്ദായി പോയിരുന്നു)ഇതിന്റെ യാഥാർഥ്യത്തെ കുറിച്ച് അവർ ലേഖനം എഴുതുക. ഞാൻ അവരുടെ ലേഖനത്തിന് മറുപടി നല്കുന്നതായിരിക്കും. അവർ ഈ പോരാട്ടത്തിനു വരികയാണെങ്കിൽ ദീർഘകാലം ഓർക്കുംവിധമുള്ള പരാജയമായിരിക്കുമുണ്ടാകുക.

ചുരുക്കത്തിൽ അല്ലാഹുവിന്റെ കൃപയാലും അവന്റെ കാരുണ്യത്താലും ആ പ്രവചനപൂർത്തീകരണത്തിനായുള്ള ഒരു നീണ്ടകാല കാത്തിരിപ്പിനുശേഷം, അല്ലാഹു അതിനെ സംബന്ധിച്ച് തന്റെ ഇൽഹാമി(വെളിപാട്)ലൂടെയും അറിയിപ്പിലൂടെയും 'പ്രവചനം എന്നിലൂടെ തന്നെ പുലർന്നിരിക്കുന്നു' എന്ന് എന്നോടു പറഞ്ഞിരിക്കുന്നു. ഇപ്പോൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ദൈവത്തിന്റെ പരിപൂർണ തീർപ്പു കല്പ്പിക്കപ്പെട്ടിരിക്കുകയാണ്. ഇസ്‌ലാം ദൈവത്തിന്റെ സത്യമതവും മുഹമ്മദ് റസൂലുല്ലാഹ്(സ) തിരുമേനി അല്ലാഹുവിന്റെ സത്യറസൂലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവത്തിൽനിന്നുള്ള സത്യാത്മാവുമാണെന്നത് അവരിൽ പ്രകടമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമാണ് കളവെന്ന് പറഞ്ഞവർ തന്നെയാണ് യഥാർഥ കള്ളവാദികൾ. മുഹമ്മദ് റസൂലുല്ലാഹ്(സ)തിരുമേനിയെ വ്യാജനെന്ന് വിളിച്ചവർ തന്നെയാണ് യഥാർഥ വ്യാജന്മാർ. ദൈവം ഈ അതിമഹത്തായ പ്രവചനം മുഖേന ഇസ്‌ലാമിന്റെയും റസൂൽ കരീം (സ)തിരുമേനിയുടെയും സത്യതക്കുള്ള ഒരു ജീവസുറ്റ തെളിവ് ജനങ്ങൾക്കു മുന്നിൽ സമർപിച്ചിരിക്കുകയാണ്.

അവിടന്ന് പറയുന്നു: '1886ന് അതായത് ഇന്നേക്ക് 58 വർഷത്തിനു മുമ്പേ, 'തനിക്ക് ഒൻപത് വർഷത്തിനുള്ളിൽ ഒരു ആൺകുഞ്ഞ് ജനിക്കുമെന്നും അവൻ വേഗം വേഗം വളരുമെന്നും ലോകത്തിന്റെ കോണുകളോളം അവന്റെ കീർത്തി വ്യാപിക്കുമെന്നും അവൻ ഇസ്‌ലാമിന്റെയും റസൂൽ കരീം(സ)യുടെയും നാമം ലോകത്ത് വ്യാപിപ്പിക്കുമെന്നും അവൻ ലൗകികവും ആത്മീയവുമായ ജ്ഞാനങ്ങൾകൊണ്ട് നിറക്കപ്പെടുമെന്നും അവൻ ദൈവിക പ്രതാപത്തിന് കാരണമായി ഭവിക്കുമെന്നും അവൻ അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിന്റെയും സാമീപ്യത്തിന്റെയും കാരുണ്യത്തിന്റെയും ജീവസുറ്റ അടയാ

ളമായിരിക്കുമെന്നുമൊക്കെ സ്വയം കെട്ടിച്ചമച്ച് അറിയിപ്പു നല്കാൻ ആർക്കാണ് ശക്തിയുള്ളത്? അല്ലാഹുവാണ് ഈ അറിവ് നല്കിയത്. പിന്നീട് ആ അല്ലാഹു തന്നെ ആ വാർത്ത ഈ മനുഷ്യനിലൂടെ പൂർത്തീകരിക്കുകയും ചെയ്തു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ കുറിച്ചാണ് പറയുന്നത്. ഈ മനുഷ്യനിലൂടെ ആ പ്രവചനം പൂർത്തീകരിച്ചിരിക്കുന്നുവെന്ന്). അവനെ കുറിച്ച് അവൻ ജീവിച്ചിരിക്കുമെന്നോ ദീർഘകാലം ജീവിച്ചിരിക്കുമെന്നോ ഡോക്ടർ പോലും കരുതിയിരുന്നില്ല. പിന്നീട് അവിടന്ന് തന്നെക്കുറിച്ച് പറയുന്നു:

"എന്റെ കുട്ടിക്കാലത്തെ ആരോഗ്യം എത്രമാത്രം മോശമായിരുന്നുവെന്നാൽ, ഒരു അവസരത്തിൽ ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് എന്നെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു, അവന് ക്ഷയരോഗമാണ്. ഏതെങ്കിലും മലമ്പ്രദേശത്ത് അവനെ അയക്കുക. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ ഷിംലയിലേക്ക് അയച്ചു. എന്നാൽ, അവിടെ എത്തിയപ്പോൾ ഞാൻ ഉദാസീനനായി. അതുകൊണ്ടുതന്നെ വേഗം തിരിച്ചുപോന്നു. ചുരുക്കത്തിൽ അത്തരം മനുഷ്യനെ –അവന്റെ ആരോഗ്യം ഒരു ദിവസംപോലും നല്ലതായിരുന്നില്ല– അല്ലാഹു ജീവനോടെവെച്ചു. എന്തിനുവേണ്ടിയാണ് ജീവനോടെ വെച്ചത്, അവൻ മുഖേന തന്റെ പ്രവചനങ്ങളെ പൂർത്തിയാക്കാനും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ ജനങ്ങളുടെ മുമ്പിൽ ലഭ്യമാക്കാനും. പിന്നെ ഞാനെങ്ങനെയുള്ളവനായിരുന്നുവെന്നാൽ, എനിക്ക് ലൗകികമായ ഒരു വിദ്യാഭ്യാസവും കിട്ടിയിരുന്നില്ല. എന്നാൽ, അല്ലാഹു തന്റെ ഫള്ലുകൊണ്ട് മലക്കുകളെ എന്റെ വിദ്യാഭ്യാസത്തിന് അയച്ചു. ഒരു മനുഷ്യന്റേയും ചിന്തയിലും ധാരണയിലും പോലും വരാത്ത വിശുദ്ധഖുർആന്റെ അർഥങ്ങൾ എന്നെ പഠിപ്പിച്ചു. അല്ലാഹു എനിക്ക് നല്കിയ അറിവ്, എന്റെ നെഞ്ചകത്തുനിന്ന് പുറപ്പെട്ട ആ ആത്മീയമായ അരുവി സാങ്കല്പികമോ ഭാവനാപരമോ അല്ല. മറിച്ച് അതെത്രമാത്രം അഖണ്ഡിതവും ദൃഢഗാഢവുമാണെന്നാൽ, ഞാൻ മുഴുലോകത്തേയും വെല്ലുവിളിക്കുകയാണ്, അല്ലാഹുവിൽനിന്ന് തനിക്ക് വിശുദ്ധഖുർആൻ പഠിപ്പിക്കപ്പെട്ടുവെന്ന് വാദിക്കുന്ന ആരെങ്കിലുമുണ്ടോ? ഞാൻ അയാളുമായി എപ്പോഴും പോരാട്ടത്തിന് തയ്യാറായിരിക്കുന്നു. ഈ വെല്ലുവിളി അക്കാലത്ത് അവിടന്ന് നടത്തിയതാണ്. അവിടന്ന് പറയുന്നു: 'ഇന്ന് ലോകത്തിന്റെ തിരശ്ശീലയിൽ എന്നെക്കൂടാതെ, അല്ലാഹുവിൽനിന്ന് വിശുദ്ധഖുർആനികജ്ഞാനം നല്കപ്പെട്ട ഒരാളുമില്ലെന്ന് എനിക്കറിയാം. അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം പ്രദാനം ചെയ്തു. ഇക്കാലഘട്ടത്തിൽ അവൻ ഖുർആൻ പഠിപ്പിക്കുന്നതിന് എന്നെ ലോകത്തിന്റെ ഉസ്താദാക്കിയിരിക്കുന്നു. മുഹമ്മദ് റസൂലുല്ലാഹി(സ)യുടേയും വിശുദ്ധഖുർആന്റേയും നാമത്തെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുന്നതിനും ഇസ്‌ലാമിന്നെതിരിൽ ലോകത്തിലെ എല്ലാ അസത്യമായ മതങ്ങളേയും എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനും അല്ലാഹു എന്നെ എഴുന്നേല്പിച്ചു നിറുത്തിയിരിക്കുന്നു. ലോകം ശക്തിചെലുത്തട്ടെ, അത് അതിന്റെ സർവശക്തികളേയും ജനക്കൂട്ടങ്ങളേയും ഒരുമിച്ചുകൂട്ടട്ടെ, ക്രൈസ്തവ രാജാക്കന്മാരും, അവരുടെ ഭരണകൂടങ്ങളും ഒത്തുചേരട്ടെ, യൂറോപ്പും അമേരിക്കയും ഒത്തുകൂടട്ടെ! ലോകത്തിലെ വൻസമ്പന്നന്മാരും ശക്തരായ ജനങ്ങളും സംഘടിച്ചാലും എന്നെ ഈ ലക്ഷ്യത്തിൽ പരാജയപ്പെടുത്താൻ ഒന്നിച്ചാലും ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് പറയുന്നു, 'അവർ എനിക്കെതിരിൽ പരാജിതരാകുന്നതായിരിക്കും. അല്ലാഹു എന്റെ ദുആകൾക്കും പദ്ധതികൾക്കും മുമ്പിൽ അവരുടെ സകല പദ്ധതികളും തന്ത്രങ്ങളും വഞ്ചനകളും ഉന്മൂലനം ചെയ്യുന്നതായിരിക്കും. അല്ലാഹു ഞാൻ മുഖേന അല്ലെങ്കിൽ എന്റെ ശിഷ്യന്മാരും എന്നെ പിൻപറ്റുന്നവരും മുഖേന ഈ പ്രവചനത്തിന്റെ സത്യസാക്ഷ്യം സ്ഥാപിക്കുന്നതിനുവേണ്ടി നബി(സ) തിരുമേനിയുടെ നാമത്തിന്റെ ബർക്കത്തുകൊണ്ട് ഇസ്‌ലാമിന്റെ അഭിമാനത്തെ സ്ഥാപിക്കുന്നതായിരിക്കും. ഇസ്‌ലാം വീണ്ടും അതിന്റെ സമ്പൂർണ തേജോവിലാസത്തോടെ ലോകത്ത് സ്ഥാപിതമാകാത്തിടത്തോളം നബി(സ)തിരുമേനിയെ വീണ്ടും ലോകത്തിലെ ജീവനുള്ള നബിയായി അംഗീകരിക്കാത്തിടത്തോളം ലോകത്തെ വിട്ടുകളയുകയില്ല.'

ഇതൊരു സധാരണമായ വിളംബരമായിരുന്നില്ല. അദ്ദേഹത്തിന്റെ 52 വർഷക്കാലത്തെ ഖിലാഫത്ത് കാലഘട്ടം, അതിലെ ഒരോ ദിവസവും ഇതിന്റെ മഹത്ത്വം വെളിവാക്കിക്കൊണ്ടിരുന്നു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എന്റെ സുഹൃത്തുക്കളേ! ഞാൻ ഒരു അന്തസ്സും ആഗ്രഹിക്കുന്നവനല്ല. അതുപോലെ അല്ലാഹു എന്റെമേൽ വെളിപ്പെടുത്തുന്നതല്ലാതെ നീണ്ട ആയുസ്സും ഞാൻ പ്രതീക്ഷിക്കുന്നില്ല. കൂടുതൽ ആയുസ്സ് കിട്ടണമെന്നും പറയുന്നില്ല. അതേ, ഞാൻ അല്ലാഹുവിന്റെ ഫള്ൽ പ്രതീക്ഷിക്കുന്നവനാണ്.'

'നബി(സ)തിരുമേനിയുടെയും ഇസ്‌ലാമിന്റെയും അന്തസ്സു നിലനിറുത്തുന്നതിനും വീണ്ടും ഇസ്‌ലാമിനെ സ്വന്തം പാദങ്ങളിൽ നിലയുറപ്പിക്കുന്നതിനും ക്രിസ്തുമത പ്രത്യയശാസ്ത്രത്തെ പൊളിക്കുന്നതിനും എന്റെ കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ പദ്ധതികൾക്ക് ഇൻശാ അല്ലാഹ് വലിയ പങ്ക് ഉണ്ടായിരിക്കുന്നതാണെന്ന് ഞാൻ ദൃഢഗാഢമായി വിശ്വസിക്കുന്നു. പിശാചിന്റെ ശിരസ്സിനെ ചവിട്ടി മെതിക്കുകയും ക്രിസ്തുമത പ്രത്യയശാസ്ത്രത്തെ അവസാനിപ്പിക്കുകയും ചെയ്യുന്ന ചുവടുകളിൽ ഒന്ന് എന്റേതു കൂടിയുണ്ടായിരിക്കും. ഇൻശാ അല്ലാഹ്." അവിടന്ന് പറയുന്നു: 'ഞാൻ ഈ സത്യത്തെ പ്രസ്പഷ്ടമായ നിലയിൽ മുഴുലോകത്തിന്റേയും മുമ്പിൽ അവതരിപ്പിക്കുകയാണ്. ഈ ശബ്ദം ഭൂമിയുടേയും ആകാശത്തിന്റേയും ദൈവത്തിന്റെ ശബ്ദമാണ്. ഈ ഉദ്ദേശ്യം ഭൂമിയുടേയും ആകാശത്തിന്റേയും ദൈവത്തിന്റെ ഉദ്ദേശ്യമാണ്. ഈ സത്യം മാറിപ്പോകുകയില്ല. മാറിപ്പോകുകയില്ല. മാറിപ്പോകുകയില്ല. ഇസ്‌ലാം ലോകത്ത് വിജയിച്ചുവരികതന്നെ ചെയ്യും. എന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻ ഇനി ക്രിസ്ത്യാനികൾക്ക് ഒരു പഴുതുമില്ല. അല്ലാഹു എന്റെ കൈയാൽ അതിന് പരാജയം നല്കുന്നതായിരിക്കും. ഒന്നുകിൽ എന്റെ ജിവിതകാലത്തുത്തന്നെ പൊക്കാൻ പറ്റാത്തവിധം അതിന്റെ തലഞെരിച്ചുവെക്കുന്നതായിരിക്കും. അല്ലെങ്കിൽ ഞാൻ വിതച്ച വിത്തിൽനിന്ന് ആ മരം ഉണ്ടാകുന്നതാണ്. അതിന്റെ മുമ്പിൽ ക്രൈസ്തവമതം ഒരു ഉണക്കച്ചുള്ളിപോലെ നിർജീവമായിത്തീരും! ലോകത്ത് നാലു ഭാഗത്തും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പതാക അത്യുന്നത ഉയരത്തിൽ പാറിപറക്കുന്നത് കാണുന്നതായിരിക്കും." വീണ്ടും അവിടന്ന് പറയുന്നു: 'ഞാൻ ഈ അവസരത്തിൽ മുസ്‌ലിഹ് മൗഊദുമായി ബന്ധപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രവചനം നിങ്ങളുടെ മുന്നിൽ പൂർത്തീകരിച്ചിരിക്കുന്നതിനെ കുറിച്ച് സുവാർത്ത അറിയിക്കുന്നതിനോടൊപ്പം നിങ്ങളുടെ ഉത്തരവാദിത്വങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.' ഈ ഉത്തരവാദിത്വം ഇന്നു നമ്മുടേതാണ്. "അത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. എന്റെ ഈ വിളംബരത്തിന് സാക്ഷിയാണ് നിങ്ങൾ.' ഞാൻ മുസ്‌ലിഹ് മൗഊദാണെന്ന് അത് സാക്ഷ്യപ്പെടുത്തുന്നു. ഉള്ളിൽ പരിവർത്തനമുണ്ടാക്കുകയെന്നതാണ് നിങ്ങളുടെ പ്രഥമ കടമ. ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയത്തിനും ലക്ഷ്യപ്രാപ്തിക്കുമായി നിങ്ങളുടെ രക്തത്തിന്റെ അവസാന തുള്ളിവരെ ഒഴുക്കുവാൻ സദാ തയ്യാറായിരിക്കുക. പ്രവചനം വെളിപ്പെട്ടതിന് സന്തോഷിക്കുക. നിങ്ങൾക്ക് സന്തോഷിക്കാൻ കഴിയുമെന്നതിൽ സംശയമില്ല. അല്ലാഹു ഈ പ്രവചനത്തെ പൂർത്തിയാക്കി. എന്നല്ല ഞാൻ പറയുന്നു, തീർച്ചയായും നിങ്ങൾ സന്തോഷിക്കേണ്ടതാണ്. കാരണം നിങ്ങൾ സന്തോഷിക്കുക, സന്തോഷം കൊണ്ട് തുള്ളിച്ചാടുക" എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ എഴുതിയിട്ടുണ്ട്. ഈ പ്രവചനത്തിനുശേഷം അവിടന്ന് പറഞ്ഞു സന്തോഷം കൊണ്ട് തുള്ളിച്ചാടുക എന്ന്! 'അതിനുശേഷം വെളിച്ചം വരുന്നതായിരിക്കും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'ഞാൻ നിങ്ങളെ സന്തോഷിക്കുന്നതിൽനിന്ന് തടയുന്നില്ല. ഞാൻ നിങ്ങളെ തുള്ളിച്ചാടുന്നതിൽനിന്ന് തടയുന്നില്ല. നിങ്ങൾ സന്തോഷിച്ചുകൊള്ളുക. സന്തോഷം കൊണ്ട് തുള്ളിച്ചാടുക. എന്നാൽ, നിങ്ങൾ ഈ സന്തോഷത്തിൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിസ്മരിച്ച് കളയരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ വളരെ വേഗം ഓടിക്കൊണ്ടുപോകുന്നതും ഭൂമി എന്റെ കാൽപാദത്തിനു കീഴെ ചുരുട്ടപ്പെട്ടുപോകുന്നതും അല്ലാഹു ദിവ്യദർശനത്തിലൂടെ എനിക്ക് കാണിച്ചുതന്നിരുന്നതുപോലെ! ഇപ്രകാരംതന്നെ അല്ലാഹു ഇൽഹാമിലൂടെ എന്നെ സംബന്ധിച്ച് ഞാൻ വേഗം വേഗം വളരുമെന്ന് അറിയിച്ചിരിക്കുന്നു. ഞാൻ ദ്രുതഗതിയിലും അതിവേഗത്തിലും എന്റെ പാദങ്ങൾ പുരോഗതിയുടെ മൈതാനത്തിലേക്ക് നീങ്ങികൊണ്ടിരിക്കുമെന്ന് എന്നെ സംബന്ധിച്ച് വിധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അതോടൊപ്പം നിങ്ങളിൽ ഉത്തരവാദിത്വവും കൂടുന്നു, നിങ്ങളുടെ പാദങ്ങളും വേഗമുള്ളതാക്കി മാറ്റുക. നിങ്ങളുടെ അലസതാഭാവം ഉപേക്ഷിക്കുക. എന്തെന്നാൽ, എന്റെ ചുവടിനോടൊപ്പം സ്വന്തം ചുവട് ചേർത്ത് വെക്കുകയും അഭിവൃദ്ധിയുടെ മൈതാനത്ത് ഓടിക്കൊണ്ടുപോകുകയും ചെയ്യു

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

ന്നവൻ അനുഗൃഹീതനാണ്. അലസതയും മടിയുംകൊണ്ട് തന്റെ ചുവട് വേഗത്തിലാക്കാത്തവനുമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. അവൻ മൈതാനത്ത് മുന്നോട്ടു കുതിക്കുന്നതിനുപകരം കപടവിശ്വാസികളെപ്പോലെ തന്റെ ചുവട് പിന്നിലേക്ക് മാറ്റുന്നു.' അവിടന്ന് പറയുന്നു: 'നിങ്ങൾ പുരോഗതി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ ചുമതലകളുടെ യഥാർഥ ഗ്രാഹ്യം നിങ്ങൾക്കുണ്ടെങ്കിൽ എന്നോടൊപ്പം ചുവടുവച്ചും തോളോടു തോൾ ചേർന്നും എന്റെയൊപ്പം മുന്നോട്ടു കുതിച്ച് കൊണ്ടിരിക്കുക; അവിശ്വാസ മനസുകളിൽ മുഹമ്മദ് റസൂലുല്ലാഹ്(സ)തിരുമേനിയുടെ കൊടി നാട്ടാൻ. വ്യാജത്തെ എന്നന്നേക്കുമായി ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കാൻ. ഇൻശാ അല്ലാഹ് അങ്ങനെ തന്നെ സംഭവിക്കുമാറാകട്ടെ. ഭൂമിയും ആകാശവും മാറിമറിഞ്ഞെന്നു വരാം. എന്നാൽ, അല്ലാഹുവിന്റെ വാക്കുകൾ ഒരിക്കലും മാറ്റപ്പെടുകയില്ല.'(അൽമൗഊദ്, അൻവാറുൽഉലൂം വാല്യം 17, പേജ് 645-649)

നമ്മൾ പണിയെടുക്കുന്നവരായി മാറാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. വെറും മുസ്‌ലിഹ് മൗഊദ് ദിനയോഗങ്ങൾ സംഘടിപ്പിക്കുന്നവരാകാതിരിക്കട്ടെ. ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നവരാകുമാറാകട്ടെ. യോഗങ്ങൾ നടത്തി എന്നതിൽ മാത്രം സന്തോഷിക്കാതെ, യഥാർഥമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷനെ മുന്നോട്ട് കൊണ്ടുപോകുന്നവരായിത്തീരട്ടെ. അതിനുവേണ്ടി അവിടന്ന് എണ്ണമറ്റ പ്രവചനങ്ങളും ചെയ്യുകയുണ്ടായി. മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനവും അവയിൽ ഒന്നാകുന്നു.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽപ്പെട്ട കേവലം ഒരു കാര്യം വളരെ ചുരുങ്ങിയ നിലയിൽ ഇവിടെ ഞാൻ വിവരിക്കാം. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും എന്ന് പ്രവചനത്തിലുണ്ട്. അതിന്റെ ഒരു ഉദാഹരണം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽനിന്നു ഞാൻ വിവരിക്കാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഗ്രന്ഥങ്ങൾ, ലക്ചറുകളുടേയും പ്രസംഗങ്ങളുടേയും സമാഹാരം അൻവാറുൽ ഉലൂം എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. വളരെയധികം വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഉർദു വായിക്കാനറിയുന്നവർ അത് വായിക്കേണ്ടതാണ്. ചില ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് തർജമയും ഇപ്പോൾ നടന്നു വരുന്നുണ്ട്. ഇപ്പോൾ അൻവാറുൽ ഉലൂമിന്റെ 26 വാല്യം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഈ 26 വാല്യത്തിൽ മൊത്തം 670 ഗ്രന്ഥങ്ങൾ, ലക്ചറുകളും പ്രസംഗങ്ങളും വന്നു കഴിഞ്ഞിരിക്കുന്നു. ഖുത്ബാത്തെ മഹ്മൂദ് ഇതുവരെ മൊത്തം 39 വാല്യം പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അവയിൽ 1956 വരെയുള്ള ഖുത്ബകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ വാല്യങ്ങളിൽ 2367 ഖുത്ബകൾ ഉൾപ്പെടുന്നു. തഫ്സീറെ സഗീറിൽ 1071 പേജുകളുണ്ട്. തഫ്സീറെ കബീർ പത്ത് വാല്യമാണ്. അതിൽ വിശുദ്ധ ഖുർആന്റെ 59 സൂറത്തുകളുടെ തഫ്സീർ വിവരിക്കപ്പെട്ടിരിക്കുന്നു. തഫ്സീറെ കബീറിന്റെ 10 വാല്യങ്ങളിലുള്ള മൊത്തം പേജുകളുടെ എണ്ണം 5907 ആണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഖുർആൻ ദർസുകൾ- അത് പ്രസിദ്ധീകരിച്ചിട്ടില്ല, റിസർച്ച് വിഭാഗം അത് കമ്പോസ് ചെയ്തതിനുശേഷം ഫള്‌ലെ ഉമർ ഫൗണ്ടേഷനു നല്കിയിട്ടുണ്ട്. അതിനും 3094 പേജുകളുണ്ട്. ഇതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ രചനകളിൽനിന്നും പ്രഭാഷണങ്ങളിൽനിന്നും ഖുർആന്റെ തഫ്സീർ സമാഹരിക്കാൻ ഞാൻ റിസർച്ച് വിഭാഗത്തിനോടു പറഞ്ഞിരുന്നു. അതിന്റെ ജോലി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 9000 പേജുകളിൽ കവിഞ്ഞ തഫ്സീർ സമാഹരിച്ചു കഴിഞ്ഞു. അതിന്റെ കൂടുതൽ ജോലികൾ നടന്നുവരുന്നു.

ഇത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണമാണ്. പക്ഷേ, ഇതേ പരിശോധനയെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ഉം തന്റെ കാലത്ത് ഒരു ഖുത്ബയിൽ വിവരിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ആ ഉദ്ധരണിയും ഞാൻ വായിച്ചു തരാം. അവിടന്ന് പറയുന്നു:. അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ കുറിച്ച് പറഞ്ഞിരുന്നു. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) ഇതുസംബന്ധമായി പറയുന്നു: 'ഞാൻ ധാരാളം വിശദീകരണങ്ങൾ സമാഹരിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ഈ സമയത്ത് എനിക്ക് രണ്ട് ചിത്രം മാത്രമേ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. അത് ഞാൻ ഈ ഉദ്ദേശ്യത്തിനുവേണ്ടി തയ്യാറാക്കിച്ചതാണ്. അതിതാണ് ഹുദൂറിന്റെ ഒരു തഫ്സീറാണ്, തഫ്സീറെ കബീർ. അത് എത്രമാത്രം അത്ഭുതകരമായ തഫ്സീറാണെന്നാൽ, അതിന്റെ ഏതെങ്കിലും ഒരു ഭാഗം മാത്രം ചിന്തിച്ചു വായിച്ചിട്ടുള്ള ആൾ, ലോകത്ത് ഏതെങ്കിലും പുണ്യാത്മാവായ സിദ്ധൻ ജനിക്കുകയും കേവലം വിശുദ്ധഖുർആന്റെ ഈ ഭാഗം വ്യാഖ്യാന കുറിപ്പുകളോടുകൂടി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് അയാളെ ലോകത്തിന്റെ ദൃഷ്ടികളിൽ പുണ്യാത്മാക്കളിൽ ഒരു മനുഷ്യനാക്കാൻ മതി എന്ന കാര്യം അംഗീകരിക്കാൻ നിർബന്ധിതനായിരിക്കും. പക്ഷേ, അവിടേയും പോര! വിശുദ്ധഖുർആന്റെമേൽ മറ്റു ധാരാളം ഗ്രന്ഥങ്ങളും എഴുതി. ഞാൻ വിചാരിക്കുന്നത് ഹുദൂർ വിശുദ്ധഖുർആന്റെ തഫ്സീർ മാത്രം എട്ട്, പത്തായിരം പേജ് എഴുതിയിട്ടുണ്ടെന്നാണ്. തഫ്സീറെ കബീറിന്റെ 11 വാല്യവും അവയിൽപെടുന്നു. ഖുർആൻ വാക്യങ്ങളുടെമേൽതന്നെ ഹുദൂർ 10 ഗ്രന്ഥവും ലഘുലേഖകളും എഴുതിയിട്ടുണ്ട്. ആത്മീയതകൾ, ഇസ്‌ലാമിക ധാർമികതകൾ, ഇസ്‌ലാമിക വിശ്വാസാദർശങ്ങൾ എന്നിവയിൽ 21 ഗ്രന്ഥവും ലഘുലേഖകളും രചിച്ചിട്ടുണ്ട്. ജീവിതചരിത്രം ആധാരമാക്കി 13 ഗ്രന്ഥവും ലഘുലേഖകളും എഴുതി. ചരിത്രം അടിസ്ഥാനമാക്കി നാലു ഗ്രന്ഥവും ലഘുലേഖകളും എഴുതി. ഫിഖ്ഹിനെ (ഇസ്‌ലാമിക കർമശാസ്ത്രം) അടിസ്ഥാനമാക്കി മൂന്ന് ഗ്രന്ഥവും ലഘുലേഖകളും. ഇന്ത്യാ വിഭജനഘട്ടത്തിലെ രാഷ്ട്രീയ ചുറ്റുപാടുകൾ അടിസ്ഥാനമാക്കി 25 ഗ്രന്ഥവും ലഘുലേഖകളും ഇന്ത്യാ വിഭജനത്തിനു ശേഷമുള്ള ഇന്ത്യ-പാക്കിസ്താനെ സംബന്ധിച്ച് 9 ഗ്രന്ഥവും ലഘുലേഖകളും പ്രസിദ്ധീകരിച്ചു.

കശ്മീർ രാഷ്ട്രീയം 15 ഗ്രന്ഥവും ലഘുലേഖകളും. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രത്യേകമാക്കപ്പെട്ട പ്രശ്നങ്ങളും ആഹ്വാനങ്ങളും 99 ഗ്രന്ഥം ലഘുലേഖകൾ. ഈ എല്ലാ ഗ്രന്ഥങ്ങളുടേയും ലഘുലേഖകളുടെയും സംഖ്യ മൊത്തം 225 ആണ്. അപ്പോൾ ഒരുപക്ഷേ, ഖലീഫത്തുൽ ഥാലിഥിന് പൂർണമായ വിവരങ്ങളും നല്കപ്പെട്ടിട്ടുണ്ടാവില്ല. ഇപ്പോൾ കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു: 'ഇൽഹാമിൽ ലൗകികവും ഭൗതികവുമായ അറിവുകളാൽ അവൻ നിറയ്ക്കപ്പെടുമെന്ന് പറഞ്ഞതുപോലെ, അതിൽ മാത്രം ഒന്ന് ദൃഷ്ടിപതിപ്പിക്കുക. അവയിൽ ലൗകികമായ അറിവും കാണാൻ കഴിയുന്നു. ആത്മീയമായ അറിവുകളും കാണാൻ കഴിയുന്നു. പിന്നീട് രസമെന്താണെന്നാൽ അവിടന്ന് എപ്പോൾ ഒരു ഗ്രന്ഥമോ ലഘുലേഖയോ എഴുതിയിട്ടുണ്ടോ എല്ലാവരും പറഞ്ഞിട്ടുള്ളത്, ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിൽ ആർക്കും എഴുതാൻ കഴിയില്ല എന്നാണ്. രാഷ്ട്രീയത്തിൽ അവിടന്ന് നേതൃത്വം ഏറ്റെടുത്തപ്പോൾ അല്ലെങ്കിൽ എപ്പോഴെല്ലാം അവിടന്ന് രാഷ്ട്രീയത്തെക്കുറിച്ച് നേതൃത്വപരമായ അഭിപ്രായം നല്കിയിട്ടുണ്ടോ, വലിയ ശത്രുപോലും അവിടത്തെ അതുല്യമായ കഴിവിനെ അംഗീകരിക്കാൻ നിർബന്ധിതനായി. ചുരുക്കിപ്പറഞ്ഞാൽ ഹുദൂറിന്റെ(റ) ലൗകികവും ആത്മീയവുമായ അറിവുകളാൽ നിറയ്ക്കപ്പെടും എന്നതിനെ സംബന്ധിച്ച് വലിയൊരു വിശദീകരണമാണുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു: 'അതിന്റെ ആയിരത്തിലൊരു ഭാഗംവരെപോലും എനിക്ക് പോകാൻ സാധിക്കുകയില്ല. ഉപരിപ്ലവമായ ഒരു കാര്യം നിങ്ങളുടെ മുമ്പിൽ വെച്ചുവെന്നേയുള്ളൂ; ഇതിൽ അവസാനിപ്പിക്കുകയാണ്." (അൻസാറുല്ലാഹ് മാസിക, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്പെഷ്യൽ 2009 മെയ്-ജൂലായ്, പേജ് 64-65)

ആ മഹാത്മാവിൽ അല്ലാഹുവിന്റെ ആയിരമായിരം റഹ്മത്തുകൾ വർഷിക്കുമാറാകട്ടെ. ഓരോ നിമിഷവും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പുത്രനെപോലെ ഇസ്‌ലാമിന്റെ പ്രചാരണത്തിനായുള്ള വേദന സ്വന്തം ഹൃദയത്തിൽ സൃഷ്ടിക്കുന്നവരായി നമ്മളും മാറട്ടെ. ഇസ്‌ലാമിന്റെ സേവനത്തിന് എല്ലാ സമയത്തും നമ്മൾ സജ്ജരായിരിക്കട്ടെ. ദീനിനെ സേവിക്കുന്നവരുടെ ഒപ്പമായിരിക്കട്ടെ. ആരെ കുറിച്ചാണോ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് *ആപ് കെ വഖ്ത് മെ യെ സിൽസില ബദ്നാമ് ന ഹൊ* 'നിങ്ങളുടെ കാലത്ത് ഈ ജമാഅത്തിന് ദുഷ്പേരുണ്ടാകാതിരിക്കട്ടെ' എന്നു പറഞ്ഞത് അതിൽ നമ്മൾ ഉൾപ്പെടാതിരിക്കട്ടെ. ജമാഅത്തിനു ദുഷ്പേരുണ്ടാക്കുന്നവരായി അല്ലാഹു നമ്മളെ മാറ്റാതിരിക്കട്ടെ. മറിച്ച് സേവനത്തിൽ

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:
"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

മുന്നോട്ട് കുതിക്കുന്നവരാക്കിത്തീർക്കട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ജനാസ ഗാഇബാണിത്. ഒന്ന് മുഹ്ത്തരമ മർയം എലിസബത്ത് സാഹിബയുടേതാണ്. മുൽത്വാനിലെ റഈസും മുൽത്വാനിലെ മുൻ അമീറുമായ മല്ക് ഉമർ അലി ഘോഘർ സാഹിബിന്റെ രണ്ടാമത്തെ ഭാര്യയായിരുന്നു. 86-ാം വയസ്സിൽ ഒരു അപകടകാരണമായി അവർ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരും ഇവരുടെ മകളും ലിഫ്റ്റിലായിരുന്നു. അവിടെ അപകടമുണ്ടായി. ലിഫ്റ്റ് മോശമായ കാരണത്താൽ അവരുടെ മകൾക്കും അതിൽ പരിക്കേറ്റു. ആശുപത്രിയിലാണ്. എന്തായാലും ഇവർക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ഇവർ ജർമൻകാരിയാണ്. ഹംമ്പർഗിലാണ് താമസിച്ചിരുന്നത്. 1934-ലാണ് ജനിച്ചത്. 1952-ൽ അവർ ബയ്അത്ത് ചെയ്തു. മലിക് ഉമർ ഘോഘാർ സാഹിബുമായി അവരുടെ വിവാഹം നടന്നു. പിന്നീട് ഇവർ പാക്കിസ്താനിലേക്കു പോയി. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ജർമനിയിൽ വന്നു. വീണ്ടും പാക്കിസ്താനിലേക്കു പോയി. വസിയ്യത്തിന്റെ അനുഗൃഹീത പദ്ധതിയിൽ അംഗമായിരുന്നു. നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിച്ചിരുന്നു. കൃത്യസമയത്തു നമസ്കരിക്കാനുള്ള ഏർപാട് ചെയ്തിരുന്നു. സൂര്യൻ അസ്തമിക്കുമ്പോഴും സൂര്യൻ ഉദിക്കുമ്പോഴും വലിയ കണക്കുവെക്കാറുണ്ടായിരുന്നു. വിശുദ്ധഖുർആൻ പതിവായി പാരായണം ചെയ്യുമായിരുന്നു. കൃത്യമായി നോമ്പ് പിടിക്കുമായിരുന്നു. അവരുടെ മക്കൾ പറയുന്നു: ഞങ്ങളുടെ പിതാവുമായി അവരുടെ വിവാഹം 1952-ൽ നടന്നു. അക്കാലത്തെ ജർമനി മുറബ്ബിയായിരുന്ന മുകർറം അബ്ദുല്ലത്തീഫ് സാഹിബ് ബയ്അത്ത് ചെയ്യിച്ച് നിക്കാഹം നടത്തി. വിവാഹത്തിനുശേഷം പാക്കിസ്താനിൽ വന്നു.' കുട്ടികൾ പറയുന്നു: 'പിന്നീട് ഞങ്ങളുടെ മാതാവ്, ഞങ്ങളുടെ ആദ്യത്തെ മാതാവായിരുന്ന സയ്യിദ ബീഗം സാഹിബയുമായി-മലിക് ഉമർ അലി സാഹിബിന്റെ ആദ്യ ഭാര്യയായിരുന്നു. അവർ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകളായിരുന്നു- ചേർന്ന് താമസിക്കാൻ തുടങ്ങി. മലിക് സാഹിബിന്റെ മൂത്ത ഭാര്യയായിരുന്നു സയ്യിദ ബീഗം സാഹിബ. അവരെ വളരെ ആദരിച്ചിരുന്നു. പാക്കിസ്താനിൽവന്ന് അവർ നമസ്കരിക്കാനും വിശുദ്ധഖുർആൻ പഠിക്കാനും തുടങ്ങി. അതിനുവേണ്ടി അവരെ പഠിപ്പിക്കാൻ ഏർപാട് ചെയ്തു. ഏറ്റവുമാദ്യം അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥം വായിച്ചത് ഇസ്ലാംമത തത്ത്വജ്ഞാനമായിരുന്നു. പാക്കിസ്താനിൽ താമസിച്ച കാരണത്താൽ ഉർദുവും സരായേഗി ഭാഷയും കുറച്ചു സംസാരിക്കുമായിരുന്നു. നല്ലവണ്ണം മനസ്സിലാക്കുകയും ചെയ്തിരുന്നു. അവർക്ക് രണ്ട് മക്കളായിരുന്നു. ഒരു മകളും ഒരു മകനും. അവരുടെ വിവാഹതീരുമാനത്തിന്റെ നേരമായപ്പോൾ മലിക് സാഹിബിന്റെ മൂത്തഭാര്യ സയ്യിദ ബീഗം സാഹിബയുടെ തീരുമാനത്തിനു വിട്ടു; നിങ്ങൾ ഉത്തമമെന്ന് മനസ്സിലാക്കുന്ന സ്ഥലത്ത് ബന്ധം ഉറപ്പിക്കുക. അവരുടെ വിവാഹം നടത്തുക. അവരുടെ വയറ്റിൽനിന്ന് ഒരു മകനുണ്ട്. ത്വാരിഖ് അലി. ഒരു മകളുണ്ട് ത്വാഹിറ. അല്ലാഹു പരേതയോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ അസീസം ജാഹിദ് ഫാരിസ് അഹ്മദ് സാഹിബിന്റേതാണ്. 12 വയസ്സായിരുന്നു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഈ ത്വാരിഖ് നൂരിയും അത്വിയത്തുൽ അസീസ് ഖദീജയുടെ മകനായിരുന്നു. അസീസം ജാഹിദിന്റെ മാതാമഹൻ ഫാറൂഖ് അഹ്മദ് ഖാനാണ്. അദ്ദേഹം നവ്വാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടെ ഏറ്റവും വലിയ പൗത്രനാണ്. അദ്ദേഹവും എഴുതിയിരിക്കുന്നു. അവനോടൊപ്പമുള്ള കുട്ടികളും മറ്റു ധാരാളമാളുകളും എനിക്കെഴുതി. വളരെയേറെ പ്രത്യേകതയുള്ള കുട്ടിയായിരുന്നു. അങ്ങേയറ്റം പക്വതയുള്ള, ഖിലാഫത്തിനോടു അഗാധ സ്നേഹമുള്ള കുട്ടിയായിരുന്നു. പതിവായി എനിക്ക് കത്തെഴുതുമായിരുന്നു. പരീക്ഷ വരുമ്പോഴും മറ്റും കാര്യങ്ങൾ ഉണ്ടാകുമ്പോഴും എനിക്ക് കത്തെഴുതുമായിരുന്നു. താൻ അഹ്മദിയാണെന്നതിൽ അഭിമാനംകൊണ്ടിരുന്നു. പാക്കിസ്താനിൽ അഹ്മദിയാകുക എന്നതും സ്കൂളിൽ അത് പറയുക എന്നതും വലിയ കാര്യമാണ്. ഖുത്ബകൾ പതിവായി കേൾക്കുമായിരുന്നു. വഖ്ഫെ നൗഇൽ അംഗമായിരുന്നു. ക്ലാസുകളിലും പങ്കെടുക്കുമായിരുന്നു. തന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ വഖ്ഫെനൗ സിലബസ് മുഴുവനും പഠിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദ മനഃപാഠമാക്കുകയായിരുന്നു. ജമാഅത്തിന്റെ ചന്ദകളിൽ തഹ്രീക്കെ ജദീദിലും വഖ്ഫെ ജദീദിലും പതിവായി സന്തോഷത്തോടെ പങ്കെടുത്തിരുന്നു. നമസ്കാര സെന്ററിൽ പതിവായി നമസ്കരിക്കാൻ പോകുക, ജമാഅത്തായി നമസ്കരിക്കാൻ ശ്രദ്ധിക്കുക, സുബ്ഹിക്കുശേഷം പതിവായി തിലാവത്ത് ചെയ്യുക, കൂട്ടുകാരും ജാഹിദ് ഫാരിസിന്റെ ശബ്ദം വളരെ നല്ലതായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്.

ഏഴാം ക്ലാസ് വിദ്യാർഥിയായിരുന്നു. വീട്ടിൽ ജനറേറ്ററിൽ തീപിടിച്ച കാരണത്താൽ ജാഹിദിനും പൊള്ളലേറ്റു, പരിക്കുപറ്റി. സുഖം പ്രാപിച്ചുവരികയായിരുന്നു. ഡോക്ടർമാർ ആദ്യമേ പറഞ്ഞതും സുഖംപ്രാപിക്കുന്നുണ്ടെന്നാണ്. പക്ഷേ, ഇൻഫക്ഷൻ എന്തോ പിന്നീട് കൂടി. അത് മറ്റു അവയവങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി. അങ്ങനെ ആശുപത്രിയിൽ വഫാത്തായി. പരേതൻ കുട്ടിയായിരുന്നു. തീർച്ചയായും ഈ പ്രായത്തിലെ കുട്ടികൾ നിഷ്കളങ്കരാണ്. സ്വർഗവാസി എന്തായാലുമാണ്. അല്ലാഹു അവന്റെ പ്രിയപ്പെട്ടവരുടെ സാമീപ്യത്തിൽ ഇടം നല്കുമാറാകട്ടെ. അവന്റെ ഉമ്മതന്നെയാണ് അവനെ വളർത്തിയത്. പിതാവ് ജീവിതത്തിൽ ഒരിക്കലും ചോദിച്ചിട്ടുപോലുമില്ല. വേർപെട്ടുപോയിരുന്നു. മാതാവും മാതാമഹിയും മാതാമഹനും തന്നെയാണ് അവനെ വളർത്തിയത്. അല്ലാഹു അവർക്കും ക്ഷമയും സഹനവും നല്കുമാറാകട്ടെ. ഇത് അവർക്ക് വലിയ വിഷമമാണ് ഉണ്ടാക്കിയിട്ടുള്ളത്. അത് സഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. കുട്ടിയുടെ മാതാമഹി ത്വാഹിറ ബീഗം, അവർ മർയം ബീഗം സാഹിബയുടെ മകളാണ്. ഞാൻ പറഞ്ഞതുപോലെ ലിഫ്റ്റിലുണ്ടായ അപകടത്തിൽ അവർക്കും പരിക്കേറ്റിരുന്നു. ആശുപത്രിയിലാണ്. അല്ലാഹു അവർക്കും ആയുരാരോഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. അവർക്ക് തന്റെ മക്കളുടെ ഭാവിയിൽ എപ്പോഴും സന്തോഷങ്ങൾ കാണിക്കുമാറാകട്ടെ.

ജാഹിദിന്റെ മാതാവിന്റെ കസിൻ ത്വാരിഖ് അലി ഘോഘർ പറയുന്നു: ഞാൻ അവിടെ ആശുപത്രിയിലായിരുന്നു. ജാഹിദിന്റെ ഒരു നല്ല സ്വഭാവം എന്തായിരുന്നുവെന്നാൽ, ആശുപത്രിയിലായിരുന്നപ്പോൾ രോഗത്തിന്റെ അവസ്ഥയിലും ചിലപ്പോൾ അബോധാവസ്ഥയിൽ ബോധം തെളിയുമ്പോൾ എപ്പോഴും എന്നോടു ചോദിക്കുമായിരുന്നു ഞാൻ നമസ്കരിച്ചോ എന്ന്. അല്ലെങ്കിൽ മയക്കത്തിലായിരിക്കും. നമസ്കരിച്ചില്ല എന്ന് ഞാൻ പറയുമ്പോൾ ക്ഷണത്തിൽ കിടന്നുകൊണ്ട് നമസ്കരിക്കാൻ തുടങ്ങുമായിരുന്നു.

അല്ലാഹു ഞാൻ പറഞ്ഞതുപോലെ അവന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അവന്റെ മാതാവിനും മാതാമഹിയ്ക്കും ക്ഷമയും സഹനവും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

**രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.**
**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**


## ജനന വാർത്ത

മാത്തോട്ടം ജമാഅത്തിലെ(കേരള) എസ്. വി. ജസ്നാസ് സാഹിബിനെ അല്ലാഹു ആദ്യമായി മകളെ നല്കി അനുഗ്രഹിച്ചിരിക്കുന്നു. കുട്ടിയുടെ പേര് INARAAYN JASNAS എന്നാണ്. കുട്ടിയുടെ ആയുരാരോഗ്യത്തിനും സാത്വികയായ ദീനിസേവകയാകുന്നതിനും ബദ്ർ വായനക്കാരോടു ദുആയ്ക്ക് അപേക്ഷിക്കുന്നു. (രാജ ജമീൽ അഹ്മദ്, ഇൻസ്പെക്ടർ ബദ്ർ വീക്കിലി)


**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# ചശ്മയെ തൗഹീദ്-

## ദൈവത്തിന്റെ ഏകത്വത്തിന്റെ ഉറവിടം

### ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

### സഫീർ മാലിക്

***വിവർത്തകൻ കെ.വി.ഹസൻകോയ കോഴിക്കോട്***

***(ഇന്ത്യയിലെ ഖാദിയാനിൽ ചേർന്ന 1906ലെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)***

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)**

സർവ്വശക്തനായ ദൈവത്തോടു പ്രാർഥിക്കുകയും മേൽപറഞ്ഞ കാര്യങ്ങൾ ഉപേക്ഷിക്കാൻ പരിശ്രമിക്കുകയും ചെയ്യുക. എന്തെന്നാൽ സർവ്വശക്തന്റെ വാതിലിൽ മുട്ടുന്ന ഒരാൾ വെറും കൈയോടെ മടങ്ങുന്നില്ല. സർവ്വശക്തനായ ദൈവം തന്നോടു പ്രാർഥിക്കുന്നവരോട് പ്രതികരിക്കുന്നു. എത്രത്തോളം ഭയാനകമാണ് ഈ കാലഘട്ടം എന്നു നിരീക്ഷിക്കുക. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾത്തന്നെ ഒരാൾ വിറച്ചുപോകുന്നു. നേരെമറിച്ച്, കൂടുതലില്ലെങ്കിലും അത് അനുഗൃഹീതവുമാണ്. ഇതിനെക്കുറിച്ച് ചിന്തിച്ചാൽ അതൊരാളെ ആഹ്ലാദഭരിതനാക്കുന്നു.

### ഇതെല്ലാം അവസാനനാളുകളാണ്:

ഈ കാലഘട്ടം ദൈവത്തിന്റെ മുഖം ചെമപ്പാക്കിയിരിക്കുന്നു. (കോപംകൊണ്ട്) അവൻ ലോകത്തെ നശിപ്പിക്കാനടുത്തിരിക്കുന്നു. എന്നിട്ടും, അതേ സമയം അവൻ തന്റെ ഖജനാവുകൾ തുറന്നിരിക്കുന്നു. അതുമുഖേന ഓരോ സത്യാന്വേഷിക്കും അവൻ ചോദിച്ചതിനുമേലെ അതിനപ്പുറം നല്കിയിരിക്കുന്നു. നമ്മുടെ ഇക്കാലത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാ രാഷ്ട്രങ്ങളിലും മതങ്ങളിലും നിലനില്ക്കുന്നു. അവയിൽ പറയപ്പെട്ടിരിക്കുന്നത് ദൈവം തിരഞ്ഞെടുത്ത ആളും ശയ്ത്വാനും അന്തിമയുദ്ധത്തെ നേരിടുമെന്നാണ്. അവസാനകാലത്തിന്റെ അടയാളങ്ങൾ വിവരിച്ചുകൊണ്ടുള്ള പ്രവചനങ്ങൾ പാർസികളിൽപോലും നിലനില്ക്കുന്നു. അഹ്ദിമാൻദേവോ അഥവാ ശയ്ത്വാനും യസ്ദാനും (യസ്ദാനി ജനങ്ങളെ പരാമർശിച്ചുകൊണ്ട്) തമ്മിലുള്ള അന്തിമയുദ്ധം നടക്കുമെന്നും അതിൽ ശയ്ത്വത്താൻ തുരത്തപ്പെടുമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം ഈ കാലഘട്ടത്തിൽ ജനങ്ങൾ തങ്ങളുടെ പണവും സമ്പത്തും തങ്ങളുടെ ദൈവങ്ങളാക്കിയിരിക്കുന്നു, പരിപൂർണമായും ശിർക്കിൽ ആഗിരണം ചെയ്തിരിക്കുന്നു.

### അവസാന നാളുകളിലെ പരിഷ്കർത്താവിന്റെ അടയാളങ്ങൾ:

സർവ്വശക്തനായ ദൈവം തന്റെ ജനങ്ങളുടെ സഹായത്തിന് വരേണ്ടകാലം ഇതായിരുന്നു. എന്തെന്നാൽ, അവൻ കാരുണ്യവാനും ഔദാര്യവാനുമാണ്. അതുതന്നെയാണ് അവൻ ചെയ്തിട്ടുള്ളതും. കഴിഞ്ഞുപോയ പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞപ്രകാരം ദൈവനിയുക്തനായ ഒരാൾ ശയ്ത്വാന്റെ പദ്ധതികൾ നശിപ്പിക്കേണ്ടിയിരുന്നു. അഥവാ ശിർക്കിനെ ഉന്മൂലനം ചെയ്യേണ്ടിയിരുന്നു. യഥാർഥത്തിൽ എങ്ങനെയാണ് ശിർക്ക് നശിപ്പിക്കപ്പെടുന്നതെന്നു ലോകം കാണും.

### ശിർക്കിനെ അവസാനിപ്പിക്കുന്ന കാലം ഇതാണ്:

എല്ലാവിധത്തിലുള്ള ശിർക്കിൽനിന്ന് നമ്മുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കുകയും മറ്റുള്ളവരെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നമ്മുടേതാണ്. വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) സാഹിബിന്റെ ദൗത്യത്തെ സഹായിക്കാൻ നമ്മൾ എപ്പോഴും സന്നദ്ധരായിരിക്കണം. ഈ പ്രവൃത്തി സർവ്വശക്തനായ ദൈവം അദ്ദേഹത്തെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ശിർക്ക് ചെയ്യുന്ന കുറ്റവാളികൾ മുഖംകുത്തി വീഴുന്ന സമയം ഇപ്പോൾ ആഗതമായിരിക്കുന്നു. ലോകം ശിർക്ക് കൈവെടിയേണ്ടിവരും. അതു സ്വമേധയായോ അല്ലെങ്കിൽ ദൈവകോപം മുഖേനയോ ആയിരിക്കും. സർവ്വശക്തനായ ദൈവം പ്രഖ്യാപിച്ചിരിക്കുന്നു. "ഒരു താക്കീതുകാരൻ ലോകത്തു വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, ദൈവം അവന്റെ ശക്തിമത്തായ ആക്രമണത്താൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുന്നതാണ്."

ശിർക്കിന്റെ എല്ലാ പരിധികളെയും ലംഘിക്കുന്ന ക്രിസ്തുമത വിശ്വാസത്തിന്റെ പതനം, ലക്ഷക്കണക്കിന് ആളുകളെ പണവും സമ്പത്തും വാഗ്ദാനം ചെയ്തുകൊണ്ട് ബലാൽക്കാരമായി സ്വീകരിച്ചിട്ടുള്ള ക്രിസ്തുമതത്തിന്റെ പതനം സമീപസ്ഥമാണ്. അവരുടെ പണവും സമ്പത്തും കണ്ട് അത്ഭുതപ്പെടേണ്ട. അതു നിലനിന്നതിന് എത്രയോ മുമ്പേതന്നെ സർവ്വശക്തനായ ദൈവം വിശുദ്ധ ഖുർആനിലെ സുഖുറുഫ് എന്ന അധ്യായത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതുമുഖേന ലോകം നശിപ്പിക്കപ്പെടുമെന്ന് അവൻ അസ്വസ്ഥനായിരുന്നില്ലെങ്കിൽ കാരുണ്യവാനായ ദൈവത്തെ നിഷേധിക്കുന്നവർക്ക് അതായത് ക്രിസ്ത്യാനികൾക്ക് അവൻ എത്രത്തോളം സമ്പത്ത് നല്കുമെന്നാൽ അവർക്ക് മേൽക്കൂരകളും ഗോവണികളും സ്വർണംകൊണ്ടും വെള്ളികൊണ്ടും നിർമിക്കാൻ കഴിയുമായിരുന്നുവെന്ന്. അതുകൊണ്ട് അസ്വസ്ഥത വേണ്ട. ഇത് വിശുദ്ധഖുർആന്റെ പ്രവചനത്തിന്റെ പൂർത്തീകരണമാണ്. എന്നിരിക്കിലും ക്രിസ്തുമതത്തിന്റെ ഉയർന്നുകൊണ്ടിരിക്കുന്ന ശക്തിമത്തായ തൂണുകൾ അടുത്തുതന്നെ നശിച്ചൊടുങ്ങും. ഈ കോട്ടയുടെ ഇരുമ്പുമതിലുകൾ-അത് ക്രിസ്തീയവിശ്വാസത്തെ പ്രതിനിധാനം ചെയ്യുന്നു- അത് പൊടിഞ്ഞുതുടങ്ങിയിട്ടുണ്ട്. അത് തുരുമ്പുപിടിച്ചുകൊണ്ടിരിക്കുകയാണ്. അതെത്രത്തോളം ദുർബ്ബലമാണെന്നാൽ ഒരിടിക്കുതന്നെ അത് തകർന്നുവീഴും. പ്രകൃതിനിയമമനുസരിച്ച് ഇരുമ്പ് നിരന്തരമായി മഴവെള്ളം തട്ടിയാൽ തുരുമ്പെടുക്കുകയും ദുർബ്ബലമാവുകയും ചെയ്യും. ആകാശത്തുനിന്ന് ആത്മീയമഴ പെയ്തതിനാൽ ബലമുള്ള ക്രിസ്തീയവിശ്വാസം തുരുമ്പുപിടിച്ചിരിക്കുന്നു.

### യൂറോപ്പിലെ ഇസ്ലാംമത പ്രചാരണം:

ക്രിസ്തീയ ഭരണകൂടങ്ങൾ സ്വയംതന്നെ ഇസ്ലാമിലേക്കു തിരിയും. ഇപ്പോൾ ക്രിസ്തുമതത്തിന്റെ ഭവനമായ യൂറോപ്പ് ഒരു ദിവസം ഇസ്ലാമിന്റെ കേന്ദ്രമായിത്തീരും. ശിർക്കിന്റെ ആശയത്തെ ക്രിസ്ത്യാനികൾ സ്വയംതന്നെ എതിർക്കാൻ തുടങ്ങിയിട്ടുണ്ട്. എത്രത്തോളമെന്നാൽ അവരിൽ നിരവധി ആളുകൾ യേശു(അ) ദൈവത്തിന്റെ പുത്രനാണെന്ന ചിന്ത കൈവെടിഞ്ഞുകൊണ്ടിരിക്കുന്നു. ചിലരുണ്ട് അവർ എത്രത്തോളം പോയെന്നുവെച്ചാൽ ക്രിസ്തു നഊദുബില്ലാഹ് ജാരസന്തതിയാണെന്നു പറയുന്നു. അതുകൊണ്ട് നമ്മുടെ കാലഘട്ടം സ്വയംതന്നെ എല്ലാവിധത്തിലുള്ള ശിർക്കും കൈവെടിയും. സർവ്വശക്തനായ ദൈവം തന്റെ പ്രതാപത്തിന്റെയും പ്രഭാവത്തിന്റെയും പൂർണശക്തിപ്രകടമാക്കുന്ന കാലം സമീപസ്ഥമാണ്.

ഇന്ന്, അഹ്മദിയ്യാ ജമാഅത്ത് ദൈവികാനുഗ്രഹങ്ങളുടെ അവകാശിയാണ്. പക്ഷേ, അതിന്റെ ഇപ്പോഴുള്ള അവസ്ഥ ദുർബലമാണ്. എന്നിരിക്കിലും അതു ലോകം മുഴുവൻ വ്യാപിക്കുന്ന നാളുകൾ അടുത്തിരിക്കുന്നു. നമ്മുടെ ഇമാമിനോടു-ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)- സർവ്വശക്തനായ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് നിന്റെ വസ്ത്രങ്ങളിൽനിന്ന് രാജാക്കന്മാർ അനുഗ്രഹം തേടുമെന്നാണ്. നമ്മുടെ ദുർബലമായ ഇപ്പോഴത്തെ അവസ്ഥ നമ്മുടെതന്നെ ദുർബലതകൾ കാരണമായാണ്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അഗതികളെപ്പോലെയാണ് നമ്മൾ. ഒരുവിധത്തിലുള്ള അനാഥൻ തന്റെ പിതാവ് നഷ്ടപ്പെട്ടവനാണ്. എന്നാൽ, മുഴുവൻ ലോകവും നമ്മളുമായുള്ള ബന്ധം മുറിച്ചുമാറ്റിയിരിക്കുന്നു. നമ്മൾ പുരോഗതി ആഗ്രഹിക്കുകയാണെങ്കിൽ നമ്മൾ ഒരു ഹൃദയത്തോടെ ഒരുമിച്ചു പ്രാർഥിക്കണം. കാരണം സർവ്വശക്തനായ ദൈവം ഐക്യത്തെ സ്നേഹിക്കുന്നു. അവൻ സ്വയംതന്നെ ഏകനാണ്. അവനു പങ്കുകാരനില്ല. അപ്രകാരം ഒരു അനാഥന്റെ വിലാപത്തിനു സർവ്വശക്തന്റെ അർശിനെ കുലുക്കാൻ കഴിയുമെങ്കിൽ നാലുലക്ഷം അനാഥരുടെ വിലാപങ്ങൾക്ക് ഫലമുണ്ടാവില്ലേ? നിങ്ങൾ എല്ലാതരം ശിർക്കും ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങളുടെ എല്ലാ കാര്യങ്ങളിലും നിങ്ങൾ വിജയിക്കും.

ഇപ്പോൾ ഞാൻ രണ്ടാമത്തെ റുക്കൂഇനെ(ഖണ്ഡിക) വിപുലപ്പെടുത്താം. അതാണ് ഞാൻ എന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ പാരായണം ചെയ്തത്.

**ലുഖ്മാൻ എന്ന അധ്യായത്തിന്റെ രണ്ടാമത്തെ ഖണ്ഡികയുടെ ശ്രദ്ധേയമായ വ്യാഖ്യാനം:**

വിശുദ്ധഖുർആനിൽ സർവ്വശക്തനായ ദൈവം പ്രസ്താവിച്ചു: *''വലഖദ് ആതയ്നൽലുഖ് മാനൽഹിക്മത്ത അനിശ്കുർ ലില്ലാഹി വ മൻയ്ശ്ക്കുർ ഫ ഇന്നമാ യശ്കുറു ലിനഫ്സിഹീ വമൻകഫറ ഫഇന്നല്ലാഹ ഗനിയ്യുൻ ഹമീദ്.*

നാം ലുഖ്മാന്(അ) യുക്തിജ്ഞാനം നല്കി. ഇങ്ങനെ പറഞ്ഞു: അല്ലാഹുവിനോടു നന്ദി കാണിക്കുക. ആരാണോ നന്ദി കാണിക്കുന്നത് അവൻ സ്വന്തം ആത്മാവിന്റെ നന്മയ്ക്കുവേണ്ടിയാണ് നന്ദി കാണിക്കുന്നത്. ആരാണോ, നന്ദിയില്ലാത്തത് അല്ലാഹു സ്വയം പര്യാപ്തനും സ്തുത്യർഹനുമാണ്.

ഈ സൂക്തത്തിൽ സർവ്വശക്തനായ ദൈവം പ്രസ്താവിച്ചിരിക്കുന്നത് ദൈവമായിരുന്നു ലുഖ്മാന് യുക്തിജ്ഞാനം നല്കിയത് എന്നാണ്. ജനങ്ങൾ ആദ്യമേതന്നെ ലുഖ്മാൻ(അ) യുക്തിജ്ഞനായ ഒരു മനുഷ്യനാണെന്ന് കരുതിയിരുന്നുവെന്നാണ്. രണ്ടുതരത്തിലുള്ള മനുഷ്യർ ലോകത്തിലുണ്ട്. ലോകം അവരെ ബുദ്ധിമാ

(ശേഷം പേജ് 16ൽ)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 26 March 2020 Issue-13

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 7ൽനിന്ന്)

പേജ് 319)(അൽഇസാബ വാല്യം 6, പേജ് 29, മുഹമ്മദ് ബിൻ മസ്‌ലമ)

ളുബയ്അ ബിൻ ഹുസ്വയ്ൻ ഥഅ്‌ലബി വിവരിക്കുന്നു. ഞങ്ങൾ ഹദ്റത്ത് ഹുദയ്ഫയുടെ അടുത്തിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ഫിത്നകളൊന്നും ഒരു നഷ്ടവും വരുത്താത്ത ഒരാളെ എനിക്കറിയാം. അതാരാണെന്ന് ഞാൻ ചോദിച്ചു. ഹദ്റത്ത് ഹുദയ്ഫ(റ) പറഞ്ഞു: അദ്ദേഹം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ അൻസ്വാരിയാണ്. ഹദ്റത്ത് ഹുദയ്ഫ(റ) വഫാത്താകുകയും കുഴപ്പങ്ങൾ വെളിപ്പെടുകയും ചെയ്തപ്പോൾ മദീനയിൽനിന്ന് പുറപ്പെട്ടു പോകുന്നവരോടൊപ്പം ഞാനും പുറപ്പെട്ടു. പിന്നീട് ഞാൻ വെള്ളമുള്ള ഒരു സ്ഥലത്തെത്തി. അവിടെ വെള്ളം ലഭ്യമായിരുന്നു. ഞാനവിടെ ഒരു പൊട്ടിത്തകർന്ന കൂടാരം കണ്ടു. അത് ഒരു ഭാഗത്ത് ചാഞ്ഞിരുന്നു. കാറ്റടി അതിനു കൊള്ളുന്നുണ്ടായിരുന്നു. ഈ കൂടാരം ആരുടേതാണെന്ന് ഞാൻ ചോദിച്ചു. ആളുകൾ പറഞ്ഞു. മുഹമ്മദ് ബിൻ മസ്‌ലമയുടെ കൂടാരമാണത്. ഞാൻ അദ്ദേഹത്തിന്റെ അടുത്തു വന്നപ്പോൾ കണ്ടു, അദ്ദേഹം വാർധക്യം പ്രാപിച്ച മനുഷ്യനാണ്. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അല്ലാഹു താങ്കളിൽ കരുണ ചൊരിയുമാറാകട്ടെ. അങ്ങ് മുസ്‌ലിമീങ്ങളിൽ ഉത്തമരായവരിൽപെട്ടയാളായി ഞാൻ അങ്ങയെ കാണുന്നു. അങ്ങ് അങ്ങയുടെ നഗരത്തേയും അങ്ങയുടെ വീടിനേയും അങ്ങയുടെകുടുംബമിത്രാദികളേയുംഅയൽവാസികളേയുമെല്ലാം ഉപേക്ഷിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു. ഞാനിതെല്ലാം ഉപേക്ഷിച്ചത് ഉപദ്രവത്തോടുള്ള വെറുപ്പ് കൊണ്ടാണ്.' (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്തി സഅ്ദ് ഭാഗം 3, പേജ് 339, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അദ്ദേഹത്തിന്റെ വഫാത്ത് എന്നാണ് നടന്നതെന്നതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. വ്യത്യസ്ത നിവേദനങ്ങളനുസരിച്ച് ഹിജ്റ 43, 46, 47–ൽ മദീനയിൽ വഫാത്തായി എന്നു കാണാം. ആസമയത്ത് അദ്ദേഹത്തിന് 77 വയസായിരുന്നു. അക്കാലത്ത് മദീനയുടെ അമീർ ആയിരുന്ന മർവാൻ ബിൻ ഹക്കം ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. അദ്ദേഹത്തെ ആരോ ശഹീദാക്കിയതാണെന്നും ചില നിവേദനങ്ങളിലുണ്ട്. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 5, പേജ് 107, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2003)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 3, പേജ് 433, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2010)

അദ്ദേഹത്തിന്റെ സ്മരണ ഇതോടെ അവസാനിച്ചു. നമസ്കാരത്തിനുശേഷം ഞാൻ ഒരു ഹാജർ ജനാസ നമസ്കരിപ്പിക്കുന്നതാണ്. സ്വദ്ർ ദീൻ സാഹിബിന്റെ മകൻ ബഹുമാന്യ താജ്ദീൻ സാഹിബിന്റേതാണത്. അദ്ദേഹം ഫെബ്രുവരി 10 ന് 84 ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുവിന്റെ കൃപയാൽ പരേതൻ മൂസി ആയിരുന്നു. യുഗാണ്ടയിലാണ് അദ്ദേഹം ജനിച്ചത്. 1967 ൽ യു.കെ യിൽ താമസമാക്കി. 1984ൽ ഇസ്‌ലാമാബാദിലെ സ്ഥലം വാങ്ങിയപ്പോൾ ഇസ്‌ലാമാബാദിനുവേണ്ടി തന്റെ സേവനങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ സന്നിധിയിൽ സമർപിച്ചു. പിന്നീട് ഇരുപത്തിരണ്ട് വർഷം ഇസ്‌ലാമാബാദിൽ വളരെയധികം ആത്മാർഥതയോടെ നിഷ്കളങ്കമായ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. ഇസ്‌ലാമാബാദിൽ ആദ്യത്തെ ജൽസ സംഘടിപ്പിച്ചതു മുതൽ അവസാനത്തെ ജൽസവരെ അശ്രാന്ത പരിശ്രമം നടത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് ആകുന്നത്ര സൗകര്യങ്ങളൊരുക്കാൻ എല്ലാ വിധത്തിലും പരിശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് ടെക്നിക്കലായിട്ടുള്ള എല്ലാ ജോലിയും ചെയ്യാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇസ്‌ലാമാബാദിൽ രാപകൽ എല്ലാ തരത്തിലുള്ള ജോലിയും ചെയ്യാൻ തൗഫീഖ് കിട്ടിയത്. അതിൽ ഇലക്ട്രിക്, പ്ലംബിംഗ്, sanitary, തടിപ്പണി തുടങ്ങിയ എല്ലാ ജോലികളും പെടുന്നു. പരേതൻ നമസ്കാരവും നോമ്പും കൃത്യമായി നിർവഹിച്ചിരുന്നു. മതനിഷ്ഠയുള്ള ആളായിരുന്നു. വളരെ നല്ല സ്വഭാവമായിരുന്നു. അനുസരണശാലിയായിരുന്നു. മൃദുസ്വഭാവക്കാരനായിരുന്നു. ഖിലാഫത്തിനോടു അഗാധവും ആത്മാർഥവും കൂറോടുകൂടിയതുമായ ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ പൗത്രൻ മുദബ്ബിർ ദീൻ സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. അദ്ദേഹം യു.കെ യിൽനിന്ന് ജാമിഅ പാസായി. എം.ടി.ഏയിൽ ജോലിചെയ്തു വരുന്നു. ഇദ്ദേഹം എഴുതുന്നു: ഇസ്‌ലാമാബാദിൽ താമസിച്ചിരുന്ന മിക്ക ആളുകളും പറയുന്നത് കഠിനാധ്വാനിയായിരുന്നുവെന്നാണ്. എന്റെ പിതാമഹൻ പറയുന്നു: അദ്ദേഹം ഇസ്‌ലാമാബാദിൽ വന്നപ്പോൾ ആദ്യമൊക്കെ തനിച്ചായിരുന്നു താമസിച്ചിരുന്നത്. കരണ്ടോ ഹീറ്ററോ ഗ്യാസോ ഉണ്ടായിരുന്നില്ല. വളരെ ബുദ്ധിമുട്ടുള്ള കാലമായിരുന്നു. തനിക്ക് ജമാഅത്തിനും കാലത്തിന്റെ ഖലീഫയ്ക്കും വേണ്ടി ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് പറയുമായിരുന്നു. കൃത്യസമയത്തു നമസ്കരിക്കുക, സ്വന്തംകൈകൊണ്ട് അധ്വാനിക്കുക, ആദിത്യമരുളുക, ക്ഷമ തുടങ്ങിയവ അദ്ദേഹത്തിന്റെ ചില ഗുണവിശേഷണങ്ങളാണ്. അദ്ദേഹത്തെ കുറിച്ച് എഴുതിയിട്ടുള്ളവരെല്ലാം ഈ ഗുണവിശേഷം എഴുതിയിട്ടുണ്ട്. മജീദ് സിയാൽക്കോട്ടി സാഹിബും പറഞ്ഞത് ഇവിടെ ഇസ്‌ലാമാബാദിലും അദ്ദേഹം വർക്ക്ഷോപ്പിട്ടുവെന്നാണ്. മിഷ്യനറി ജോലികളിൽ വിദഗ്ദനായിരുന്നു. ലണ്ടനിലെ വിവിധ കമ്പനികളുമായി ബന്ധം വെച്ചിരുന്നു. ഇസ്‌ലാമാബാദിലെ എല്ലാ വിജനസ്ഥലങ്ങളും ഊഴമനുസരിച്ച് ജനവാസമുള്ളതാക്കി. താമസയോഗ്യമാക്കി. തന്റെ ടീം ഉണ്ടാക്കുന്നതിനുള്ള ചട്ടങ്ങളും അറിയാമായിരുന്നു. ശൈത്യകാലത്തും ഉഷ്ണകാലത്തും തിരക്കിലായിരുന്നു. കാരണം പഴയവസ്തുക്കളെല്ലാം ശരിയാക്കി വെക്കുമായിരുന്നു. വീണ്ടും അതെല്ലാം ഉപയോഗമുള്ളതാക്കിത്തീർക്കുക എന്നത് വലിയ ജോലിയായിരുന്നു. കഠിനാധ്വാനത്തോടെ അദ്ദേഹം അതെല്ലാം ചെയ്തു. എപ്പോഴും സന്തോഷവദനനായിരുന്നു. 'എനിക്കുവേണ്ടി ദുആ ചെയ്യുക എന്ന് പറയുമായിരുന്നു.' ജോലിക്കിടയിൽ രാപകൽ ഒരു ചെറിയമുറിയിൽ ഇസ്‌ലാമാബാദിൽ താമസിച്ചിരുന്നു. ലണ്ടനിൽ താമസിക്കുന്ന ഭാര്യയേയും മക്കളേയും തന്റെ ജോലിയിൽ തടസമാക്കിയില്ല. ഇടയ്ക്കിടെ അവിടെ പോയിവരുമായിരുന്നു. അല്ലാഹു പരേതനോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളിലും തലമുറകളിലും അദ്ദേഹത്തെപ്പോലെതന്നെ ആത്മാർഥതയും കൂറും വർധിപ്പിക്കുമാറാകട്ടെ. അവർക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. (ആമീൻ)

(പേജ് 15ൽനിന്ന്)

ന്മാരെന്നു കരുതുന്നു. എന്നാൽ, ദൈവദൃഷ്ടിയിൽ അവർ നിന്ദ്യരാണ്. മറ്റു ചിലരെ ലോകരും സർവ്വശക്തനായ ദൈവവും യുക്തിജ്ഞരാണെന്നു കരുതുന്നു. ഈ പ്രത്യേക സൂക്തത്തിൽ സർവ്വശക്തനായ ദൈവം പ്രസ്താവിച്ചിരിക്കുന്നത് ജനങ്ങൾ മാത്രമല്ല ലുഖ്മാൻ(അ) യുക്തിജ്ഞനും ബുദ്ധിമാനുമാണെന്നു പറഞ്ഞത്, സർവ്വശക്തനായ ദൈവവും സ്വയംതന്നെ അദ്ദേഹത്തിനു ദീർഘദർശിത്വം നൽകുകയും അദ്ദേഹത്തെ ബുദ്ധിമാനാക്കുകയും ചെയ്തു. ആരാണ് അനുധാവനം ചെയ്യപ്പെടാൻ അർഹരെന്നു ഒരാൾ ചിന്തിച്ചുകൊണ്ടിരിക്കണം. തീർച്ചയായും അത് ബുദ്ധിമാനായ ഒരാളാണ്. എന്തെന്നാൽ, വിഡ്ഢികളും വിവേകമില്ലാത്തവരും അനുധാവനം ചെയ്യപ്പെടാൻ അർഹരല്ല.

## ശിർക്കിന്റെ പ്രത്യാഘാതങ്ങളും അവിശ്വാസവും:

ഈ സൂക്തത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് ലുഖ്മാൻ(അ) ബുദ്ധിമാനാണെന്നു ഭൗതികരും മതപരമായി വിവരമുള്ള ജനങ്ങളും ഒരുപോലെ പ്രഖ്യാപിച്ചിട്ടുണ്ട് എന്നാണ്. അതുകൊണ്ട് അങ്ങനെയുള്ള ഒരാളുടെ വാക്കുകൾ നിസ്സംശയം പ്രധാനപ്പെട്ടതായിരിക്കും. അദ്ദേഹം ബുദ്ധിമാനും സ്വാധീനവുമുള്ള ഒരാളായതിനാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചിട്ടുണ്ടായിരിക്കണം. ലുഖ്മാൻ(അ) എന്താണു പറഞ്ഞതെന്നും പിന്നീട് സൂചിപ്പിക്കുന്നതാണ്. സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത് യുക്തിജ്ഞാനത്തിന്റെ ഫലം ദൈവത്തോടു നന്ദി കാണിക്കലാണ്. അതുവഴി സർവ്വശക്തനായ അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ കൂടുതലായി നൽകുന്നു– മുമ്പേയുള്ളതിനേക്കാൾ കൂടുതൽ ധാരാളിത്വത്തോടെ നൽകുന്നു. അതിലുപരി ഒരാൾ നന്ദി കാണിക്കുകയാണെങ്കിൽ അയാൾക്ക് സ്വയം ഗുണകരമാണ്; ഒരാൾ നന്ദി പ്രകടിപ്പിക്കുമ്പോൾ അത് സർവ്വശക്തനായ ദൈവത്തെ ഒട്ടും ബാധിക്കില്ല. അത് സർവ്വശക്തനായ ദൈവത്തിന്റെ സിഫത്തുകളേയും ബാധിക്കുന്നില്ല. പകരം ഇതിൽനിന്നു പ്രയോജനമുൾക്കൊള്ളുന്ന വ്യക്തി നന്ദി പ്രകടിപ്പിക്കുന്ന വ്യക്തി മാത്രമാണ്. അങ്ങനെയാണെങ്കിലും ഒരു വ്യക്തി തന്റെ അവിശ്വാസത്തിൽ ശാഠ്യം പിടിക്കുകയാണെങ്കിൽ അവനെപ്പറ്റി സർവ്വശക്തനായ ദൈവം എന്തിനു ഗൗനിക്കണം? അയാളുടെ അവിശ്വാസം സർവ്വശക്തനായ ദൈവത്തിന് എന്തെങ്കിലും ദോഷം ചെയ്യുമോ? നേരെമറിച്ച് അയാൾ സ്വയം തനിക്ക് ദോഷം വരുത്തുകയില്ലേ. തുടരും

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin